# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂൺ 26, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--387]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 3130 മുതൽ 3265 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 3266 മുതൽ 3410 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 3411 മുതൽ 3494 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 3495 മുതൽ 3516 വരെ |

**<u>മഞ്ചേശ്വരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>**

3130 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ (റോഡ്, കെട്ടിടം) വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഏത് ഘട്ടങ്ങളിലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ?

**<u>അഴീക്കോട് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ</u>**

3131 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. വകുപ്പിന് കീഴിൽ നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിലെ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

**<u>പുനലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് പദ്ധതികളുടെ വിശദാംശങ്ങൾ</u>**

3132 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വിവിധ വിഭാഗങ്ങളുടെ കീഴിൽ കഴിഞ്ഞ സർക്കാരുകളുടെ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിനു മുമ്പ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തികളുടെ/ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;അനുവദിച്ച പ്രവൃത്തികളിൽ/ പദ്ധതികളിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളുടെ കീഴിൽ പുനലൂർ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക, പൊതുമരാമത്ത് വിഭാഗം, പദ്ധതി നിർവഹണ ഏജൻസി എന്നീ വിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശവും നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ;

(ഇ) നിലവിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ ആകുമെന്ന് വിശദമാക്കാമോ;

(എഫ്) പൊതുമരാമത്ത് വകുപ്പ് മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

## മങ്കട മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ

3133 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയ പാതകൾ എന്നീ വിഭാഗങ്ങളിലായി പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കി വരുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലത്തെ സ്ഥിതി അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും ഭരണാനുമതി, സാങ്കേതിക അനുമതി, ടെണ്ടർ ചെയ്ത തീയതി, കരാർ നൽകിയ തീയതി, പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) മങ്കട മണ്ഡലത്തിൽ നാളിതുവരെ ഭരണാനുമതി ലഭിക്കാത്തതും എന്നാൽ അടിയന്തരമായി നടപ്പിലാക്കേണ്ടതുമായ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, ദേശീയ പാതകൾ എന്നീ വിഭാഗങ്ങളിലുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

## നാദാപുരം മണ്ഡലത്തിലെ കല്ലാച്ചി ടൗൺ നവീകരണം

3134 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കല്ലാച്ചി ടൗണിൽ വർഷകാലത്ത് വെള്ളം കയറി വാഹന ഗതാഗതം തടസ്സപ്പെടുന്ന സാഹചര്യത്തിൽ ടൗൺ നവീകരണത്തിന് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ 3 കോടി രൂപയുടെ നിർവഹണ

പ്രവൃത്തികളുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര ശതമാനം ഭൂമി ലഭ്യമാക്കി എന്ന് പറയാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ നിലവിലുള്ള തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ; പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികൾ

3135 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ;

(സി) നബാർഡ് ഫണ്ടിൽ ആലപ്പുഴ മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തി പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## അതിഥി മന്ദിരത്തിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്

3136 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിന്റെ ആലപ്പുഴ അതിഥി മന്ദിരത്തിൽ നിലവിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മന്ദിരത്തിൽ എത്ര മുറികൾ വീതം ഉണ്ടെന്നും ഓരോ മുറികളിലും ടെലിവിഷൻ, ഇന്റർനെറ്റ്, എ.സി. എന്നിവ ഉറപ്പു വരുത്തിയിട്ടുണ്ടോ എന്നും വിശദമാക്കാമോ?

## ഡ്രെയിനേജ് നിർമ്മാണം

3137 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ ഒട്ടുമ്മൽ ഡ്രെയിനേജ്, തിരൂർ കടലുണ്ടി റോഡിൽ പൂരപ്പുഴ ചിറമംഗലം ഡ്രെയിനേജ്, ചെട്ടിപ്പടി കുപ്പിവളവ് ഡ്രെയിനേജ്, വെന്നിയൂർ താനൂർ റോഡിൽ കൊടക്കല്ല് ഡ്രെയിനേജ്, തൃക്കുളം തെയ്യാല റോഡിൽ കൊടിഞ്ഞി സെൻട്രൽ ബസാർ ഡ്രെയിനേജ് എന്നീ പ്രവൃത്തികൾക്ക് നിർമ്മാണ അനുമതി നൽകുന്നതിന്റെ നടപടികൾ എന്തെല്ലാമായി എന്ന് വിശദമാക്കാമോ;

(ബി) ഒട്ടുമ്മൽ ഡ്രെയിനേജ് തകർന്നതിനാൽ റോഡ് വശത്തുള്ള പ്രദേശത്തെ പള്ളിയിൽ വിശ്വാസികൾക്ക് പ്രവേശിക്കുന്നതിന് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഒട്ടുമ്മൽ ഡ്രെയിനേജിനും പുരപ്പുഴ ഡ്രെയിനേജിനും നിർമ്മാണ അനുമതി ലഭ്യമാക്കാത്തതിനാലുള്ള നാട്ടുകാരുടെ പ്രതിഷേധം ശ്രദ്ധയിൽവന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഒട്ടുമൽ ഡ്രെയിനേജിനും ചിറമംഗലം ഡ്രെയിനേജിനും നിർമ്മാണ അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ?

## വെഞ്ഞാറമൂട് ഇന്നർ റിംഗ് റോഡ്

3138 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നെല്ലനാട് ഗ്രാപഞ്ചായത്തിൽ ഉൾപ്പെടുന്ന വെഞ്ഞാറമൂട് ഇന്നർ റിംഗ് റോഡിന്റെ സ്ഥലമേറ്റെടുപ്പ് പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ;

(ബി) എങ്കിൽ ഏറ്റെടുത്ത സ്ഥലത്തിന്റെ വിവരങ്ങളും ഓരോ ഭൂവുടമകൾക്ക് നൽകിയ തുകയും അവരുടെ പേരും വിലാസവും സഹിതം വിശദമാക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

## നെല്ലിയാമ്പതി റോഡ് പുനർനിർമ്മാണം

3139 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന നെല്ലിയാമ്പതി റോഡ് പുനർനിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ ടെൻഡർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി നിലവിൽ പൂർത്തീകരിച്ചിട്ടുള്ള നപടികൾ വിശദമാക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

3140 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ നാളിതുവരെ കുറ്റ്യാടി മണ്ഡലത്തിലെ എത്ര റോഡുകൾ ബി.എം & ബി.സി. നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്; റോഡിന്റെ നീളം, പേര്, അനുവദിച്ച തുക എന്നിവ സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിലവാരത്തിലേക്ക് ഉയർത്താൻ ഇനി എത്ര റോഡുകൾ ശേഷിക്കുന്നുണ്ടെന്ന് റോഡിന്റെ പേര്, നീളം എന്നിവ സഹിതം വ്യക്തമാക്കാമോ?

## കെ.എസ്.ടി.പി മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിൻറെ നിർമ്മാണം

3141 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മൂക്കന്നൂർ-ഏഴാറ്റുമുഖം-ബ്ലാച്ചിപ്പാറ-പാലിശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത റോഡ് നിർമ്മാണം നിലവിൽ എത്ര ശതമാനം പൂർത്തിയായെന്നും പ്രവൃത്തി സംബന്ധിച്ച് ലഭിച്ച പരാതികളിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് നാളിതുവരെയായി എത്ര രൂപയാണ് നൽകിയതെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ; കെ.എസ്.ടി.പി നിർമ്മാണം നടത്തുന്ന പ്രവൃത്തിയുടെ പുരോഗതിയും റോഡുകളുടെ പ്രശ്നങ്ങളും വിലയിരുത്തുന്നതിനും പരിശോധന നടത്തുന്നതിനും ചുമതലപ്പെടുത്തിയതിൻ പ്രകാരം പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി പ്രസ്തുത റോഡ് നിർമ്മാണം സംബന്ധിച്ച പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതിയും മറ്റ് പരാതികളും പരിശോധിക്കുന്നതിന് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## വാമനപുരം മണ്ഡലത്തിലെ റോഡുകൾ

3142 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ആകെ നീളം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡുകളിൽ ബി.എം & ബി.സി. നിലവാരത്തിൽ നിർമ്മാണം പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയാണെന്നും അവയുടെ ദൈർഘ്യം എത്രയാണെന്നും ഓരോന്നിനും ചെലവാക്കിയ തുക എത്രയെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിലവാരത്തിൽ നവീകരിക്കുന്നതിന് അനുമതി ലഭിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ റോഡുകൾ ഏതൊക്കെയാണെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ സേത്തുമട-പറമ്പിക്കുളം റോഡ് പ്രവൃത്തി

3143 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ സേത്തുമട-പറമ്പിക്കുളം റോഡ് പ്രവൃത്തി പാതിവഴിയിൽ മുടങ്ങികിടക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തി തടസ്സപ്പെടുവാനുള്ള കാരണം വിശദമാക്കാമോ;

(സി) നിലവിലുള്ള തടസ്സങ്ങൾ നീക്കി പ്രസ്തുത റോഡ് പ്രവൃത്തി എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

## തൃപ്പൂണിത്തുറ ബൈപ്പാസിന് സ്ഥലം ഏറ്റെടുക്കൽ

3144 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യം ദേശീയപാത നിർമ്മാണത്തിനായും തുടർന്ന് തൃപ്പൂണിത്തറ ബൈപ്പാസിനായും മറ്റകുഴി മുതൽ തിരുവാങ്കുളം വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) തൃപ്പൂണിത്തറ ബൈപ്പാസ് നിർമ്മാണത്തിനായി ദേശീയപാത അതോറിറ്റിയോട് ഭൂമി ഏറ്റെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് നൽകിയ മറുപടി എന്താണെന്ന് വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കാത്തത് മൂലം പതിറ്റാണ്ടുകളായി ഭൂവുടമകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## റോഡ് നാമകരണത്തിനുള്ള നടപടി

3145 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ തലയോലപ്പറമ്പിൽ നിന്നും കുത്താട്ടുകുളത്തിനുപോകുന്ന റോഡിന്റെ മുത്തോലിപുരം മൃഗാശുപത്രി ജംഗ്ഷനിൽ നിന്നും 2.2 കിലോമീറ്റർ ദൂരത്തിൽ ആച്ചിക്കൽ ഭാഗത്ത് ഉദയഗിരി പള്ളിക്ക സമീപം എം.സി. റോഡിലേക്ക് ചേരുന്ന പി.ഡബ്ല്യൂ.ഡി. റോഡിന് മാർ ജോസഫ് പള്ളിക്കാപറമ്പിൽ റോഡ് എന്ന് നാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ് വിഭാഗം) സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ട് ചീഫ് എഞ്ചിനീയർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണത്തിലെ കാലതാമസം

3146 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം നീണ്ടുപോകുന്നത് കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) 2024 മാർച്ചിൽ പ്രസ്തുത നിർമ്മാണപ്രവൃത്തി പൂർത്തിയാക്കണം എന്ന നിബന്ധന കരാർ കമ്പനിക്ക് ഇളവ് ചെയ്തുനൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണപ്രവൃത്തി 2024 മെയ് 15 നുള്ളിൽ പൂർത്തീകരിക്കും എന്ന ഉറപ്പ് പാലിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

## കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസ് അലൈൻമെന്റ്

3147 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് എഞ്ചിനീയർ നിരത്ത് വിഭാഗം ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമായ വടക്കുംകൂർ ബൈപ്പാസിന്റെ പുതിയ അലൈൻമെന്റ് തയ്യാറാക്കുന്നതിനുള്ള പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസിന് 2009-ൽ ഭരണാനുമതി നൽകിയ ശേഷം നിരവധി തവണ ഷെഡ്യൂൾ നിരക്ക് വ്യത്യാസം വരുകയും സ്ഥലത്തിന്റെ വിലയിൽ ഗണ്യമായ മാറ്റം ഉണ്ടാവുകയും ചെയ്തിട്ടുള്ളതിനാൽ അത് കൂടി കണക്കിലെടുത്ത് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ അലൈൻമെന്റ് പ്രകാരം കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസ് പദ്ധതി കടുത്തുരുത്തി ടൗൺ കണക്റ്റിംഗ് റോഡ് വികസന പദ്ധതി എന്ന് പേര് മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) നിർദ്ദിഷ്ട കടുത്തുരുത്തി വടക്കംകൂർ ബൈപ്പാസിന്റെ അലൈൻമെന്റ് പുതുക്കി ഉത്തരവിറക്കുന്നത് സംബന്ധിച്ച് 05.09.2023 ൽ ചീഫ് എഞ്ചിനീയർക്ക് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ റോഡ് നിർമ്മാണം

3148 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ തോട്ടശ്ശേരിയറ - ഇല്ലത്തുമാട് - പാത്തിക്കുഴി റോഡ് നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കിഫ്ബിയുടെ അംഗീകാരം ലഭിച്ച് വർഷങ്ങൾ കഴിഞ്ഞും പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണമായി ചൂണ്ടികാട്ടുന്ന സ്റ്റാൻഡേർഡ് വിഡ്ത്തിന്റെ കുറവ് പരിഹരിക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) കിഫ്ബിയുടെ തന്നെ എഫ്.ഡി.ആർ. പദ്ധതി പ്രകാരം പ്രസ്തുത റോഡ് നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സമർപ്പിച്ച

നിവേദനത്തിൽ മേൽ കെ.ആർ.എഫ്.ബി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണം ആരംഭിക്കുവാൻ വേണ്ട തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പൗഡിക്കോണം-മണ്ണന്തല റോഡ് വികസനം

3149 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗഡിക്കോണം-മണ്ണന്തല റോഡ് വികസനപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡ് നവീകരണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഏറ്റെടുക്കുന്ന ഭൂമിയിൽ കെട്ടിടങ്ങളുടെ വാല്യേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

## പൊതുമരാമത്ത് റോഡുകളിൽ ഭരണാനുമതി ലഭിച്ച മെയിന്റനൻസ് പ്രവൃത്തികൾ

3150 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഭരണാനുമതി ലഭിച്ച മെയിന്റനൻസ് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

## വള്ളിത്തോട്- മണത്തണ മലയോര ഹൈവേ പുനർ നിർമ്മാണം

3151 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിത്തോട്-മണത്തണ മലയോര ഹൈവേ പുനർ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത റോഡിലെ പാലങ്ങൾ പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത റോഡ് നിർമ്മാണത്തിലെ കാലതാമസം മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണം

3152 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മലയോര ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കുമോ;

(ബി) നിരന്തരമായി ഇടപെടലുകൾ നടത്തിയിട്ടും 12 മീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമാകുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലഭ്യമായ വീതിയിൽ മലയോര ഹൈവേയുടെ നിർമ്മാണം നടത്തുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**തൊടുപുഴ റിവർവ്യൂ റോഡ് നിർമ്മാണം**

3153 **ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ റിവർവ്യൂ റോഡ് (വെങ്ങല്ലൂർ-പാപ്പൂട്ടിഹാൾ) വികസനത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി ഏതുഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡിന്റെ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

**ഹിൽ ഹൈവേയുടെ പ്രവർത്തന പുരോഗതി**

3154 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാതൃക പദ്ധതികളിലൊന്നായ ഹിൽ ഹൈവേയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹിൽ ഹൈവേയുടെ പ്രവൃത്തി പൂർത്തീകരണത്തിൽ നിലവിൽ ആവശ്യത്തിന് വീതി ലഭിക്കാത്ത പ്രദേശങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(സി) ഹിൽ ഹൈവേ യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ ഗതാഗത മേഖലയിലും വ്യവസായിക, ടൂറിസം മേഖലകളിലും ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

**ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത**

3155 **ശ്രീ. ലിന്റോ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ ടെൻഡർ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കീഴാറ്റൂർ ബൈപ്പാസിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ്**

3156 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് കീഴാറ്റൂർ ബൈപ്പാസിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് സംബന്ധിച്ച ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിലെ തീരദേശ ഹൈവേ നിർമ്മാണം**

3157 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) സാമൂഹ്യാഘാത പഠനം പൂർത്തിയായോ; എങ്കിൽ ഇത് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വൈപ്പിൻ മണ്ഡലത്തിലെ എത്ര ഭൂമിയാണ് തീരദേശ ഹൈവേയ്ക്കായി ഏറ്റെടുക്കുന്നതെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ഡി) ഭൂമിയും വീടും നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>കുളങ്ങരത്ത്-നമ്പ്യാത്താൻ കുണ്ട് റോഡിന്റെ നിർമ്മാണ പുരോഗതി</u>

3158 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേനെയുള്ള കുളങ്ങരത്ത്-നമ്പ്യാത്താൻ കുണ്ട് റോഡ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്താമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി വൈകുന്നതിനാൽ ജനങ്ങൾ നേരിടുന്ന പ്രയാസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ആദിക്കാട്ടുകുളങ്ങര-കുടശ്ശനാട് റോഡിന്റെയും ചങ്ങൻകുളങ്ങര-വാല്യകുറ്റി റോഡിന്റെയും പുനരുദ്ധാരണം</u>

3159 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആദിക്കാട്ടുകുളങ്ങര-കുടശ്ശനാട് റോഡിന്റെയും ചങ്ങൻകുളങ്ങര-വാല്യകുറ്റി റോഡിന്റെയും പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>കവിയൂർ-ചങ്ങനാശ്ശേരി റോഡ് നിർമ്മാണം</u>

3160 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കവിയൂർ-ചങ്ങനാശ്ശേരി റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ സർക്കാർ മൊബൈൽ ആപ്പ്</u>

3161 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതി അറിയിക്കാൻ മൊബൈൽ ആപ്പ് നിർമ്മിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ആപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ആപ്പിന്റെ പ്രവർത്തനം നിലച്ചു എന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പ്രവർത്തനരഹിതമായതിന്റെ കാരണം വിശദമാക്കുമോ?

**<u>മലമ്പുഴ മണ്ഡലത്തിലെ ആണ്ടിമഠം-കടുക്കാംകുന്ന് റോഡ്</u>**

3162 **ശ്രീ. എ. പ്രഭാകരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 3 കോടി രൂപ വകയിരുത്തി നടപ്പിലാക്കുന്ന മലമ്പുഴ മണ്ഡലത്തിലെ ആണ്ടിമഠം-കടുക്കാംകുന്ന് റോഡ് നവീകരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം പണികൾ പൂർത്തിയായിയെന്നും ഈ പ്രവൃത്തി എന്നത്തേക്ക് പൂർണ്ണമായും പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

**<u>റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ</u>**

3163 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം റോഡുകളിൽ കുഴികൾ രൂപപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) റോഡ് നിർമ്മാണത്തിൽ ആവശ്യമായ അളവിൽ ടാർ ഉപയോഗിക്കാത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ഡി) റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും നിയന്ത്രിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>റോഡുകളിലെ മഴക്കാലപൂർവ്വ ശുചീകരണം</u>**

3164 **ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പ്രധാന റോഡുകളിലെ ഓടകൾ വൃത്തിയാക്കുന്ന ചുമതല പൊതുമരാമത്ത് വകുപ്പിനാണോ ;

(ബി) ഓടകൾ വൃത്തിയാക്കുന്ന കാര്യത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഇടപെടൽ ഫലപ്രദമായിരുന്നില്ലെന്നും മഴക്കാലത്തിനു മുൻപായി ഇവ പൂർത്തീകരിക്കാൻ വകുപ്പിന് കഴിഞ്ഞിട്ടില്ലെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മഴക്കാലപൂർവ്വ ശുചീകരണങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് സാധാരണയായി പൊതുമരാമത്ത് വകുപ്പ് നിർവഹിക്കാറുള്ളത്;

(ഡി) നാഷണൽ ഹൈവേ നിർമ്മാണത്തിന്റെ ഭാഗമായുള്ള ഓടകളുടെ നിർമ്മാണം അശാസ്ത്രീയമാണെന്നും ഇതുമൂലം മഴക്കാലത്ത് പല മേഖലകളിലും വെള്ളക്കെട്ടുകൾ രൂപപ്പെടുന്നതായും ഉള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ?

## വിവിധ റോഡുകളുടെ നവീകരണം

3165 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി താലൂക്ക് ആസ്ഥാനവുമായി വിവിധ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മാടത്തിൽ-എടൂർ-കീഴ്പ്പള്ളി-ആറളം ഫാം -കാക്കയങ്ങാട്, ഇരിട്ടി-ഉളിക്കൽ-മാട്ടറ എന്നീ റോഡുകൾ നവീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

## മലമ്പുഴ മണ്ഡലത്തിലെ മുട്ടിക്കുളങ്ങര-കമ്പ-കിണാവല്ലൂർ റോഡ് പ്രവൃത്തി

3166 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2023-24 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നാല് കോടി രൂപ വകയിരുത്തി നടപ്പിലാക്കുന്ന മുട്ടിക്കുളങ്ങര-കമ്പ-കിണാവല്ലൂർ റോഡ് നവീകരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ എത്ര ശതമാനം ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

## അമല സമാന്തര ROB-യ്ക്കു വേണ്ടി സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച്

3167 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് പഞ്ചായത്തിലെ അമല റെയിൽവെ മേൽ പാലത്തിന് സമാന്തരമായി പുതുതായി നിർമ്മിക്കുന്ന അമല സമാന്തര ROB-യ്ക്കു വേണ്ടി സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പൊന്നരുക്കിപ്പാറ-കാരക്കുണ്ട്-മറ്റംതട്ട് റോഡിന്റെ നിർമ്മാണ പുരോഗതി

3168 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (സി.ആർ..ഐ.എഫ്.) ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി, തളിപ്പറമ്പ് മണ്ഡലത്തിലൂടെ കടന്നു പോകുന്ന പൊന്നുരുക്കിപ്പാറ-കാരക്കുണ്ട്-മഠംതട്ട് റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

## <u>പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ</u>

3169 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഗ്രാമപഞ്ചായത്തുകളുടെ ഉടമസ്ഥതയുള്ള റോഡുകളുടെ ഒറ്റത്തവണ നവീകരണത്തിന് പണം അനുവദിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ?

## <u>വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡ്</u>

3170 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ വൈപ്പിൻ പള്ളിപ്പുറം പാരലൽ റോഡിലെ ചെയിനേജ് 0 മുതൽ 11 വരെയുള്ള പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് എന്നാണെന്നും തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ എടവനക്കാട് ഗ്രാമപഞ്ചായത്തിലെ അണിയിൽ, പഴങ്ങനാട് പ്രദേശങ്ങൾ ഉൾപ്പെടുന്ന രണ്ടര കിലോ മീറ്റർ ദൂരം റോഡ് നിർമ്മാണം അസാധ്യമാണെന്ന റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കുമോ?

## <u>കണ്ണൂർ വിമാനത്താവളം-മാനന്തവാടി റോഡ്</u>

3171 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം-മാനന്തവാടി റോഡിന്റെ അലൈൻമെന്റ് പൂർണമായും നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത അലൈൻമെന്റ് സംബന്ധിച്ച് ലഭിച്ച പരാതികൾക്ക് പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇല്ലെങ്കിൽ സ്ഥലമെടുപ്പ് നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

**മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ബസാർ റോഡ് ബി. സി. ഓവർലേ പ്രവൃത്തി**

3172 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 21.03.2023 ലെ സ.ഉ.(ആർ.ടി.) നം. 332/2023/പൊ.മ.വ. പ്രകാരം എൺപത് ലക്ഷം രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ബസാർ റോഡ് ബി.സി. ഓവർലേയും ഡ്രെയിനേജ് സംവിധാനവും എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് നടപടി**

3173 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികൾക്കായി എടുക്കുന്ന കുഴികളിൽ വീണ് ആളുകൾക്ക് അപകടങ്ങളുണ്ടാകുന്നത് വിശദപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ മേൽനോട്ട സംവിധാനങ്ങളുടെ നിരുത്തരവാദിത്തവും അനാസ്ഥയും കൊണ്ടാണ് ഇത്തരം അപകടങ്ങൾ ഉണ്ടാകുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരത്തും എടത്വയിലുമടക്കം പല സ്ഥലങ്ങളിലും നിരവധിപേർ റോഡുകളിലെ കുഴികളിൽ വീണ് മരണമടഞ്ഞ സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

**കുന്നംകാട് റോഡ്-കൊന്നക്കൽ കടവ് റോഡ്**

3174 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കിഴക്കഞ്ചേരി പഞ്ചായത്തിലെ നബാർഡ്-ആർ.ഐ.ഡി.എഫ്. XXIX പദ്ധതിയിൽ നിർമ്മാണത്തിലുള്ള കുന്നംകാട് റോഡ്-കൊന്നക്കൽ കടവ് റോഡ് (0/000-6/000) പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**മാവൂർ എൻ.ഐ.ടി.- കൊടുവള്ളി റോഡിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി**

3175 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണാനുമതി ലഭിച്ചിട്ടുള്ള മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) 90% ഭൂമി മുൻകൂർ ലഭ്യമായ സാഹചര്യത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് കെ.ആർ.എഫ്.ബി.ക്ക് തടസ്സമായി നിൽക്കുന്ന വിഷയം എന്താണെന്ന് വിശദമാക്കാമോ;

(സി) കെ.ആർ.എഫ്.ബി.ക്ക് കൈമാറിയ പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**തൊടുപുഴ മാരിയിൽക്കലുങ്ക് പാലം അപ്രോച്ച് റോഡ്**

3176 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മാരിയിൽ കലുങ്ക് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകുന്ന നടപടി ഏതു ഘട്ടംവരെയായി;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ദൈർഘ്യം**

3177 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ ആകെ ദൈർഘ്യമെത്രയെന്നറിയിക്കാമോ; ഓരോ റോഡിന്റെയും പേരു വിവരവും അവയുടെ ദൈർഘ്യവും പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ആകെയുള്ള ബിഎം&ബിസി റോഡുകളുടെ ദൈർഘ്യം എത്രയാണ്; ഇനി ബി.എം.& ബി.സി ചെയ്യാനുള്ള റോഡുകൾ എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ?

**ചവറ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നവീകരണം**

3178 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണത്തിനായി ഫണ്ടുകൾ അനുവദിച്ച് ഉത്തരവായിട്ടും പണികൾ ആരംഭിക്കാൻ കഴിയാത്ത റോഡുകൾ ഏതൊക്കെ ആണെന്നും എത്ര തുകയാണ് നവീകരണത്തിന് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത പ്രവൃത്തികൾ ഇതുവരെയും ആരംഭിയ്ക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ?

**കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയുള്ള റോഡ് ബി.എം.ബി.സി.യാക്കുന്ന പ്രവൃത്തി**

3179 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ കാഞ്ഞാണി മുതൽ ചീരോത്ത് പടി വരെയുള്ള റോഡ് ബി.എം.ബി.സി.യാക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത റോഡിൽ കുഴികൾ രൂപപ്പെടുകയും വെള്ളം കെട്ടി നിന്ന് അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## വാണിയംകുളം- വല്ലപ്പുഴ പൊതുമരാമത്ത് റോഡിന്റെ പനയൂർ ഭാഗത്ത് റോഡിന്റെ പാർശ്വഭിത്തി തകർന്നത്

3180 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ വാണിയംകുളം-വല്ലപ്പുഴ പൊതുമരാമത്ത് റോഡിന്റെ പനയൂർ ഭാഗത്ത് റോഡിന്റെ പാർശ്വഭിത്തി തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പുനർനിർമ്മിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാകുമെന്നും വിശദമാക്കാമോ?

## പൂഴിത്തോട് പടിഞ്ഞാറത്തറ റോഡ് നിർമ്മാണം

3181 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന പൂഴിത്തോട് പടിഞ്ഞാറത്തറ റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച പ്രാരംഭ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ്

3182 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-കുണ്ടന്നൂർ ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കൽ ഏത് ഘട്ടം വരെയായിയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിവിലയുടെ 25% സംസ്ഥാനം വഹിക്കണമെന്ന നിബന്ധന കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലെ നിർമ്മാണ സാമഗ്രികളുടേയും മണ്ണിന്റെയും ജി.എസ്.റ്റി. വിഹിതവും റോയൽറ്റിയും കേന്ദ്ര സർക്കാർ ഒഴിവാക്കി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പുത്തൂർ-ചെനക്കൽ ബൈപ്പാസ് (മൂന്നാം ഘട്ടം) റോഡ് നിർമ്മാണം

3183 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനായി നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ദേശീയപാത നാലുവരിയാക്കാൻ നടപടി

3184 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ആറ്റിങ്ങൽ ബൈപ്പാസ് ആരംഭിക്കുന്ന മാമം മുതൽ മണമ്പൂർ ആഴാംകോണം വരെയുള്ള നിലവിലെ ദേശീയപാത നാല് വരിയാക്കി വികസിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## കൊടുവള്ളിയിൽ ഫ്ലൈ ഓവർ പ്രവൃത്തി

3185 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 766-ൽ കൊടുവള്ളിയിൽ നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ച ഫ്ലൈ ഓവർ പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കാമോ?

## കുറവിലങ്ങാട് ബൈപ്പാസ് നിർമ്മാണം

3186 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവൃത്തികൾക്കായി നിലവിൽ 349 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലുള്ളതിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായുള്ള വിശദമായ ഡി.പി.ആർ. റോഡ്സ് വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനുള്ള കാലതാമസം എന്താണെന്ന് വിശദീകരിക്കാമോ; ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ?

## അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

3187 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയത്; എത്ര രൂപയാണ് ഇതിന്

ബജറ്റ് വിഹിതം ഉണ്ടായിരുന്നത്; എന്തൊക്കെ സൗകര്യങ്ങളാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിൽ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

## കിനാനൂർ കരിന്തളം ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം

3188 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ -കരിന്തളം ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിലെ കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച ഏതെങ്കിലും പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിന്റെ ഭാഗമായി പ്രവൃത്തിയുടെ പേര് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ്

3189 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സിന്റെ നിർമ്മാണ പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മിനി സിവിൽ സ്റ്റേഷൻ അനക്സിന്റെ ഡിസൈൻ തയ്യാറായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കടുത്തുരുത്തി ബസ്ബേ ടെർമിനൽ നിർമ്മാണം

3190 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ്ബേ ടെർമിനൽ നിർമ്മിക്കുന്നതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി റിക്വിസിഷൻ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത റിക്വിസിഷൻ നൽകേണ്ടത് ആരാണെന്ന് വിശദീകരിക്കാമോ; ഇതിന് ഉണ്ടായിരിക്കുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് സ്ഥലമേറ്റെടുപ്പിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സി.ഇ./ആർ.ഡി./2073/2018 നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ

പക്കലാണെന്ന് വ്യക്തമാക്കാമോ?

**തളിപ്പറമ്പ് കില കാമ്പസിന്റെ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണം**

3191 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് കില കാമ്പസിലെ ഹോസ്റ്റൽ ബ്ലോക്ക് നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ നിർമ്മാണം**

3192 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ കുളത്തോട്ട് മലയിൽ നിർമ്മിക്കുന്ന പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ സ്ഥിതി വിശദമാക്കാമോ; പദ്ധതി അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**സി.എച്ച്.സി. കെട്ടിടം പണിയാൻ നടപടി**

3193 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ തൃപ്രങ്ങോട് സി.എച്ച്.സി. കെട്ടിടം പണിയുന്നതിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിരുന്നത്;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ**

3194 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 ലെ ബജറ്റിൽ തുക വകയിരുത്തിയ കുമാരപുരം കുടുംബാരോഗ്യ കേന്ദ്രം, മുടിക്കൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നിവയുടെ കെട്ടിടനിർമ്മാണ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സംബന്ധിച്ച് ഡിസൈൻ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിയിട്ടുണ്ടോയെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**പുതിയ ഇരിക്കൂർ പാലം നിർമ്മാണം**

3195 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ, ഇരിക്കൂർ നിയോജക മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഇരിക്കൂർ പാലത്തിന്റെ ബലക്ഷയംമൂലം പുതിയ പാലം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) പുതിയ പാലത്തിന്റെ നിലവിലെ പ്രവൃത്തിപുരോഗതി വ്യക്തമാക്കാമോ?

## പൊന്നാനി അഴിമുഖത്തിനുകുറുകെയുള്ള കേബിൾ സ്റ്റേയ്ഡ് സസ്പെൻഷൻ ബ്രിഡ്ജിന്റെ നിർമ്മാണം

3196 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ, പൊന്നാനി താലൂക്കുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പൊന്നാനി അഴിമുഖത്തിനുകുറുകെയുള്ള കേബിൾ സ്റ്റേയ്ഡ് സസ്പെൻഷൻ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ ഏതുവരെയായിയെന്നും എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് പാലം നിർമ്മാണം

3197 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് പാലം നിർമ്മാണത്തിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള ഭൂമിയുടെ അനുമതി ഉന്നതവിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണപ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## മേൽപ്പാലങ്ങളുടെ നിർമ്മാണ പുരോഗതി

3198 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ മാമ്പ്രകുന്നേൽ റയിൽവേ മേൽപ്പാലം, കായംകുളം-തിരുവല്ല റോഡിലെ കാക്കനാട് മേൽപ്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## ചവറ നിയോജക മണ്ഡലത്തിലെ കാടൻമൂല-കൊച്ചുതുരുത്ത് പാലം നിർമ്മാണം

3199 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിലെ കാടൻമൂല-കൊച്ചുതുരുത്ത് പാലം നിർമ്മാണത്തിന് സാങ്കേതിക അനുമതി ലഭിച്ച് മാസങ്ങളായിട്ടും ടെൻഡർ ചെയ്യാത്തത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാലം നിർമ്മാണപ്രവൃത്തി ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മേലുകാവ് ഗ്രാമപഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം

3200 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അഞ്ച് കോടി രൂപ അനുവദിച്ച മേലുകാവ് ഗ്രാമപഞ്ചായത്തിലെ കുരിശ്ശിങ്കൽ പാലം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

## വാമനപുരം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

3201 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി ചെലവാക്കിയ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ബലക്ഷയമുള്ളതോ പുതുക്കിപണിയേണ്ടതോ ആയ പാലങ്ങൾ മണ്ഡലത്തിലുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ പാങ്ങോട് പഞ്ചായത്തിലെ ജവഹർകോളനി പാലം, വെള്ളയംദേശം പാലം, പുല്ലമ്പാറ പഞ്ചായത്തിലെ നീറമൺകടവ് പാലം എന്നിവ നിർമ്മിക്കാൻ തയ്യാറാക്കിയ ഡി.പി.ആറിന്റെയും എസ്റ്റിമേറ്റിന്റേയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## തിരുവല്ല നിയോജകമണ്ഡലത്തിലെ പാറക്കടവ് പാലം

3202 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടുള്ള തിരുവല്ല നിയോജകമണ്ഡലത്തിലെ പാറക്കടവ് പാലത്തിന്റെ നിർമ്മാണം തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ ?

## പാലങ്ങളുടെ വികസനത്തിൽ വന്ന മാറ്റങ്ങൾ

3203 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 ന് ശേഷം പാലങ്ങളുടെ വികസനത്തിൽ വന്ന മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ വന്ന ശേഷം എത്ര പാലങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; പാലം നിർമ്മാണ രംഗത്ത് ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ;

(സി) നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന പാലങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പാലങ്ങളുടെ നിർമ്മാണത്തിലും സൗന്ദര്യവത്കരണത്തിലും സർക്കാരിന്റെ ഡിസൈൻ പോളിസി ഗുണകരമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## കുന്നംകുളം മണ്ഡലത്തിലെ ആലുക്കൽ പാലം പുനർനിർമ്മാണം

3204 **ശ്രീ. എ. സി. മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ വേലൂർ പോസ്റ്റ് ഓഫീസ്-തയ്യൂർ-എരുമപ്പെട്ടി റോഡിലെ ആലുക്കൽ പാലം പുനർനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് പുറമ്പോക്ക് ഭൂമി നിർണ്ണയിക്കേണ്ടതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പുറമ്പോക്ക് ഭൂമി നിർണ്ണയിച്ച് പാലം നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

3205 **ശ്രീമതി യു പ്രതിഭ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ മാർക്കറ്റ് പാലം, കനീസാകടവ് പാലം, കോയിക്കൽ പടിയ്ക്കൽ പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

## ഇരിക്കൂർ പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ

3206 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ,ഇരിക്കൂർ നിയോജക മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇരിക്കൂർ പാലത്തിന് പകരം പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

## കരുവാറ്റക്കടവ് പാലം നിർമ്മാണം

3207 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കരുവാറ്റക്കടവ് പാലം പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന് എത്ര മീറ്റർ അപ്രോച്ച് റോഡാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നും പാലം പ്രവൃത്തിയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

## പനയ്ക്കപാലം ജംഗ്ഷനിലെ അപകടങ്ങൾ ഒഴിവാക്കുന്നതിന് നടപടി

3208 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിലെ പനയ്ക്കപാലം ജംഗ്ഷനിൽ നിരന്തരമായി ഉണ്ടാകുന്ന അപകടവും അപകട സാധ്യതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റോഡ് ഉയർത്തി വളവ് നിവർത്തി പാലം വീതി കൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ മൂന്നാംതോട് പാലം നിർമ്മാണം

3209 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ മൂന്നാംതോട് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## തവനൂർ മണ്ഡലത്തിലെ നായർ തോട് പാലം നിർമ്മാണം

3210 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പുറത്തൂർ പഞ്ചായത്തിലെ കാവിലക്കാട് ജംഗ്ഷനിൽ നായർ തോട് പാലം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിരുന്നോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും ഇതിന്റെ പ്രവൃത്തി ഏതുവരെയായെന്നും വിശദമാക്കാമോ?

## അങ്കമാലി മണ്ഡലത്തിലെ പാലങ്ങളും കൽവർട്ടുകളും

3211 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ നാളിതുവരെയായി അങ്കമാലി മണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണത്തിനാണ് ഭരണാനുമതി

നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2016-17 മുതൽ നാളിതുവരെയായി പ്രസ്തുത മണ്ഡലത്തിലെ പാലങ്ങളുടെയും കൽവർട്ട് നിർമ്മാണങ്ങളുടെയും ഇൻവെസ്റ്റിഗേഷന് ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണത്തിന് ഭരണാനുമതി നൽകിയവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

## ചാത്തന്നൂർ ആനാഞ്ചാൽ കടവിൽ നടപ്പാലം നിർമ്മാണം

3212 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.25 കോടി രൂപ വിനിയോഗിച്ച് പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ വിഭാഗം)കൊല്ലം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ നിർവ്വഹണ ചുമതലയിൽ ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിലെ ഇത്തിക്കര ആറിലെ ആനാഞ്ചാൽ കടവിൽ നടപ്പാലം നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## പരവൂർ ഒല്ലാൽ മേൽപ്പാലം നിർമ്മാണം

3213 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ഒല്ലാൽ റെയിൽവേ ലെവൽ ക്രോസ്സിൽ മേൽപ്പാലം നിർമ്മിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. യുടെ നിർവ്വഹണ ചുമതലയിൽ നടന്നു വരുന്ന നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട ജി.എ.ഡി. ക്ക് അന്തിമാനുമതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അനുമതി ലഭിച്ചു കഴിഞ്ഞാൽ മേൽപ്പാലം നിർമ്മാണം ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കുവാനുള്ളത്; വിശദമാക്കാമോ?

## തുരുത്തിമുക്ക് പാലം നിർമ്മാണം

3214 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ്, കോഴിക്കോട് ജില്ലയിലെ നാദാപുരം എന്നീ മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന തുരുത്തിമുക്ക് പാലം പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ?

## ബ്ലാവനക്കടവ്, മണികണ്ഠൻ ചാൽ പാലങ്ങളുടെ നിർമ്മാണം

3215 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനക്കടവ്, മണികണ്ഠൻ ചാൽ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ആദിവാസി സമൂഹം ഉൾപ്പെടെ നിരവധി പേരുടെ ഏക യാത്രാമാർഗ്ഗമായ പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദമാക്കുമോ?

## സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം

3216 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് യഥാസമയം സ്ഥാനക്കയറ്റം നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നത് കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 01.06.2024 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഫസ്റ്റ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), സെക്കൻഡ് ഗ്രേഡ് ഓവർസിയർ/ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) എന്നീ തസ്തികകളിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകളിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകളുടെ എണ്ണവും ആയത് പ്രബല്യത്തിൽ വന്ന തീയതികളും അറിയിക്കാമോ; ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് പൊതുമരാമത്ത് നിരത്ത് വിഭാഗം ഓഫീസിലെ ഓഫീസ് അറ്റൻഡന്റിന്റെ സ്ഥലംമാറ്റം

3217 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം കോഴിക്കോട് ഓഫീസിൽ ജോലി ചെയ്യുന്ന ഓഫീസ് അറ്റൻഡന്റ് ശ്രീ. ഉണ്ണി.കെ. കെ (പെൻ നം.759254) എന്നയാളുടെ സ്ഥലംമാറ്റ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പ്രസ്തുത ജീവനക്കാരനെ സ്വന്തം ജില്ലയായ വയനാടിലേക്ക് സ്ഥലം മാറ്റുന്നതിന് എന്ത് തടസമാണ് നിലവിലുള്ളത്; പ്രസ്തുത ജീവനക്കാരന്റെ അപേക്ഷ ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലംമാറ്റം നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സ്ഥാനപ്പേരും ഓഫീസും വ്യക്തമാക്കാമോ?

## കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട് റോഡ് നിർമ്മാണം

3218 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കിഴക്കമ്പലം-പട്ടിമറ്റം-നെല്ലാട് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ അപ്രൂവൽ നടപടികൾക്ക്

(ഫയൽ നം. ജി2/07/2024-പി.ഡബ്ള്യൂ.ഡി.) കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാക്കി റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ മലയോര ഹൈവേ

3219 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മലയോര ഹൈവേ പദ്ധതിയ്ക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## ദേശീയപാതയുടെ ഡി.പി.ആർ. തയ്യാറാക്കിയതിലെ അപാകത

3220 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലൂടെ കടന്നുപോകുന്ന ദേശീയപാതയുടെ ഡി.പി.ആർ. തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലേക്കുള്ള വഴിയും തീരദേശ ഹൈവേ കടന്നുപോകേണ്ട വഴിയും അടഞ്ഞുപോകുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് അമ്പലപ്പുഴ എം.എൽ.എ. നൽകിയ കത്തിലെ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) തീരദേശ ഹൈവേ തോട്ടപ്പള്ളി നാഷണൽ ഹൈവേയിലേക്ക് കയറുന്നതിനും പായൽക്കുളങ്ങരയിൽ നിന്ന് തിരിച്ച് തീരദേശ ഹൈവേയിലേക്ക് പോകുന്നതിനും അണ്ടർപാസ്സ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ, പായൽക്കുളങ്ങര, അമ്പലപ്പുഴ കച്ചേരിമുക്ക് ജംഗ്ഷൻ, മെഡിക്കൽ കോളേജ് ആശുപത്രി ജംഗ്ഷൻ എന്നീ സ്ഥലങ്ങളിലെ അണ്ടർപാസ്, ഫ്ലൈ ഓവർ എന്നിവയുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## മലയോര ഹൈവേയുടെ നിർമ്മാണം

3221 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) നിർമ്മാണം പൂർത്തിയായ സ്ഥലങ്ങളിൽ അപകടങ്ങൾ വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(സി) അപകട സാധ്യത കൂടിയ മേഖലകളിലൂടെ കടന്നുപോകുന്നുവെന്നത് പരിഗണിച്ച് പ്രസ്തുത ഹൈവേ നിർമ്മാണത്തിൽ എന്തെല്ലാം പ്രത്യേക നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

## കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെയുള്ള തീരദേശ ഹൈവേ

3222 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ അലൈൻമെന്റ് നടപടികൾ പൂർത്തിയായോ; വിശദാംശം ലഭ്യമാക്കാമോ?

## കാസർകോട് ജില്ലയിലെ ദേശീയപാതാ വികസന നിർമ്മാണം

3223 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേശീയപാത വികസന നിർമ്മാണ പ്രവർത്തനം എത്ര ശതമാനം പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ ദേശീയപാത നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയ പാത വികസനത്തിനിടെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ കോടതിയിൽ എത്ര കേസുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കേസുകളിൽ തീർപ്പായതും തീർപ്പാകാത്തതുമായവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കേസുകൾ തീർപ്പാകാത്തത് കാരണം ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവർത്തനങ്ങൾ എവിടെയെല്ലാം മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിൽ നിർമ്മിച്ച അടിപ്പാതകളുടെയും സർവീസ് റോഡിന്റെയും അശാസ്ത്രീയമായ നിർമ്മാണം മൂലം ജനങ്ങൾ ദുരിതത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്ത് പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; ഇല്ലെങ്കിൽ ഇതേക്കുറിച്ച് പഠിച്ച് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താൻ സംവിധാനം ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ?

## റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി പരിശീലനം

3224 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലെ റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി പരിശീലനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പൊതുജനങ്ങൾക്ക് കൂടി സേവനം നൽകുന്ന എല്ലാ വിശ്രമകേന്ദ്രങ്ങളിലും മികവാർന്ന അമിനിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## മരാമത്ത് വർക്കിംഗ് കലണ്ടർ

3225 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരാമത്ത് പണികൾക്കായി വർക്കിംഗ് കലണ്ടർ തയ്യാറാക്കുന്ന പ്രഖ്യാപനം നാളിതുവരെ നടപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) വർക്കിംഗ് കലണ്ടർ സംബന്ധിച്ച പ്രഖ്യാപനം നടത്തിയത് എന്നാണെന്നും നാളിതുവരെ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ; സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി വർക്കിംഗ് കലണ്ടർ നടപ്പാക്കുന്നതിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് നൽകാനുള്ള തുക

3226 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് 2024 മെയ് മാസം വരെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികത്തുക എത്രയാണ് എന്നതിന്റെ വിശദാംശം നൽകുമോ;

(ബി) കുടിശ്ശികത്തുക നൽകാത്തതുമൂലം കോൺട്രാക്ടർമാർ ടെൻഡർ നടപടികളിൽ പങ്കെടുക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; പൂർത്തിയായ പ്രവൃത്തികളുടെ തുക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

## റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന അപകടകരമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ലേല നടപടിയിലെ കലതാമസം

3227 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ നിൽക്കുന്ന അപകടകരമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള ലേലനടപടികൾ എം.എസ്.ടി.സി.ലിമിറ്റഡ് (മെറ്റൽ സ്ക്രാപ്പ് ട്രേഡിങ്ങ് കോർപറേഷൻ ) വഴി നടത്തുന്നത് മൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എസ്.ടി.സി. വഴി ലേലം ചെയ്യുമ്പോൾ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് കാലതാമസം വരുന്ന സാഹചര്യത്തിൽ അടിയന്തര ഘട്ടങ്ങളിലെങ്കിലും മുൻപുണ്ടായിരുന്നതുപോലെ സൈറ്റിൽ വെച്ച് തന്നെ പരസ്യമായി ലേലം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി

3228 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറ-പാപ്പിനിശ്ശേരി കെ.എസ്.ടി. പി. റോഡിലെ പ്രവർത്തനരഹിതമായ സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ ഇ.എം.എസ്. ലൈബ്രററിയുടെ നിർമ്മാണം

3229 **ശ്രീ. ഐ. ബി. സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ആസ്ഥി വികസന ഫണ്ടും, പ്രത്യേക വികസന ഫണ്ടും ഉപയോഗിച്ച് അനുമതി ലഭിച്ച ഇ.എം.എസ്. ലൈബ്രറിയുടെ നിർമ്മാണത്തിന്റെയും കുറ്റിക്കാട് കുളം പാർക്ക് നിർമ്മാണത്തിന്റെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

3230 **ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നബാർഡ് ഫണ്ടിൽ ഉൾപ്പെടുത്തി പുതുതായി ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാവര വസ്തുക്കളുടെ പരിപാലനം

3231 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതും എന്നാൽ സംസ്ഥാനത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നതുമായ സ്ഥാവര വസ്തുക്കളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വസ്തുക്കളുടെ ഭരണവും പരിപാലനവും വകുപ്പ് നേരിട്ടാണോ നടത്തുന്നത്; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പ് നേരിട്ടല്ലാതെ മറ്റേതെങ്കിലും എജൻസികൾ വഴിയോ വ്യക്തികൾ വഴിയോ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥാവര വസ്തുക്കളുടെ മേൽനോട്ടവും ഭരണവും ഇപ്പോൾ നടത്തി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഇത്തരം സ്ഥാവര വസ്തുക്കളുടെ പരിപാലനത്തിനായി പ്രതിവർഷം ശരാശരി എത്ര തുക വകുപ്പിന് ചെലവഴിക്കേണ്ടി വരുന്നുവെന്നും ഇത്തരം സ്ഥാവര വസ്തുക്കളിൽ നിന്നും വകുപ്പിന് എത്ര തുക പ്രതിവർഷം ലഭിക്കുന്നുവെന്നും വ്യക്തമാക്കുമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

3232 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂക്കട്ട് ടൂറിസം പദ്ധതി, കൊടിഞ്ഞി ഇരുകുളം ടൂറിസം പദ്ധതി, തെന്നല പഞ്ചായത്തിലെ പെരുമ്പുഴ ടൂറിസം പദ്ധതി, പരപ്പനങ്ങാടി തീരദേശ ചാപ്പപ്പടി ടൂറിസം പദ്ധതി, പരപ്പനങ്ങാടി കെട്ടുങ്ങൽ ടൂറിസം പദ്ധതി

എന്നിവയുടെ പുരോഗതി സംബന്ധിച്ച വിശദവിവരം ഓരോന്നും ഇനം തിരിച്ച് ലഭ്യമാക്കാമോ?

**തീർത്ഥാടക ടൂറിസം പദ്ധതികൾ**

3233 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന കേന്ദ്രങ്ങളെയും സാംസ്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ച് ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര സഹായത്തോടെ കൂടുതൽ തീർത്ഥാടക ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിനോദസഞ്ചാര രംഗത്ത് ഏറെ സാദ്ധ്യതയുള്ള സ്പൈസ് റൂട്ട്, പൈതൃക ടൂറിസം എന്നിവ ബൃഹദ് പദ്ധതികളായി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ വിനോദസഞ്ചാര വ്യവസായം ചിലയിടങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നതിന് പകരം വികേന്ദ്രീകൃത രീതിയിൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**കാരവൻ ടൂറിസം**

3234 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ പ്രദേശങ്ങളുടെ സൗന്ദര്യം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച കാരവൻ ടൂറിസത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പദ്ധതിയുടെ പ്രവർത്തന പുരോഗതി ശാസ്ത്രീയമായി വിലയിരുത്തി ന്യൂനതകളുണ്ടെങ്കിൽ ആയത് പരിഹരിച്ച് കൂടുതൽ കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാരവൻ പാർക്കുകളിൽ സംരംഭകത്വം ആരംഭിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;?

**വിനോദസഞ്ചാരത്തോടൊപ്പം ഓൺലൈനായി തൊഴിൽ ചെയ്യാൻ സൗകര്യം**

3235 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലകളിലേക്ക് ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവരെ കൂടുതലായി ആകർഷിക്കുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഐ.ടി. മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് വിനോദസഞ്ചാരത്തോടൊപ്പം ഓൺലൈനായി അവരുടെ തൊഴിൽ ചെയ്യുന്നതിനും സൗകര്യപ്പെടുന്ന തരത്തിൽ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ബൈപ്പാസ് റൂട്ട് പദ്ധതി</u>

3236 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക ടൂറിസം പദ്ധതിയെ ബന്ധിപ്പിക്കുന്ന സർക്യൂട്ട് വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വിദേശ രാജ്യങ്ങളുമായി ബന്ധമുണ്ടായിരുന്ന തുറമുഖങ്ങളെ ബന്ധിപ്പിച്ച് നടപ്പിലാക്കി വരുന്ന ബൈപ്പാസ് റൂട്ട് പദ്ധതി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(സി) വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാർഥികൾക്കായി സ്റ്റുഡന്റ് ഹെറിറ്റേജ് വാക്ക് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>തീർത്ഥാടന ടൂറിസം</u>

3237 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീർത്ഥാടന ടൂറിസം വ്യാപകമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കേന്ദ്രസർക്കാരിൽ നിന്ന് സഹായം ലഭിച്ചിട്ടുണ്ടോ;

(സി) മുസ്ലിം-ക്രിസ്ത്യൻ-ഹിന്ദു തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ടൂറിസം മേഖലയിൽ വിപണന പ്രചാരണം</u>

3238 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട വിപണന പ്രചാരണങ്ങളുടെ പ്രധാന്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ കോവിഡിന് ശേഷം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കിയ പ്രചാരണങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ പ്രകൃതി സൗന്ദര്യവും സാംസ്കാരിക സമൃദ്ധിയും പ്രദർശിപ്പിക്കുന്നതിന് സോഷ്യൽ മീഡിയ, ടെലിവിഷൻ, റേഡിയോ തുടങ്ങിയ പ്ലാറ്റ്ഫോമുകളിലൂടെ എന്തെല്ലാം പ്രചാരണ പരിപാടികളാണ് നടത്തി വരുന്നത്; വിശദമാക്കാമോ;

(സി) ലോകമെമ്പാടുമുള്ള ബ്ലോഗർമാർക്ക് സംസ്ഥാനത്തെ അടുത്തറിയുവാനുള്ള സൗകര്യമൊരുക്കിക്കൊണ്ടുള്ള കാമ്പയിൻ ടൂറിസം പ്രചാരണത്തെ ത്വരിതപ്പെടുത്തി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ആഭ്യന്തര വിനോദസഞ്ചാരികൾക്ക് വിനോദസഞ്ചാര കേന്ദ്രങ്ങളെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാവുന്ന രീതിയിൽ വെർച്വൽ ട്രാവൽ ഗൈഡുകൾ പുറത്തിറക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതി</u>

3239 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. എ. രാജ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസത്തെ വിജ്ഞാനവുമായി കൂട്ടിയിണക്കുന്ന ലിറ്ററി ടൂറിസം സർക്യൂട്ട് ഒരു പദ്ധതി എന്ന നിലയിൽ രൂപപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ ഏതൊക്കെ പ്രദേശങ്ങളെയും സാഹിത്യ കൃതികളെയും സാഹിത്യകാരന്മാരെയുമാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പാരമ്പര്യ കലാരൂപങ്ങളെക്കൂടി ലിറ്ററി ടൂറിസം സർക്യൂട്ട് പദ്ധതിയുമായി ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ചരിത്രത്തിലെ പ്രധാന സംഭവങ്ങളെയും വ്യക്തികളെയും പ്രദേശങ്ങളെയും പ്രസ്തുത പദ്ധതിയുടെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## <u>വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി</u>

3240 **ശ്രീ. കെ. ജെ. മാക്സി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയിൽ സർക്കാർ നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## <u>ടൂറിസം വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾ</u>

3241 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം ടൂറിസം വകുപ്പ് മുഖേന നടപ്പാക്കുന്ന ഇരുപത് ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന വിവരം വർഷം, മണ്ഡലം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## ബീച്ച് ഇക്കോ ടൂറിസം

3242 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീച്ച് ഇക്കോ ടൂറിസം പദ്ധതിയുടെ സാധ്യതകൾ സംബന്ധിച്ച് വകുപ്പ് പഠനങ്ങളും വിലയിരുത്തലുകളും നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വനം-വന്യജീവി വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗവുമായി സഹകരിച്ച് വനത്തിന് പുറത്ത് ഇത്തരം പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് ഇത്തരം പദ്ധതികൾ ആരംഭിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ; ഏതൊക്കെ ബീച്ചുകളിലും പരിസരങ്ങളിലുമാണ് ഇക്കോ ടൂറിസം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചാണോ ഇത്തരം ബീച്ച് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## പാലാ ടൗൺ സൗന്ദര്യവല്ക്കരണ പദ്ധതി

3243 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ടൗൺ സൗന്ദര്യവല്ക്കരണ പദ്ധതിയുടെ ഭാഗമായ ഗ്രീൻ ടൂറിസം സർക്യൂട്ടിന്റെയും ലണ്ടൻ ബ്രിഡ്ജ് പ്രോജക്ടിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പുതിയ പ്രോജക്ടുകൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നെല്ലിയാമ്പതിയിലെ ടൂറിസം പദ്ധതി

3244 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ ടൂറിസം വികസനത്തിനായി അനുവദിച്ച ടൂറിസം പദ്ധതിയുടെ ടെൻഡർ നടപടിയും പ്രവൃത്തി ഉദ്ഘാടനവും കഴിഞ്ഞ് മൂന്ന് വർഷം പിന്നിട്ടിട്ടും പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ടൂറിസം വകുപ്പിന് കൈമാറി കിട്ടിയ സ്ഥലത്ത് പദ്ധതി തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ഉദുമ മണ്ഡലത്തിലെ ബാവിക്കര തടയണ ടൂറിസം പദ്ധതി

3245 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ബാവിക്കര തടയണ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) തടയണ പ്രദേശത്ത് നിർമ്മാണ പ്രവൃത്തികൾ എന്ന് മുതൽ ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## പുനലൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

3246 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽ സംസ്ഥാന ടൂറിസം വകുപ്പിൻെറ വിവിധ വിഭാഗങ്ങളുടെ കീഴിൽ മുൻ സർക്കാരിൻെറ കാലയളവിൽ അനുവദിച്ചതും എന്നാൽ 2021 മാർച്ചിനു മുമ്പ് പൂർത്തിയാക്കാൻ കഴിയാഞ്ഞതുമായ വിവിധ പ്രവൃത്തികളുടെ/ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അനുവദിച്ച പ്രവൃത്തികളിൽ/ പദ്ധതികളിൽ നടപ്പിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ സംസ്ഥാന ടൂറിസം വകുപ്പിൻെറ വിവിധ വിഭാഗങ്ങളുടെ കീഴിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും പേരും അനുവദിച്ച തുകയും ടൂറിസം വിഭാഗം, പദ്ധതി നിർവഹണ ഏജൻസി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ളവയുടെ വിശദാംശങ്ങളും നടപ്പിലുള്ളവയുടെ ഇപ്പോഴത്തെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഇ) മണ്ഡലത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തികൾ /പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

## തവനൂർ മണ്ഡലത്തിലെ സൺസെറ്റ് പാർക്ക് നിർമ്മാണം

3247 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലത്തിലെ പടിഞ്ഞാറെക്കര ടൂറിസം പ്രദേശത്ത് സൺസെറ്റ് പാർക്ക് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ച പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; എങ്കിൽ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഉദ്ദേശിക്കുന്നത്?

## ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്

3248 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനും സഹായകരമായ തുടർനടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## പുരളിമല ഹെറിറ്റേജ് ടൂറിസം പദ്ധതി

3249 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പുരളിമല ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പ്രവൃത്തിപുരോഗതി വ്യക്തമാക്കാമോ?

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

3250 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ ഏതൊക്കെ ടൂറിസം പദ്ധതികൾക്കാണ് 2021 ജൂൺ മാസം മുതൽ നാളിതുവരെയായി അംഗീകാരം നൽകിയിട്ടുള്ളതെന്ന് പദ്ധതിയുടെ നിലവിലെ സ്ഥിതി സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കുറ്റ്യാടി പൈതൃക ടൂറിസം പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം നൽകുമോ; വിശദമാക്കാമോ?

## അരൂർ മണ്ഡലത്തിലെ തുറവൂർ വേ സൈഡ് പാർക്കിന്റെ പരിപാലനം

3251 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ വേ സൈഡ് പാർക്കിന്റെ പരിപാലന ചുമതല ആർക്കാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിനോദസഞ്ചാര പദ്ധതിക്കായി ടൂറിസം വകുപ്പിന് കൈമാറി ലഭിച്ച ഭൂമിയുടെ അളവ് വ്യക്തമാക്കുമോ; പാർക്ക് നിർമ്മാണം നടക്കുമ്പോൾ പാർക്കിനോട് ചേർന്ന് എത്ര ചെറുകിട കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാർക്കിൽ കായലിനോട് ചേർന്ന് ഡി.റ്റി.പി.സി. സ്ഥാപിച്ചിരുന്ന ഫെൻസിംഗ് പല പ്രദേശങ്ങളിലും പൊളിച്ചുമാറ്റി പുതിയ കച്ചവട സ്ഥാപനങ്ങൾ ആരംഭിച്ചത് ഡി.റ്റി.പി.സി. യുടെ അനുവാദത്തോടെയാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) അല്ലെങ്കിൽ പാർക്കിലെ ഫെൻസിംഗ് അനധികൃതമായി പൊളിച്ചുമാറ്റിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പാർക്കിനോട് ചേർന്ന് നിലവിൽ പ്രവർത്തിക്കുന്ന ചെറുകിട കച്ചവട സ്ഥാപനങ്ങളുടെ എണ്ണം വ്യക്തമാക്കുമോ;

(ഇ) നട്ടുവളർത്തിയിരിക്കുന്ന പുല്ലിലൂടെയും നടപ്പാതയിലൂടെയും വാഹനങ്ങൾ ഓടിക്കുന്നതുൾപ്പെടെ പാർക്കിൽ നാശനഷ്ടങ്ങൾ വരുത്തുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(എഫ്) അരൂർ മണ്ഡലത്തിൽ ഡി.റ്റി.പി.സി. യുടെ നിയന്ത്രണത്തിലുള്ള മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## കണ്ണൂർ ജില്ലയിലെ ജലടൂറിസം സ്പോട്ടുകൾ

3252 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ജല ടൂറിസം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ജില്ലയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിലുള്ള പുതിയ ജലടൂറിസം സ്പോട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ഈ ജില്ലയിൽ വിവിധ ടൂറിസ്റ്റ് സ്പോട്ടുകളെ ബന്ധിപ്പിച്ച് ജല ടൂറിസ്റ്റ് പാതകൾ വിപുലപ്പെടുത്തുന്നതിനുള്ള സമഗ്രപദ്ധതികൾ ആലോചനയിലുണ്ടോ; വിശദമാക്കാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ മുല്ലക്കൊടി ടൂറിസം പദ്ധതി

3253 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ മുല്ലക്കൊടി ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

## മുനക്കൽ ഡോൾഫിൻ ബീച്ച് നവീകരണം

3254 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ മുനക്കൽ ഡോൾഫിൻ ബീച്ച് ആഗോളതലത്തിൽ അറിയപ്പെടുന്ന വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ബീച്ച് നവീകരണ പ്രവർത്തനങ്ങളുടെ തൽസ്ഥിതി വിവരങ്ങൾ ലഭ്യമാക്കാമോ?

## ചെറുവത്തൂർ വീരമലക്കുന്ന് - ടൂറിസം വികസന പദ്ധതി

3255 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ വീരമലക്കുന്ന് കേന്ദ്രീകരിച്ചുള്ള ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്നും കവ്വായി കായലും അനുബന്ധ ഗ്രാമങ്ങളും ഉൾപ്പെടുത്തി ടൂറിസം പദ്ധതികൾ നടപ്പിലാക്കുമോയെന്നും വ്യക്തമാക്കാമോ?

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

3256 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഏതെങ്കിലും ടൂറിസം പദ്ധതികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പദ്ധതികളുടെ പേരും പ്രതീക്ഷിക്കുന്ന ചെലവും ഇതുവരെ ചെയ്ത നടപടികളും നിലവിലെ അവസ്ഥയും വിശദമാക്കാമോ;

(ബി) 2016 ഏപ്രിൽ 1 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികളുടെയും പരിപാടികളുടെയും അവയ്ക്കായി ചെലവഴിച്ച തുകയുടെയും വിശദാംശം അറിയിക്കാമോ;

(സി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളാണ് ടൂറിസം പദ്ധതികൾക്ക് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ളതെന്നും ഓരോ പ്രദേശത്തിനും യോജിക്കുന്ന പദ്ധതികളെന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ കാരവൻ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഒരു കാരവന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും അതിന്റെ വിശദാംശങ്ങളും അറിയിക്കാമോ;

(ഇ) നിലമ്പൂരിനേയും പരിസരപ്രദേശങ്ങളിലെ ടൂറിസം കേന്ദ്രങ്ങളേയും ബന്ധിപ്പിച്ച് നിലമ്പൂർ ടൂറിസം സർക്യൂട്ട് പ്രഖ്യാപിച്ച് നിലമ്പൂർ ആസ്ഥാനമാക്കി ഏറെ സാധ്യതകളുള്ള കാരവൻ ടൂറിസം ആരംഭിക്കുമോ; വ്യക്തമാക്കാമോ?

## കടലുകാണിപ്പാറ ടൂറിസം പദ്ധതി

3257 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് ഗ്രാമ പഞ്ചായത്ത് പരിധിയിലെ കടലുകാണിപ്പാറ ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

**കാഞ്ഞങ്ങാട് മഞ്ഞംപൊതിക്കുന്ന് ടൂറിസം പദ്ധതി**

3258 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മഞ്ഞംപൊതിക്കുന്ന് ടൂറിസം പദ്ധതി ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

**ആക്കുളം ഗ്ലാസ് ബ്രിഡ്ജ് പരിപാലനം**

3259 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ഗ്ലാസ് ബ്രിഡ്ജ് സ്ഥാപിച്ചതിന് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം ഇനങ്ങളിലാണ് ചെലവഴിച്ചത്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബ്രിഡ്ജിന്റെ പരിപാലന ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പരിപാലന ചുമതല ഏൽപ്പിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ വിഷയം സംബന്ധിച്ച കരാറിന്റെ വിശദാംശം നൽകുമോ?

**ജലടൂറിസം പദ്ധതികൾ**

3260 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ബോട്ടിംഗ് സ്പോട്ടുകൾ ഉണ്ടോ; എങ്കിൽ അവ എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) ജലഗതാഗതവും ടൂറിസം വകുപ്പുമായി ചേർന്ന് ജലടൂറിസം പദ്ധതികൾ നിലവിലുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ;

(സി) ഈ മേഖലയിൽ പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ; വ്യക്തമാക്കാമോ?

**പുതിയ മദ്യ നയ രൂപീകരണം**

3261 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മാർച്ച് മാസത്തിൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ പുതിയ മദ്യനയ മാറ്റം അടക്കമുള്ള കാര്യങ്ങൾ ടൂറിസം വകുപ്പ് ചർച്ച ചെയ്തിരുന്നോ;

(ബി) എല്ലാ മാസവും ഒന്നാം തീയതി ഡ്രൈഡേ ആചരിക്കുമ്പോൾ മദ്യ വിൽപ്പന ഇല്ലാത്തതു ടൂറിസം മേഖലയെ പ്രതികൂലമായി ബാധിക്കുന്നു എന്ന ആശങ്ക പ്രസ്തുത യോഗത്തിൽ ടൂറിസം വകുപ്പ് പ്രകടിപ്പിച്ചിരുന്നോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് മദ്യ നയത്തിൽ ഉൾപെടുത്താനായി എന്തൊക്കെ ശുപാർശകളാണ് പ്രസ്തുത യോഗത്തിൽ ടൂറിസം വകുപ്പ് അവതരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

## <u>ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജ്</u>

3262 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ ഗ്ലാസ് ബ്രിഡ്ജിൽ രണ്ടാമതും പൊട്ടൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഭവം ഗൗരവമായി കാണുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഗ്ലാസ് ബ്രിഡ്ജ് നിർമ്മാണത്തിന് കരാർ നൽകിയ സ്ഥാപനത്തിന് മുൻ പരിചയമുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത സ്ഥാപനത്തിന് മുൻ പരിചയമില്ലെങ്കിൽ ജനങ്ങളുടെ സുരക്ഷ സുപ്രധാന ഘടകമാകുന്ന ഇത്തരമൊരു പദ്ധതിയുടെ നിർമ്മാണക്കരാർ ആ സ്ഥാപനത്തിനെ ഏല്പിച്ചതിന്റെ അടിസ്ഥാനമെന്താണെന്ന് അറിയിക്കുമോ?

## <u>ഉത്തരവാദിത്ത ടൂറിസം</u>

3263 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിൽ വരുത്തിയ ശേഷം ടൂറിസം മേഖലയിൽ ഉണ്ടായ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം കേരളത്തിലെത്തുന്ന വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവ് അറിയിക്കാമോ?

## <u>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കാൻ നടപടി</u>

3264 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) അപകട സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മുന്നറിയിപ്പുകളും സുരക്ഷാ സംവിധാനങ്ങളും ഒരുക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ മുങ്ങിമരണങ്ങൾ ഉൾപ്പടെയുള്ള അപകടങ്ങൾ വർധിച്ചുവരുന്നത് തടയാൻ പ്രത്യേക നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>സംസ്ഥാനം സന്ദർശിച്ച വിദേശ/ആഭ്യന്തര വിനോദസഞ്ചാരികൾ</u>

3265 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-24 വർഷം എത്ര വിദേശ/ആഭ്യന്തര വിനോദസഞ്ചാരികൾ വിവിധ ജില്ലകളിലായി വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം മേഖലയിലും അനുബന്ധ മേഖലകളിലുമായി ഈ കാലഘട്ടത്തിൽ എത്രപേർ സന്ദർശനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

## <u>ഖാദർ കമ്മറ്റി റിപ്പോർട്ട്</u>

3266 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മറ്റി റിപ്പോർട്ടിനെ തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനെ ഏകീകരിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 31.05.2019 ലെ ഗവൺമെന്റ് ഉത്തരവിന് നിയമപ്രാബല്യം നൽകുന്നതിന് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഭേദഗതികളാണ് വരുത്തിയതെന്നും എന്തൊക്കെ ഭേദഗതികളാണ് വരുത്തിയതെന്നും വ്യക്തമാക്കാമോ;

(സി) മേൽ ഭേദഗതികൾക്കെതിരെ കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ;

(ഡി) മേൽ വിഷയം ഹൈക്കോടതിയുടെ പരിഗണനയിലാണെങ്കിൽ സർക്കാർ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

## <u>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിയമിക്കപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ</u>

3267 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി എങ്ങനെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരുവിവരം, നിയമന രീതി, നിയമനത്തിന്റെ സ്വഭാവം, പ്രസ്തുത ജീവനക്കാർക്ക് ഓരോരുത്തർക്കും ഇതുവരെ അനുവദിച്ച ശമ്പളം/

പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് വിശദമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനായി പ്രവർത്തിച്ചുവന്നിരുന്ന ഏതെങ്കിലും ജീവനക്കാർ ഖാദർ കമ്മറ്റിയിൽ അംഗമായി പ്രവർത്തിച്ച് വന്നിരുന്നോ; എങ്കിൽ അവരുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലും ഖാദർ കമ്മറ്റി വിദഗ്ധ സമിതിയിലും അംഗങ്ങളായി പ്രവർത്തിച്ച് വന്നിരുന്നവർ ഉണ്ടെങ്കിൽ അത്തരം ജീവനക്കാർ ഖാദർ കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൈപ്പറ്റിയ പ്രതിഫലം, യാത്രബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

3268 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2023-24 സാമ്പത്തിക വർഷം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി എത്ര തുകയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

## ഭിന്നശേഷി കുട്ടികൾക്കായുള്ള സ്പെഷ്യൽ കെയർ സെന്ററുകൾ

3269 **ശ്രീ എം രാജഗോപാലൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കാൻ സ്പെഷ്യൽ കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുള്ള കേന്ദ്രങ്ങൾ ഏതെല്ലാമാണ്; ഇത്തരത്തിലുള്ള പുതിയ കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഭിന്നശേഷിക്കാരായ കുട്ടികൾക്കായി സമഗ്ര ശിക്ഷാ കേരള നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കുമോ; കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(സി) ശ്രവണ പരിമിതി അഭിമുഖീകരിക്കുന്ന കുട്ടികൾക്കായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ; ഈ മേഖലയിലുള്ള അധ്യാപകർക്ക് പ്രത്യേക പരിശീലനത്തിനുള്ള പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ?

## ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

3270 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് സംസ്ഥാനത്തെ മുഴുവൻ സ്കൂൾ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടങ്ങൾ ഉള്ള സ്കൂളുകൾ ഏതൊക്കെയാണെന്നുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിന്റെ പേരിൽ ഏതെങ്കിലും സ്കൂളുകൾക്ക് പ്രവർത്തന അനുമതി നിഷേധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകൾ ആണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത സ്കൂൾ കെട്ടിടങ്ങളിൽ അധ്യയനം നടക്കുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകളിലാണ് ഇപ്രകാരം അധ്യയനം നടക്കുന്നതെന്നും കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് എന്ത് ക്രമീകരണമാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ?

## <u>പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകാൻ നടപടി</u>

3271 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽ തൊഴിലവസരം തേടുന്ന മലയാളികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നത് പരിഗണിച്ച് പൊതുവിദ്യാലയങ്ങളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒന്നാം ക്ലാസ്സ് മുതൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പഠനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പൊതുവിദ്യാലയങ്ങളിൽ ഹെൽത്ത് ഫയൽ സംവിധാനം</u>

3272 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരമുള്ള ഹെൽത്ത് ഫയൽ സംവിധാനം സംസ്ഥാനത്തെ എത്ര പൊതുവിദ്യാലയങ്ങളിൽ ഇതുവരെ നടപ്പാക്കിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## <u>സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിനുള്ള നടപടികൾ</u>

3273 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം ആരംഭിക്കുന്നതിന് മുൻപ് സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ വാഹനങ്ങളുടേയും സ്കൂൾ കുട്ടികളുമായി യാത്ര ചെയ്യുന്ന സ്വകാര്യ വാഹനങ്ങളുടേയും ഫിറ്റ്നസ് ഉറപ്പാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; മേൽപ്പറഞ്ഞ രീതിയിൽ സർവീസ് നടത്തുന്ന മുഴുവൻ വാഹനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ഏതെങ്കിലും വാഹനം ഈ രീതിയിൽ സർവീസ് നടത്തുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂൾ ബസ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**<u>വിദ്യാലയങ്ങളിലെ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കുന്നതിന് നടപടി</u>**

3274 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലെയും കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാണെന്ന് പരിശോധന നടത്തി ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുട്ടികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ നടപ്പ് അധ്യയന വർഷം ആരംഭിക്കുന്നതിനുമുമ്പ് നടത്തിയ മുന്നൊരുക്കങ്ങളുടെയും പരിശോധനകളുടെയും വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**<u>കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും വരുത്തിയ ഭേദഗതി</u>**

3275 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദർ കമ്മറ്റി റിപ്പോർട്ടിനെ തുടർന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനെ ഏകീകരിക്കുന്നതിന് വേണ്ടി പുറപ്പെടുവിച്ച 31/ 05/2019 ലെ സർക്കാർ ഉത്തരവിന് നിയമപ്രാബല്യം നൽകുന്നതിന് കേരള വിദ്യാഭ്യാസ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ഭേദഗതികളാണ് വരുത്തിയെതെന്നും, എന്തൊക്കെ ഭേദഗതികളാണ് വരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭേദഗതികൾക്കെതിരെ കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ സർക്കാർ അതിന് എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; പ്രസ്തുത സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാണിച്ച വസ്തുതകൾ സ്കൂൾ ഏകീകരണ കോർകമ്മറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളുമായി പൊരുത്തപ്പെടുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>2022-23, 2023-24 അധ്യായന വർഷങ്ങളിലെ എൻ.എം.എം.എസ്. പരീക്ഷ</u>**

3276 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് എൻ.എം.എം.എസ്. പരീക്ഷയ്ക്ക് വേണ്ടി ആകെ എത്ര കുട്ടികളാണ് അപേക്ഷിച്ചത്; അതിൽ എത്ര കുട്ടികൾ പരീക്ഷ എഴുതി; പരീക്ഷയെഴുതിയവരിൽ എത്ര കുട്ടികൾ സ്കോളർഷിപ്പിന്

അർഹത നേടി; പരീക്ഷ എഴുതിയവരിൽ യോഗ്യരായ കുട്ടികളുടെ എണ്ണം എത്ര; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) 2023-24 അധ്യയന വർഷത്തിൽ എൻ.എം.എം.എസ്. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഓരോ ജില്ലയിലെയും ആദ്യ 15 വിദ്യാർത്ഥികളുടെ പേരും അവരുടെ സ്കൂളിന്റെ പേരും പ്രസ്തുത കുട്ടികളുടെ എസ്.എ.ടി., എം.എ.ടി. എന്നിവയുടെ മാർക്കും ലഭ്യമാക്കാമോ; ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എൻ.എം.എം.എസ്. പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലെയും 15 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക നൽകാമോ;

(സി) എൻ.എം.എം.എസ്. പരീക്ഷയിൽ കുട്ടികളെ വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിൻെറ മാനദണ്ഡം എന്താണ്; ഈ കുട്ടികൾക്ക് സ്കോളർഷിപ്പിന് അർഹത ഉണ്ടാകുമോ എന്നത് വ്യക്തമാക്കുമോ; ഒരേ മാർക്ക് ലഭിച്ച കുട്ടികളിൽ കുറച്ച്പേർക്ക് സ്കോളർഷിപ്പ് ലഭിക്കുകയും കുറച്ചുപേർക്ക് ലഭിക്കാതെ വരുന്നതും എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) 2023-24 അധ്യായന വർഷത്തിലെ എൻ.എം.എം.എസ്. പരീക്ഷയിൽ വിവിധ വിഭാഗങ്ങളുടെ ജില്ല തിരിച്ചുള്ള കട്ട് ഓഫ് മാർക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ; പരീക്ഷയിൽ ഡിലീറ്റ് ചെയ്യപ്പെട്ട ചോദ്യങ്ങളുടെ മാർക്ക് എല്ലാ കുട്ടികൾക്കും നൽകുമോ; അല്ലെങ്കിൽ ഡിലീറ്റ് ചെയ്ത ചോദ്യങ്ങൾ ഒഴിവാക്കിയിട്ടുള്ള മാർക്ക് അടിസ്ഥാനമാക്കിയാണോ കട്ട് ഓഫ് നിർണയിക്കുന്നത്; വിശദാംശം നൽകുമോ?

## പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

3277 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സ്കൂളുകളിലായി ഈ വർഷം എസ്.എസ്.എൽ.സി. വിജയിച്ച കുട്ടികളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ അധ്യയന വർഷം വിവിധ സ്കൂളുകളിലായി പ്ലസ് വൺ പ്രവേശനത്തിന് ലഭ്യമായ സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയിട്ടും ഒന്നാമത്തെ അലോട്ട്മെന്റിൽ അപേക്ഷിച്ച കോഴ്സിന് പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികളുണ്ടോ; എങ്കിൽ അവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്ലസ് വൺ പ്രവേശനത്തിന് ഓരോ വർഷവും അധികമായി അനുവദിച്ച സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) എസ്.എസ്.എൽ.സി.യ്ക്ക് ഉന്നത വിജയം നേടിയിട്ടും അപേക്ഷിച്ച വിഷയത്തിൽ ചേർന്ന് പ്ലസ് വൺ പഠനം നടത്താൻ കഴിയാത്ത സാഹചര്യം സംസ്ഥാനത്ത്, പ്രത്യേകിച്ച് മലബാർ മേഖലയിൽ ഉണ്ടായത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഈ വർഷം വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്ലസ് വൺ സീറ്റുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

## വിദ്യാർത്ഥികൾക്ക് മാലിന്യ സംസ്കരണം സംബന്ധിച്ച ബോധവൽക്കരണം

3278 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് അധ്യാപകരെ പ്രാപ്തരാക്കണമെന്ന കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന വിശദാംശം നൽകുമോ;

(ബി) മാലിന്യ സംസ്കരണം പാഠ്യവിഷയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണം

3279 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സ്കൂൾ വിദ്യാർത്ഥികൾക്കുള്ള യൂണിഫോം വിതരണത്തിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2024-25 അധ്യയന വർഷം സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം വിതരണത്തിന് നീക്കിവെച്ച തുക എത്രയെന്ന് അറിയിക്കുമോ;

(സി) എല്ലാ വർഷവും അധ്യയനം തുടങ്ങുന്ന വേളയിൽ പുസ്തക വിതരണത്തിനൊപ്പം യൂണിഫോമും വിതരണം ചെയ്യുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

## സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി

3280 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പാഠ്യ-പഠ്യേതര പ്രവർത്തനങ്ങളിൽ പിന്തുണ നൽകുന്നതിന് സമഗ്ര ശിക്ഷ പദ്ധതിക്ക് കീഴിൽ കരാർ വ്യവസ്ഥയിൽ പ്രവർത്തിച്ചു വരുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന് 28.10.2021 ന് പുറപ്പെടുവിച്ച സുപ്രീംകോടതി വിധി (ഡബ്ല്യു.പി.(സി.) 132/2016) സംസ്ഥാനത്ത് നടപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തലുകൾ

3281 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ പേര്, ഇനിഷ്യൽ, മാതാപിതാക്കളുടെ പേര്, ജനന തീയതിയല്ലാത്ത മറ്റ് തിരുത്തലുകൾ എന്നിവ ശരിയാക്കുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണെന്ന് വിശദമാക്കാമോ; അപേക്ഷ സമർപ്പിക്കേണ്ടത് സ്കൂൾ മുഖേനയാണോ അതോ വ്യക്തിപരമായാണോ നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷ സമർപ്പിക്കേണ്ട ഓഫീസ്, ആയതിന്റെ അഡ്രസ്സ് എന്നിവ നൽകാമോ;

(സി) അപേക്ഷയിൽ നടപടിയെടുക്കുന്ന ഓഫീസ് ,സെക്ഷൻ ഏതെന്ന് കൃത്യമായി അറിയിക്കാമോ;

(ഡി) മതിയായ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്ന സമയപരിധി അറിയിക്കാമോ?

## പ്ലസ് വൺ പ്രവേശനത്തിന് അൺഎയ്ഡഡ് മേഖലയെ ആശ്രയിക്കേണ്ട സാഹചര്യം

3282 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകളുടെ കുറവ് കാരണം പ്രവേശനം ആഗ്രഹിക്കുന്ന യോഗ്യരായ വിദ്യാർത്ഥികൾ കൂടുതൽ ചെലവ് വഹിച്ച് അൺഎയ്ഡഡ് മേഖലയെ ആശ്രയിക്കേണ്ട അവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) വിദ്യാഭ്യാസ ചെലവ് നേരിടാൻ കഴിവുള്ളവർ മാത്രം പഠിച്ചാൽ മതി എന്ന സർക്കാരിന്റെ നിലപാടാണ് പ്രസ്തുത സ്ഥിതിവിശേഷത്തിൽ പ്രതിഫലിക്കുന്നത് എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

## സ്കൂൾ ബസുകളുടെ ഫിറ്റ്നസ് ഉറപ്പാക്കാൻ നടപടി

3283 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകൾ ഓടുന്നതിനിടയിൽ തീ പിടിക്കുന്നതും വാഹനത്തിന്റെ തകരാർ മൂലവും അലക്ഷ്യമായ ഡ്രൈവിംഗ് മൂലവും അപകടത്തിൽപ്പെടുന്നതും സംബന്ധിച്ച റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും ഇത്തരത്തിലുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്കൂൾ ബസുകളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നതിനും സുരക്ഷിത ഡ്രൈവിംഗ് ഉറപ്പാക്കുന്നതിനും ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനും ഉൾപ്പെടെ എന്തൊക്കെ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

## അക്കാദമിക കലണ്ടർ പ്രകാരമുള്ള ആറാം പ്രവൃത്തി ദിനങ്ങൾ

3284 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യായന വർഷത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങൾ അക്കാദമിക കലണ്ടർ പ്രകാരം പ്രവർത്തിക്കുന്ന ശനിയാഴ്ചകളുടെ എണ്ണം

എത്രയാണെന്ന വിവരം ലഭ്യമാക്കാമോ;

(ബി) അക്കാദമിക കലണ്ടർ പ്രകാരം ആറാം പ്രവൃത്തി ദിനമായി വരുന്ന ശനിയാഴ്ചകൾ എത്രയാണ് എന്ന് വിശദമാക്കാമോ;

(സി) കെ. ഇ.ആർ. പ്രകാരം ആറാം പ്രവൃത്തി ദിനമായ ശനിയാഴ്ച പൊതുവിദ്യാലയങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) ശനിയാഴ്ച ആറാം പ്രവൃത്തി ദിനമായി വരുന്നതിനാൽ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഗണിച്ച് ബദൽ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനു നടപടി ഉണ്ടാകുമോ ; വിശദമാക്കാമോ?

## <u>വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങൾ</u>

3285 **ശ്രീ. ടി.ഐ.മധുസൂദനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ സ്വന്തമായി സ്ഥലം ഇല്ലാത്ത വാടക കെട്ടിടത്തിലും മറ്റും പ്രവർത്തിക്കുന്ന എത്ര സർക്കാർ വിദ്യാലയങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരം വിദ്യാലയങ്ങൾക്ക് പ്രാദേശികമായി സ്ഥലം ലഭ്യമാക്കിയാൽ പ്രത്യേക പരിഗണന നൽകി കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## <u>നിലവിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ വരുത്തുവാനുദ്ദേശിക്കുന്ന മാറ്റങ്ങൾ</u>

3286 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ വരുത്തുവാനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷയിലെ മൂല്യനിർണ്ണയ രീതിയിലും ചോദ്യരീതിയിലും എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ വിദ്യാഭ്യാസ വിദഗ്ധരുടെ അഭിപ്രായം തേടാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## <u>സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് നൽകുന്ന വിഹിതം</u>

3287 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനായി നിലവിൽ നൽകുന്ന വിഹിതം പര്യാപ്തമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉച്ചഭക്ഷണ പദ്ധതിയിലെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്ന് അറിയിക്കുമോ;

(സി) ഉച്ചഭക്ഷണത്തിനായി ഒരു കുട്ടിക്ക് എത്ര രൂപ എന്ന നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത്; ആയത് വർധിപ്പിച്ച നൽകിയിട്ടുണ്ടോ; എത്ര രൂപയായിട്ടാണ് വർധിപ്പിച്ചതെന്ന് വിശദമാക്കുമോ;

(ഡി) കേന്ദ്ര പദ്ധതി പ്രകാരം നല്കേണ്ട ഭക്ഷണ ഇനങ്ങൾ കൂടാതെ ഒരു ആഴ്ചയിൽ എന്തെല്ലാം ഭക്ഷണങ്ങളാണ് കുട്ടികൾക്ക് നല്കാൻ നിർദേശം നല്കിയിരിക്കുന്നത്; ഇതിനായി പ്രത്യേകം ഫണ്ട് കൂട്ടുതലായി അനുവദിച്ച നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ തുക ഏത് രീതിയിൽ കണ്ടെത്താനാണ് നിർദ്ദേശം നൽകിയത് വ്യക്തമാക്കുമോ;

(ഇ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി പ്രകാരം ഭക്ഷണം നൽകിയ ഇനത്തിൽ പൊതു വിദ്യാലയങ്ങളിലെ പ്രഥമ അധ്യാപകർക്ക് എത്ര രൂപ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; ഏത് കാലയളവിലെ തുകയാണ് കുടിശ്ശിക ആയിട്ടുള്ളത്; ആയത് നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

## സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

3288 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥല സൗകര്യങ്ങൾ കുറവുള്ള പൊതുവിദ്യാലയങ്ങൾക്ക് സ്ഥല വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പുതിയ കെട്ടിടങ്ങളിൽ ഫർണ്ണീച്ചറുകൾ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാലയങ്ങളിൽ ലാബ് സൗകര്യങ്ങളുടെ ലഭ്യത സംബന്ധിച്ച് വിശകലനങ്ങൾ നടത്തിയിട്ടുണ്ടോ; 2021 മുതൽ നവീകരിക്കുകയും പുതുതായി നിർമ്മിക്കുകയും ചെയ്ത ലാബുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സ്കൂളിന്റെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ കളിസ്ഥലങ്ങൾ ചുരുങ്ങി പോകുന്നതായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഉപരി പഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികൾ

3289 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ എത്ര വിദ്യാർത്ഥികളാണ് ഉപരി പഠനത്തിന് അർഹത നേടിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഉപരി പഠനത്തിന് വിവിധ മേഖലകളിലായി എത്ര സീറ്റുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

## 2024- 25 വർഷത്തെ സ്കൂൾ പ്രവേശന, അധ്യയന ദിന വിവരങ്ങൾ

3290 **ശ്രീ. അനൂപ് ജേക്കബ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024- 25 അധ്യയന വർഷത്തെ സ്കൂളുകളിലെ പ്രവേശനം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ക്ലാസ് അടിസ്ഥാനത്തിൽ പ്രവേശനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടോയെന്നും തസ്തിക നിർണയം പൂർത്തിയായിട്ടുണ്ടോയെന്നും അറിയിക്കാമോ;

(സി) ഈ വർഷം അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(ഡി) അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അധ്യാപകരുടെ അഭിപ്രായങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ഫയലുകളുടെ സമയബന്ധിതമായ തീർപ്പാക്കൽ

3291 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിലായി ഏകദേശം 8300 ഫയലുകൾ തീർപ്പാക്കാതെ കെട്ടി കിടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഫയലുകളിൽ തീരുമാനം എടുക്കുന്നതിൽ മന:പൂർവ്വമായി കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിലെ ക്ലബ്ബുകളുടെ പ്രവർത്തനം

3292 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ ഏതെല്ലാം ക്ലബ്ബുകളാണ് പ്രവർത്തിക്കുന്നതെന്ന് വിശദമാക്കാമോ; ഇതിൻെറ പട്ടിക വിദ്യാലയം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇത്തരം ക്ലബ്ബുകളിൽ പ്രസ്തുത മണ്ഡലത്തിലെ തനത് വിദ്യാഭ്യാസ പദ്ധതിയായ അക്ഷര കൈരളിയുമായി ചേർന്ന് പ്രവർത്തിക്കുന്നവ ഏതൊക്കെയാണെന്ന വിവരം ഉൾക്കൊള്ളുന്ന പട്ടിക വിദ്യാലയം തിരിച്ച് ലഭ്യമാക്കാമോ?

## പാലക്കാട് ജില്ലയിലെ ബ്രെയ്‌ലി സാക്ഷരതാ, ഇ-മുറ്റം പദ്ധതികൾ

3293 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടത്തിവരുന്ന ബ്രെയ്‌ലി സാക്ഷരതാ പദ്ധതി, ഇ-മുറ്റം പദ്ധതി എന്നിവയുടെ വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതികളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

**പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി നിയമിച്ച വിദ്യാഭ്യാസ വിദഗ്ധന്മാരുടെ ശമ്പളം, മറ്റ് അലവൻസുകൾ**

3294 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യഭ്യാസ സംരക്ഷണയജ്ഞത്തിന്റെ വിദ്യാഭ്യാസ വിദഗ്ധനായി നിയമിതനായിരുന്ന ഡോ.സി. രാമകൃഷ്ണന് നിയമിക്കപ്പെട്ട കാലയളവിൽ നൽകിയ പ്രതിഫലം/ ശമ്പളം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വ്യക്തി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ വിദ്യാഭ്യാസ വിദഗ്ധനായിരിക്കെ ഖാദർ കമ്മറ്റിയിൽ അംഗമായി നിയമിതനായിരുന്നോ എന്നറിയിക്കാമോ;

(സി) എങ്കിൽ അദ്ദേഹത്തിന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിദ്യാഭ്യാസ വിദഗ്ധൻ എന്ന നിലയ്ക്കുള്ള ശമ്പളം/പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവയ്ക്ക് പുറമെ ഖാദർ കമ്മറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് അനുവദിച്ച പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പ്രവർത്തനങ്ങൾക്കായി നിലവിൽ ഏതെങ്കിലും വിദഗ്ധർ ഇപ്പോഴും സേവനം അനുഷ്ഠിച്ചു വരുന്നുണ്ടോ; എങ്കിൽ സേവനത്തിന്റെ സ്വഭാവമെന്തെന്നും അത്തരം വിദഗ്ധർക്ക് നൽകുന്ന ശമ്പളം/ പ്രതിഫലം, യാത്ര ബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്നും സംബന്ധിച്ച വിശദാംശം നൽകുമോ?

**ഉദുമ മണ്ഡലത്തിലെ അടിസ്ഥാന സൗകര്യവികസനം നടക്കാത്ത സ്കൂളുകളുടെ വിശദാംശങ്ങൾ**

3295 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവികസനം നടക്കാത്ത എത്ര സ്കൂളുകളുണ്ട്; ഇവയ്ക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

**കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുന്ന സ്കൂളുകൾ**

3296 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെട്ടിടനിർമ്മാണം നടത്തുന്ന സ്കൂളുകൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകളുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; നിർമ്മാണം പൂർത്തിയായ സ്കൂളുകളുടെ വിവരങ്ങൾ നൽകാമോ?

## മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി

3297 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ച് നാളിതുവരെയായിട്ടും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്;വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വാമനപുരം മണ്ഡലത്തിലെ വിദ്യാകിരണം പദ്ധതിയിലെ പ്രവൃത്തികൾ

3298 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാകിരണം പദ്ധതിയുടെ കീഴിൽ കിഫ്ബി ഫണ്ടുപയോഗിച്ച് വാമനപുരം മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കിയ സ്കൂൾ കെട്ടിടങ്ങളുടെ വിവരങ്ങളും അവയ്ക്ക് ചെലവാക്കിയ തുകയും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും അവയുടെ തൽസ്ഥിതിയും വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ചലഞ്ച് ഫണ്ട് വിനിയോഗം

3299 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തി പൂർത്തിയാക്കിയ ഏതൊക്കെ സ്കൂളുകൾക്കാണ് സർക്കാർ ഫണ്ട് നൽകാൻ ബാക്കിയുള്ളത്; പ്രസ്തുത സ്കൂളുകൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പുനലൂർ മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് അനുവദിച്ചതും നടപ്പാക്കിയതുമായ പ്രവൃത്തികൾ

3300 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ പുനലൂർ മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പ് എസ്.എസ്.കെ. ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ കീഴിൽ അനുവദിച്ചതും എന്നാൽ മാർച്ച് 2021 ന് മുൻപ് പൂർത്തിയാക്കാൻ കഴിയാത്തതുമായ വിവിധ പ്രവൃത്തി/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അനുവദിച്ച പ്രവൃത്തി/പദ്ധതികളിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ്, എസ്.എസ്.കെ. ഉൾപ്പെടെയുള്ള വിവിധ ഏജൻസികളുടെ കീഴിൽ പുനലൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തി/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിലെ ഓരോ പ്രവൃത്തിയുടെയും പേര്, അനുവദിച്ച തുക, പദ്ധതി നിർവഹണ ഏജൻസിയുടെ വിവരം എന്നിവ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും, നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ; നിലവിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഇ) പുനലൂർ മണ്ഡലത്തിൽ പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തി/പദ്ധതികളുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

## ബാരിയർ ഫ്രീ പ്രോജക്ട്

3301 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകൾ ഭിന്നശേഷി സൗഹൃദമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സ്കൂളുകളിൽ ആണ് ബാരിയർ ഫ്രീ പ്രോജക്ട് നടപ്പിലാക്കാൻ ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

## വിദ്യാകിരണം പദ്ധതിക്കായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ

3302 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിദ്യാകിരണം പദ്ധതിക്കായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ ഏതൊക്കെയെന്നും പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി എങ്ങനെയെന്നും വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നിയമിക്കപ്പെട്ട ജീവനക്കാരുടെ പേരുവിവരം, നിയമന രീതി, നിയമനത്തിന്റെ സ്വഭാവം, മേൽജീവനക്കാർക്ക് ഓരോരുത്തർക്കും ഇതുവരെ അനുവദിച്ച ശമ്പളം/ പ്രതിഫലം, യാത്രാബത്ത, മറ്റ് അലവൻസുകൾ എന്നിവ എത്രയെന്ന് തരം തിരിച്ച് നൽകാമോ;

(സി) വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി പ്രവർത്തിച്ചുവരുന്ന ഏതെങ്കിലും ജീവനക്കാർ സ്കൂൾ ഏകീകരണ കോർ കമ്മിറ്റിയിൽ അംഗമായി പ്രവർത്തിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ജീവനക്കാരിൽ സ്കൂൾ ഏകീകരണ കോർ കമ്മിറ്റി അംഗങ്ങളായി പ്രവർത്തിച്ചുവരുന്നവർക്ക് കോർ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിന് അനുവദിച്ച തുക/പ്രതിഫലം, യാത്രാബത്ത, മറ്റ് ആനുകൂല്യങ്ങൾ എന്നിവ തരം തിരിച്ച് ലഭ്യമാക്കാമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിൽ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ച് നവീകരിക്കുന്ന സ്കൂളുകൾ</u>

3303 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ പ്ലാൻ ഫണ്ട്, കിഫ്ബി ഫണ്ട് എന്നിവ വിനിയോഗിച്ച് നവീകരിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചു; പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## <u>ഏകീകരിക്കപ്പെടുന്ന സ്കൂൾ സംവിധാനത്തിലെ പരീക്ഷകൾ</u>

3304 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകരിക്കപ്പെടുന്ന സ്കൂൾ സംവിധാനത്തിൽ എട്ടാം ക്ലാസിൽ പ്രവേശനം നേടുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഒരേ സ്കൂളിൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പഠനം പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിൽ എട്ട് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സെക്കൻഡറി വിഭാഗത്തിൽ എത്ര പൊതു പരീക്ഷകളാണ് നിശ്ചയിച്ചതെന്നും ഏതൊക്കെ ക്ലാസുകളിലാണ് പൊതുപരീക്ഷകൾ നടത്തുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഏകീകരണത്തിന്റെ ഭാഗമായി എട്ടാം ക്ലാസ് സെക്കൻഡറി വിഭാഗത്തിൽ ഉൾപ്പെടുന്നത് കാരണം കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ആനുകൂല്യങ്ങൾ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് നഷ്ടപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

## <u>ചലഞ്ച് ഫണ്ട് പദ്ധതി</u>

3305 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ചലഞ്ച് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ മണ്ഡലത്തിലെ സ്കൂളുകൾ കെട്ടിട നിർമ്മാണത്തിന്റെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## നെന്മാറ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് സ്കൂൾ ബസ്

3306 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18, 2021-22 വർഷത്തെ എം.എൽ.എ. യുടെ മണ്ഡലം ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് നെന്മാറ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് സ്കൂൾ ബസ് വാങ്ങാൻ ഫണ്ട് അനുവദിച്ചുവെങ്കിലും ബസ് വാങ്ങിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 2017-18, 2021-22 വർഷത്തിലായി അനുവദിച്ച ഫണ്ട് ഉപയോഗിച്ച് അടിയന്തരമായി സ്കൂൾ ബസ് അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ?

## ചലഞ്ച് ഫണ്ട്

3307 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഏതെല്ലാം സ്കൂളുകളാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് നടപടി

3308 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുസ്തകക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ എൻ.സി.ഇ.ആർ.ടി. പുസ്തകങ്ങൾ പ്രിന്റ് ചെയ്ത് വൻവിലയ്ക്ക് സ്കൂളുകൾക്ക് പുറത്ത് വിറ്റതിലൂടെ ചില പ്രസാധകരും ഏജൻസികളും വലിയ ലാഭം ഉണ്ടാക്കുകയും രക്ഷകർത്താക്കളെ കബളിപ്പിക്കുകയും ചെയ്തതായി പറയപ്പെടുന്ന റിപ്പോർട്ടുകൾ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ദുഷ്പ്രവണതകൾ ഒഴിവാക്കുന്നതിനും പുസ്തകങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഒന്നാം ക്ലാസിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ്

3309 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഈ വർഷം ഒന്നാം ക്ളാസ്സിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വന്നു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടാകാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

## ശ്രീനാരായണപുരം യു.പി. സ്കൂൾ കെട്ടിട നിർമ്മാണപ്രവൃത്തി

3310 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ശ്രീനാരായണപുരം യു.പി. എസ്. മന്ദിര നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## സംസ്ഥാന ബജറ്റിൽ സ്കൂളുകളുടെ പേരിൽ വന്ന പിശക്

3311 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ലെ സംസ്ഥാന ബജറ്റിൽ ക്രമ നമ്പർ 470 - പൂവരണി ഗവൺമെന്റ് എൽ.പി.എസ്, ക്രമനമ്പർ 2180 - ഗവൺമെന്റ് എൽ.പി. എസ്. ചക്കാമ്പുഴ എന്നീ സ്കൂളുകളുടെ പേരുകൾ ,ഗവൺമെന്റ് യു.പി. സ്കൂൾ പൂവരണി, ഗവൺമെന്റ് യു.പി. സ്കൂൾ ചക്കാമ്പുഴ എന്നാണ് രേഖപ്പെടുത്തേണ്ടിയിരുന്നത്. മേൽ സാഹചര്യത്തിൽ പേരുകൾ തിരുത്തൽവരുത്താൻ തന്ന അപേക്ഷകളുടെ നിലവിലെസ്ഥിതി വ്യക്തമാക്കാമോ;

(ബി) ടി അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലെങ്കിൽ പിശക് തിരുത്തൽ വരുത്തി സ്കൂൾ കെട്ടിട നിർമ്മാണം എത്രയുംവേഗം ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ പണയിൽ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം

3312 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പണയിൽ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഫണ്ട് അനുവദിക്കുകയും ടെൻഡർ നടപടികൾ പൂർത്തിയാകുകയും ചെയ്തുവെങ്കിലും സ്കൂൾ പ്രവർത്തനത്തിന് മറ്റൊരു സ്ഥലം കണ്ടെത്തുവാൻ കഴിയാത്തതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് തടസ്സം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ പ്രവർത്തിപ്പിക്കുന്നതിന് മറ്റൊരു സ്ഥലം കണ്ടെത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

**<u>വട്ടേക്കാട് ജി.യു.പി. സ്കൂൾ കെട്ടിട നിർമ്മാണം</u>**

3313 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ച നെന്മാറ മണ്ഡലത്തിലെ വട്ടേക്കാട് ജി.യു.പി. സ്കൂളിന്റെ കെട്ടിട നിർമ്മാണപ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലായെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

**<u>കോഴിക്കോട് കാരപറമ്പ് ഗവ. എൽ.പി. സ്കൂളിന് കെട്ടിടം.</u>**

3314 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കാരപറമ്പ് ഗവ.എൽ.പി. സ്കൂളിന് കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിട നിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തി ആരംഭിക്കുന്നതിന് എന്തുകൊണ്ടാണ് കാലതാമസം നേരിട്ടതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളിന്റെ അംഗീകൃത മാസ്റ്റർ പ്ലാൻ നിലവിലുണ്ടോ;

(ഡി) കെട്ടിട പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടി</u>**

3315 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹയർ സെക്കണ്ടറി പരീക്ഷയിൽ ഒന്നര പതിറ്റാണ്ടിനിടെ ഉണ്ടായ ഏറ്റവും കുറവ് വിജയ ശതമാനമാണെന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ക്ലാസ്സുകളിലെ അധ്യാപന രീതി മെച്ചപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

**<u>പ്ലസ് വൺ സീറ്റുകളുടെ വിശദാംശം</u>**

3316 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നും സി.ബി.എസ്.ഇ. ഉൾപ്പെടെ മറ്റു സിലബസുകളിൽ പഠിച്ച് പത്താം ക്ലാസ് പാസായിട്ടുള്ള വിദ്യാർത്ഥികൾ എത്രയെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലയിൽ നിലവിലുള്ള പ്ലസ് വൺ (ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി) സീറ്റുകളുടെ എണ്ണം എത്ര; ഓരോ ജില്ലയിലെയും വിശദാംശം സ്കീം തിരിച്ച് ലഭ്യമാക്കുമോ;

(സി) ഉപരിപഠനത്തിന് അർഹത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ലഭിക്കുന്നതിന് ആവശ്യമായ പ്ലസ് വൺ സീറ്റുകൾ സർക്കാർ, എയ്ഡഡ് മേഖലയിൽ നിലവിൽ ഇല്ലാത്ത ഏതൊക്കെ ജില്ലകൾ ഉണ്ട്; എത്ര സീറ്റുകളുടെ കുറവാണ് ഓരോ ജില്ലയിലും ഉള്ളത്; വിശദാംശം വ്യക്തമാക്കുമോ?

## <u>പ്ലസ്‌വൺ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച സ്കൂളുകൾ</u>

3317 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പ്ലസ്‌വൺ ബാച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കാതെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച എത്ര സ്കൂളുകൾ ഉണ്ട്; ഇപ്രകാരം എത്ര സീറ്റുകളാണ് വർദ്ധിപ്പിച്ച് നൽകിയത്;

(ബി) എങ്കിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതിന് ആനുപാതികമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയ എത്ര സ്കൂളുകൾ ഉണ്ട്; അടിസ്ഥാന സൗകര്യ വികസനം ഇല്ലാതെ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച എത്ര സ്കൂളുകളുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് അനുവദിച്ച തുക</u>

3318 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിലെ വിവിധ സ്കൂളുകൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) തുക അനുവദിച്ച പദ്ധതികളിലുൾപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## <u>പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷകൾ</u>

3319 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷകൾ നടത്തുന്നത് സർക്കാർ റദ്ദാക്കിയിട്ടുണ്ടോ;

(ബി) മുൻ വർഷങ്ങളിലേതുപോലെ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## സ്കൂൾ കെട്ടിടം പ്രവർത്തനമാരംഭിക്കാൻ നടപടി

3320 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തട്ടത്തുമല ഗവൺമെന്റ് എച്ച്. എസ്.എസിൽ എത്ര സ്കൂൾ കെട്ടിടങ്ങളാണ് പുതുതായി നിർമ്മിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇതിൽ എത്ര ക്ലാസ്സ് മുറികളാണ് ഉള്ളതെന്നും ഇതിൽ എത്ര ക്ലാസ്സുകളാണ് ആരംഭിക്കാനായതെന്നും വ്യക്തമാക്കാമോ;

(സി) ഇനിയും ക്ലാസ്സുകൾ ആരംഭിക്കാത്ത കെട്ടിടത്തിൽ എത്ര ക്ലാസ്സ് മുറികളാണ് സജ്ജമാക്കാനാകുകയെന്ന് അറിയിക്കാമോ;

(ഡി) ക്ലാസ്സ് മുറികൾ പ്രവർത്തനക്ഷമമാക്കി ക്ലാസ്സുകൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ?

## ഹയർ സെക്കണ്ടറി വിജയ ശതമാനത്തിൽ കുറവ്

3321 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ലെ ഹയർ സെക്കണ്ടറി വിജയ ശതമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിജയ ശതമാനം കുറയാനുണ്ടായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷങ്ങളിൽ പുതിയ ബാച്ചുകൾ അനുവദിക്കാതെ സീറ്റുകളിൽ മാത്രം വർദ്ധനവ് വരുത്തിയത് കാരണം ഒരു ക്ലാസ്സിൽ 60 വിദ്യാർത്ഥികൾ വരെ പഠിക്കുന്ന സാഹചര്യം ഹയർ സെക്കണ്ടറി വിജയ ശതമാനത്തെ ബാധിച്ചു എന്ന വസ്തുത സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

## മലബാർ ജില്ലകളിലെ പ്ലസ് വൺ സീറ്റുകളുടെ കുറവ്

3322 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ജില്ലകളിലാകെ 40000 ത്തിലധികമുള്ള പ്ലസ് വൺ സീറ്റുകളുടെ കുറവ് വിദ്യാർത്ഥികളുടെ ഉടർ പഠനത്തെ സാരമായി ബാധിക്കും എന്നത് വസ്തുതയാണോ;

(ബി) മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതിയിൽ സമർപ്പിച്ച കേസിൽ സർക്കാർ

സ്വീകരിച്ച നിലപാട് എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച വിശദീകരണം സർക്കാർ കോടതിയിൽ നൽകിയിട്ടുണ്ടോ; വിശദ വിവരം നൽകുമോ?

*3323 **ചോദ്യം പിൻവലിച്ചു**

**<u>ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം</u>**

3324 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സർക്കാർ , എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളിൽ ആൺകുട്ടികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കുമോ; ;

(ബി) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണം, ഇതിൽ ആൺകുട്ടികളുടെ എണ്ണം, പെൺകുട്ടികളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം സർക്കാർ, എയ്ഡഡ് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കുമോ?

**<u>സംസ്ഥാനത്തെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം</u>**

3325 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച് .എസ്.ഇ , വി.എച്ച്.എസ്.ഇ ഉൾപ്പടെ എത്ര സീറ്റുകളാണ് സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകളിൽ ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അധ്യയന വർഷം എത്ര പ്ലസ് വൺ സീറ്റുകളാണ് അധികമായി അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പ്ലസ് വൺ പ്രവേശനത്തിന് ഓൺലൈൻ വഴി ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>സ്കൂൾ കലോത്സവങ്ങൾ</u>**

3326 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവങ്ങൾ സമഗ്രമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**<u>സ്കൂളിന്റെ നഷ്ടപ്പെടുന്ന സ്ഥലത്തിനും കെട്ടിടത്തിനും പകരം ക്രമീകരണം</u>**

3327 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ ഗവൺമെന്റ് വി. വി. എൽ. പി. എസ്., ചെങ്കിക്കുന്ന്, കിളിമാനൂർ എന്ന സ്കൂളിന്റെ സ്ഥലവും കെട്ടിടവും നിർദ്ദിഷ്ട വിഴിഞ്ഞം -

നാവായിക്കുളം ഔട്ടർ റിംഗ് റോഡിനായി മാർക്ക് ചെയ്ത വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നഷ്ടപ്പെടുന്ന സ്ഥലത്തിനും കെട്ടിടത്തിനും പകരം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

**<u>കൊല്ലം മണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം</u>**

3328 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിലെ ഗവ. മോഡൽ ബോയ്സ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലേയും ഉളിയകോവിൽ റ്റി. കെ. ഡി. എം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലേയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിയുടെ നിർവഹണ പുരോഗതി അറിയിക്കുമോ;

(ബി) നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>കാസഗോഡ് ജില്ലയിലെ ബിരിക്കുളം എ.യു.പി. സ്കൂൾ</u>**

3329 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബിരിക്കുളം എ.യു.പി. സ്കൂൾ സർക്കാർ തലത്തിലാണോ എയ്ഡഡ് തലത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്കൂൾ സ്ഥാപിതമായത് ഏത് വർഷത്തിലാണെന്നും ഇത് സ്ഥാപിച്ചത് ആരാണെന്നും വ്യക്തമാക്കാമോ;

(സി) തുടക്കത്തിൽ എത്ര കുട്ടികളും ജീവനക്കാരുമാണ് ഇവിടെ ഉണ്ടായിരുന്നതെന്നും യു.പി. സ്കൂളായി മാറ്റിയതെപ്പോഴാണെന്നും വ്യക്തമാക്കാമോ; ഈ സ്കൂളിൽ ഇപ്പോഴുള്ള ജീവനക്കാരുടെയും കുട്ടികളുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിൽ ഈ സ്കൂളിൽ എത്ര അദ്ധ്യാപകരെ നിയമിച്ചുവെന്നും അവരുടെ നിയമനത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; ഇപ്പോൾ ഈ സ്കൂളിൽ അധ്യാപകരുടെ ഒഴിവുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര കാലമായി ഈ ഒഴിവ് നികത്തപ്പെടാതെ കിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) ഈ സ്കൂൾ കോർപ്പറേറ്റ് മാനേജ്മെന്റാണോ ഇൻഡിവിജ്വൽ മാനേജ്മെന്റാണോ എന്നും മാനേജർ ആരാണെന്നും വ്യക്തമാക്കാമോ;

(എഫ്) എത്ര വിസ്തീർണ്ണമുള്ള സ്ഥലത്താണ് ഈ സ്കൂൾ തുടങ്ങിയതെന്നും ഇപ്പോൾ എത്ര വിസ്തീർണ്ണമുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നതെന്നും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ആർക്കാണെന്നും ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന ഹൈക്കോടതി വിധിയുണ്ടോ എന്നും എങ്കിൽ എപ്പോഴാണ് വിധി വന്നതെന്നും വിധിക്ക് ആധാരമായ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(ജി) ഹൈക്കോടതി വിധി പ്രകാരം ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കുമോ എന്നും എപ്പോഴാണ് ഏറ്റെടുക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## പരപ്പ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണം

3330 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പരപ്പ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ഒരു വർഷം കഴിഞ്ഞിട്ടും ഫൗണ്ടേഷനുള്ള പ്രവൃത്തികൾ തുടങ്ങിവച്ച ശേഷം നാളിതുവരെ പ്രവൃത്തി പുനരാരംഭിക്കാത്തതുമൂലം സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

3331 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ കോയിപ്പാട് ഗവ: എൽ.പി.എസ്., നെടുങ്ങോലം ഗവ: എച്ച്.എസ്. , ഉളിയനാട് ഗവ: എച്ച്.എസ്. എന്നീ സ്കൂളുകളിൽ കിലയുടെ നിർവ്വഹണ ചുമതലയിൽ ഒരു കോടി മുപ്പത് ലക്ഷം രൂപ വീതം വിനിയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാകാനുള്ളത്; കാലതാമസം ഒഴിവാക്കി പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഒളവണ്ണ തുമ്പയിൽ പഞ്ചായത്ത് സ്കൂൾ ഏറ്റെടുക്കൽ നടപടി

3332 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ തുമ്പയിൽ പഞ്ചായത്ത് സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച എൻ1/23/2022-ജി.ഇ. നമ്പർ ഫയലിൽ തീരുമാനമെടുക്കുന്നത് വൈകുന്നതിന് ഇടയാക്കിയ കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ട് കത്തയച്ചത് എന്നാണ്;

(സി) സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെ ഏറ്റെടുക്കൽ നടപടി ഉത്തരവ് എപ്പോൾ പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പൊതുവിദ്യാലയങ്ങളിലെ താൽക്കാലിക അധ്യാപക നിയമനം

3333 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം പൊതുവിദ്യാലയങ്ങളിൽ എത്ര താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്;

(ബി) ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്;

(സി) പ്രസ്തുത താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) കഴിഞ്ഞവർഷം പൊതുവിദ്യാലയങ്ങളിൽ താൽക്കാലിക നിയമനങ്ങൾക്കായി എത്ര അദ്ധ്യാപകരെ തെരഞ്ഞെടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത നിയമനങ്ങൾ നടത്തുമ്പോൾ സംവരണ തത്വം പാലിക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കാമോ?

## സ്കൂൾ പാചകതൊഴിലാളികളുടെ വേതന കുടിശ്ശിക

3334 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പാചകതൊഴിലാളികളുടെ കുറഞ്ഞ വേതനം എത്രയായാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; സ്കൂൾ പാചകതൊഴിലാളികളുടെ വേതനയിനത്തിലെ നിലവിലെ കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ?

## സ്കൂൾ പാചകതൊഴിലാളികളുടെ ശമ്പളകുടിശ്ശിക

3335 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകതൊഴിലാളികളുടെ ശമ്പളവും അലവൻസും വൈകുന്നതും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കാത്തതും പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂൾ പാചകതൊഴിലാളികളുടെ വേതന കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പുതിയ അധ്യയന വർഷത്തിൽ അവരുടെ ശമ്പളം സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആലപ്പുഴ ജില്ലയിലെ എൽ.പി. എസ്.ടി./യു.പി.എസ്.ടി. തസ്തികകളിലെ ഒഴിവുകൾ

3336 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ സർക്കാർ എൽ.പി.എസ്.ടി./യു.പി.എസ്.ടി. തസ്തികകളിൽ 2025 മാർച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ വിരമിക്കുന്ന അധ്യാപകരുടെയും പ്രൈമറി പ്രധാനാധ്യാപകരുടെയും പേരും സ്കൂളും അവർ വിരമിക്കുന്ന തീയതിയും വേർതിരിച്ച നൽകാമോ;

(ബി) പ്രസ്തുത തസ്തികകളിൽ 2023-2024 അധ്യായന വർഷം ഉണ്ടായ എത്ര അധിക തസ്തികയ്ക്ക് വേണ്ടിയാണ് ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷൻ ഓഫീസിലേക്ക് ശിപാർശ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ആലപ്പുഴ ജില്ലയിൽ അധിക തസ്തികകൾ ഉണ്ടായ സ്കൂളുകളുടെ പേരും അധിക തസ്തികയുടെ എണ്ണവും വേർതിരിച്ച് നൽകാമോ;

(ഡി) 2024-2025 അധ്യായന വർഷത്തെ ആറാം പ്രവൃത്തി ദിവസത്തെ കണക്കനുസരിച്ച ആലപ്പുഴ ജില്ലയിലെ സർക്കാർ സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞതുകൊണ്ടും കൂടിയതുകൊണ്ടും തസ്തിക നഷ്ടപ്പെട്ടുവാനും അധിക തസ്തിക ലഭിക്കുവാനും സാധ്യതയുള്ള സ്കൂളുകളുടെ പേരുകൾ വേർതിരിച്ച നൽകാമോ?

## <u>പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് അധ്യാപക നിയമനം</u>

3337 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ ഹൈസ്കൂളുകളിൽ നിലവിലുള്ള ഇംഗ്ലീഷ് അധ്യാപക തസ്തികകളുടെ എണ്ണം, നിലവിൽ സേവനമനുഷ്ഠിക്കുന്ന ഇംഗ്ലീഷ് അധ്യാപകരുടെ എണ്ണം , നിലവിൽ ഒഴിഞ്ഞുകിടക്കുന്ന ഇംഗ്ലീഷ് അധ്യാപക തസ്തികകളുടെ എണ്ണം എന്നിവ എത്ര വീതമാണെന്ന് ഇനം തിരിച്ച് അറിയിക്കുമോ;

(ബി) ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ;

(സി) ഇംഗ്ലീഷിൽ ബിരുദം അല്ലെങ്കിൽ ബിരുദാനന്തര ബിരുദവും ബി. എഡും ഇല്ലാതെ പൊതുവിദ്യാഭ്യാസ മേഖലയിലെ ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകരുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) ഹൈസ്കൂളിൽ ഇംഗ്ലീഷ് അധ്യാപകരെ പ്രത്യേകം നിയമിക്കണമെന്ന ഹൈക്കോടതി ഉത്തരവ് നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(ഇ) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം</u>

3338 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ പിന്തുണ നൽകാൻ വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ;

(ബി) സമഗ്ര ശിക്ഷ കേരളയ്ക്ക് കീഴിൽ സംസ്ഥാനത്ത് എത്ര സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ പ്രവർത്തിച്ചുവരുന്നു എന്ന് ജില്ല തിരിച്ച് കണക്ക് നൽകാമോ ;

(സി) സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ഡി) സ്പെഷ്യൽ എഡ്യൂക്കേറ്റർമാർക്ക് പ്രതിമാസം നൽകുന്ന വേതനം പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കാമോ;

(ഇ) എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**<u>മലപ്പുറം ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ (കണക്ക്) തസ്തികയിലെ ഒഴിവുകൾ</u>**

3339 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ (കണക്ക്) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് എന്നറിയിക്കാമോ; ഇതിൽ പി.എസ്.സി. മുഖാന്തിരം നിയമനത്തിനായുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത നിയമനത്തിനായുള്ള ഒഴിവുകളിൽ പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളും തരം തിരിച്ച് വ്യക്തമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ നിന്നും 2025, 2026 വർഷങ്ങളിൽ ഹൈസ്കൂൾ ടീച്ചർ (കണക്ക്) തസ്തികയിൽ നിന്നും വിരമിക്കുന്ന അധ്യാപകരുടെ പേരും അവരുടെ ഇപ്പോഴത്തെ മാതൃ സ്കൂളും വ്യക്തമാക്കാമോ?

**<u>എയ്ഡഡ് സ്കൂളുകളിലെ അധ്യാപക, അനധ്യാപക നിയമനങ്ങൾ അംഗീകരിക്കാൻ നടപടി</u>**

3340 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക, അനധ്യാപക നിയമനങ്ങൾ അംഗീകരിക്കാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) നിയമന അംഗീകാരത്തിന് എത്തുന്ന അപേക്ഷകളിൽ വർഷങ്ങളോളം തീരുമാനം കൈകൊള്ളാത്തത് മൂലം നിരവധി ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) നിയമന സമയത്ത് കെ-ടെറ്റ് ഇല്ലാതിരിക്കുകയും അതിന് ശേഷം ഈ അധിക യോഗ്യത നേടുകയും ചെയ്തവരുടെ നിയമനം യോഗ്യത നേടിയ സമയം മുതൽ നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിൽ നിയമനത്തിന് ശേഷം അധിക യോഗ്യത നേടിയ നിരവധി ജീവനക്കാരുടെ നിയമനം അംഗീകരിക്കുകയും എന്നാൽ സമാന രീതിയിൽ യോഗ്യത നേടിയ മറ്റു നിരവധി പേരുടെ നിയമനം അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## താൽക്കാലിക അധ്യാപക നിയമനം

3341 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിയമനത്തിനായി അധ്യാപകരെ തെരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കാമോ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് താൽക്കാലിക അധ്യാപകരെ നിയമിക്കുന്നത്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ താൽക്കാലിക അധ്യാപകരെ നിയമിച്ചിട്ടുണ്ടോ; പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) താൽക്കാലിക അധ്യാപകരെ നിയമനത്തിനായി തെരഞ്ഞെടുക്കുമ്പോൾ അവരുടെ വേതനം സർക്കാർ ഖജനാവിൽ നിന്നാണോയെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത താൽക്കാലിക ജീവനക്കാരെ സംവരണം പാലിച്ചുകൊണ്ടാണോ തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കാമോ?

## അദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം

3342 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം സംബന്ധിച്ച് അദാലത്ത് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അദാലത്ത് പരിശോധന നടത്തുന്നത്; ഏത് കാലയളവിലെ അപേക്ഷകളാണ് അദാലത്തിൽ പരിഗണിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യത്തിൽ എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരുടെ സ്ഥിരനിയമനം നടത്തുവാൻ സാധിക്കാത്തത് അക്കാദമിക നിലവാരത്തെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## യു.പി.എസ്.ടി അധ്യാപക തസ്തിക നിർണയം

3343 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ യു.പി.എസ്.ടി. അധ്യാപക തസ്തിക നിർണ്ണയം പൂർത്തിയാക്കി നാളിതുവരെ അധിക തസ്തികകൾ അനുവദിക്കാത്തതിന് കാരണം എന്തെന്ന് വിശദമാക്കാമോ; വിദ്യാഭ്യാസ അവകാശ നിയമപ്രകാരവും കെ.ഇ.ആർ. പ്രകാരവുമുള്ള തസ്തിക നിർണ്ണയം അനിശ്ചിതമായി നീണ്ടുപോകുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) 2023-24 വർഷത്തെ യു.പി.എസ്.ടി. അധ്യാപക തസ്തിക നിർണ്ണയ പ്രകാരം പൊതുവിദ്യാലയങ്ങളിൽ എത്ര അധിക തസ്തികയാണ് ആവശ്യമുള്ളതെന്നും അതിന്റെ ജില്ല തിരിച്ചുള്ള കണക്കും വ്യക്തമാക്കാമോ;

(സി) 2024-25 വർഷം ആരംഭിച്ചിട്ടും എന്തുകൊണ്ടാണ് ഇതുവരെയും 2023-24 വർഷത്തെ യു.പി.എസ്.ടി.യുടെ അധിക തസ്തികകൾ അനുവദിക്കാത്തതെന്ന് വിശദമാക്കാമോ; ആവശ്യത്തിന് വിദ്യാർത്ഥികൾ ഉണ്ടായിട്ടും യു.ഐ.ഡി. പോലുള്ള സാങ്കേതിക പ്രശ്നം പറഞ്ഞ് തസ്തിക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ആവശ്യത്തിന് അധ്യാപകർ ഇല്ലാത്തതും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത മൂലവും പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം കഴിഞ്ഞ വർഷങ്ങളിൽ തുടർച്ചയായി കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) 2024-25 വർഷത്തെ തസ്തിക നിർണയം എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

## ട്രൈബൽ മേഖലയിൽ നിന്നുള്ള കുട്ടികൾ

3344 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ട്രൈബൽ മേഖലയിൽ നിന്നുള്ള എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തെ വിവിധ ട്രൈബൽ സ്കൂളുകളിൽ എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ ട്രൈബൽ മേഖലയിൽ നിന്നുള്ള എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്നും വിവിധ ട്രൈബൽ സ്കൂളുകളിൽ എത്ര കുട്ടികൾ ഒന്നാം ക്ലാസ്സിൽ അഡ്മിഷൻ എടുത്തിട്ടുണ്ടെന്നും ഇതിൽ എത്ര കുട്ടികൾ അധ്യയന വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ അധ്യയന വർഷം സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നും ട്രൈബൽ വിഭാഗത്തിൽപ്പെട്ട എത്ര കുട്ടികൾ അധ്യയന വർഷം പൂർത്തീകരിക്കാതെ പഠനം അവസാനിപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## ചെറുകോട് ട്രൈബൽ സ്കൂളിന്റെ കെട്ടിട നിർമ്മാണം

3345 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ചെറുകോട് ട്രൈബൽ സ്കൂളിനായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായ വർഷം ഏതാണ്; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പദ്ധതി ആരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## അൺ എയ്ഡഡ് ഹൈസ്കൂളുകളിൽ പ്ലസ് വൺ ആരംഭിക്കുന്നതിന് നടപടി

3346 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന എത്ര ഹൈസ്കൂളുകളിലാണ് പ്ലസ് വൺ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന് സാമ്പത്തിക ബാധ്യത വരാതെ എല്ലാ അൺ എയ്ഡഡ് ഹൈസ്കൂളുകളിലും പ്ലസ് വൺ ആരംഭിക്കാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ നയപരമായ തീരുമാനമെടുക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോയെന്ന് വ്യക്തമാക്കുമോ?

## പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത നടപടി

3347 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ എത്ര സ്കൂളുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ബി) പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള സ്കൂളുകൾ സർക്കാർ നിയന്ത്രണത്തിലാക്കാനുള്ള നയപരമായ തീരുമാനമെടുത്തത് എന്നാണ്; എത്ര സ്കൂളുകളാണ് അപ്രകാരം ഏറ്റെടുത്തതെന്ന് അറിയിക്കാമോ;

(സി) സർക്കാർ ഏറ്റെടുത്ത എല്ലാ സ്കൂളുകൾക്കും കെ.ഇ.ആർ. പ്രകാരമുള്ള സ്ഥലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിലെ ഒളവണ്ണ തുമ്പയിൽ സ്കൂളിനെ സർക്കാർ ഏറ്റെടുക്കുന്നതിൽ നിന്ന് ഒഴിവാക്കാനുള്ള കാരണം അറിയിക്കാമോ?

## എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പാൾ തസ്തിക

3348 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ അപ്ഗ്രേഡ് ചെയ്ത എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത തസ്തികകളിൽ പ്രിൻസിപ്പൽ ചാർജ്ജ് വഹിക്കുന്ന ആവശ്യമായ യോഗ്യതയുള്ള അധ്യാപകർക്ക് നിയമന അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## ദിവസ വേതന അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം

3349 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വിദ്യാഭ്യാസ ഉപജില്ലയിലെ കോഡൂർ ചോലക്കൽ ബി.എ.എം.എൽ.പി. സ്കൂളിൽ 2022-23, 2023-24 അധ്യയന വർഷങ്ങളിൽ സംരക്ഷിത അധ്യാപക തസ്തികയിൽ മാനേജർ നടത്തിയ ദിവസ വേതന അധ്യാപക നിയമനങ്ങൾ എത്രയെണ്ണം അംഗീകരിച്ച് ഉത്തരവ് നൽകി; ഇനിയും എത്ര നിയമനങ്ങൾക്ക് അംഗീകാരം നൽകാനുണ്ട്; വിശദാംശം നൽകുമോ;

(ബി) നിയമനം നടത്തി രണ്ട് അധ്യയന വർഷങ്ങൾ പിന്നിട്ടിട്ടും സർക്കാർ അനുകൂല ഉത്തരവുകൾ നൽകിയിട്ടും ദിവസ വേതന പ്രൊപ്പോസലുകൾ പോലും അംഗീകാരം നൽകാതെ വച്ച് താമസിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇക്കാര്യം വകുപ്പ് തലത്തിൽ പരിശോധിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾ അംഗീകരിക്കുവാൻ ഇനിയും സ്പഷ്ടീകരണം ആവശ്യമുണ്ടോ; എങ്കിൽ ഏതു ഓഫീസിൽ നിന്നാണ് വേണ്ടതെന്നും എന്തു വിഷയത്തിലാണ് സ്പഷ്ടീകരണം ആവശ്യമുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) സ്പഷ്ടീകരണം ആവശ്യമെങ്കിൽ ഇതു സംബന്ധിച്ച് മലപ്പുറം വിദ്യാഭ്യാസ ഉപജില്ലാ ഓഫീസിൽ നിന്നും ബന്ധപ്പെട്ട ഓഫീസിനോട് അഭിപ്രായം തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സ്കൂളിൽ 2022-23, 2023-24 അധ്യയന വർഷങ്ങളിൽ നടത്തിയ എല്ലാ ദിവസ വേതന നിയമനങ്ങൾക്കും എന്നത്തേക്ക് അംഗീകാരം നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

## പാലക്കാട് ജില്ലയിലെ ഹയർ സെക്കൻഡറി സീറ്റുകളുടെ എണ്ണം

3350 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലായി എത്ര ഹയർ സെക്കൻഡറി സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

3351 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു കോഴ്സുകളിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ;

(ബി) നേരത്തെ അനുവദിച്ചിരുന്ന ഗ്രേസ് മാർക്ക് ഇപ്പോൾ അനുവദിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏറെ പരിമിതികൾക്കിടയിലും വിദ്യാഭ്യാസം നേടുന്ന എസ്.എസ്.എൽ.സി., പ്ലസ് ടു ക്ലാസുകളിലെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേകമായി മൂല്യനിർണ്ണയം നടത്തുന്നതിനും ആയത് പ്രകാരം ഗ്രേഡ് നിശ്ചയിച്ച് നൽകുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

## സ്കോൾ കേരളയിൽ ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൃത്രിമം

3352 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയിൽ ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റത്തിൽ സോഫ്റ്റ്‌വെയറിൽ കൃത്രിമം നടത്തിയത് സംബന്ധിച്ച മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ സ്ഥാപനത്തിൽ ബയോമെട്രിക് പഞ്ചിങ് മെഷീൻ സ്ഥാപിച്ചത് കെൽട്രോൺ ആണോ; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഉദ്യോഗസ്ഥർക്ക് ശമ്പളം അനുവദിക്കുന്നതിന് ബയോമെട്രിക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം ആണോ ഉപയോഗിക്കുന്നത്; എന്ന് മുതലാണ് ഇത് നടപ്പിൽ വരുത്തിയതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിലെ പഞ്ചിംഗ് മെഷീനിൽ ഫിംഗർപ്രിന്റ് പതിക്കുന്നതിന് പകരം ഐഡന്റിറ്റി കാർഡ് ഉപയോഗിച്ച് പഞ്ച് ചെയ്ത് ക്രമക്കേട് കാട്ടിയ ജീവനക്കാരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ; ഇത് മൂലം സ്ഥാപനത്തിന് എത്ര രൂപയുടെ നഷ്ടമുണ്ടായതായാണ് കണക്കാക്കിയിട്ടുള്ളതെന്നറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിലെ ബയോമെട്രിക് പഞ്ചിങ് മെഷീന്റെ സോഫ്റ്റ്‌വെയറിൽ കൃത്രിമം നടത്തിയ സംഭവത്തിൽ എന്ത് അന്വേഷണം നടത്തി എന്നും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

## നാദാപുരം മണ്ഡലത്തിലെ സ്കൂൾ കെട്ടിട നവീകരണം

3353 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേനയും വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും സ്കൂൾ നവീകരണത്തിന് അനുവദിച്ച തുകയും സ്കൂളുകളുടെ പേരും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## ഒന്നാം ക്ലാസിലേയ്ക്ക് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം

3354 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2014 മുതൽ 2024 വരെയുള്ള ഓരോ വർഷവും ഒന്നാം ക്ലാസിലേയ്ക്ക് പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം എത്ര വീതമായിരുന്നുവെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളുടെയും വിജയിച്ച വിദ്യാർത്ഥികളുടെയും എണ്ണം എത്ര വീതമായിരുന്നുവെന്ന് വർഷം തിരിച്ച് ലഭ്യമാക്കാമോ?

## യു.എസ്.എസ്. പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ

3355 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷത്തിൽ സംസ്ഥാനത്ത് യു.എസ്.എസ്. പരീക്ഷയ്ക്ക് വേണ്ടി ആകെ എത്ര കുട്ടികളാണ് അപേക്ഷിച്ചതെന്നും അതിൽ എത്ര കുട്ടികൾ പരീക്ഷ എഴുതിയെന്നും അവരിൽ എത്ര പേർ സ്കോളർഷിപ്പിന് അർഹത നേടി എന്നുമുള്ള കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) 2023-24 അധ്യയന വർഷം ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ യു.എസ്.എസ്. പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലേയും ആദ്യ പതിനഞ്ച് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) പ്രസ്തുത അദ്ധ്യയന വർഷം ഏറ്റവും കൂടുതൽ കുട്ടികൾ യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹത നേടിയ ആദ്യ പതിനഞ്ച് സ്കൂളുകളുടെ പേര് ജില്ല തിരിച്ച് ലഭ്യമാക്കുമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകൾ</u>**

3356 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി, പ്ലാൻ ഫണ്ട് എന്നിവ മുഖേന കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുള്ള സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കുളിലെ ഇൻസ്ട്രക്ടർ തസ്തിക</u>**

3357 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒരു കോഴ്സ് നിലനിർത്തുന്നതിന് എത്ര വിദ്യാർത്ഥികൾ വേണമെന്ന് വ്യക്തമാക്കുമോ;

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറിസ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് കോഴ്സ് സംവിധാനം നടപ്പിലാക്കിയതിനുശേഷം ഒരു കോഴ്സ് പഠിപ്പിക്കുന്നതിന് മൂന്ന് ഇൻസ്ട്രക്ടർ തസ്തികയുടെ ആവശ്യകതയുണ്ടോ; അവരുടെ പുനർവിന്യാസം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി ആഴ്ചയിൽ 12 മണിക്കൂർ ജോലിഭാരമുള്ള ജൂനിയർ തസ്തികയിലുള്ള

സീനിയർ സ്കെയിൽ ശമ്പളം കൈപ്പറ്റുന്ന നോൺ വൊക്കേഷണൽ ഇൻസ്ട്രക്ടർ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ്- 2 തസ്തികയിലെ ശമ്പള സ്കെയിൽ അനുവദിക്കപ്പെട്ട സാഹചര്യത്തിൽ ഒരു കോഴ്സിൽ രണ്ട് ഇൻസ്ട്രക്ടറുടെ ആവശ്യകത ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അവരുടെ പുനർവിന്യാസം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ആദിവാസി വിദ്യാർത്ഥികളുടെ പഠനം ഉപേക്ഷിക്കൽ

3358 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ൽ സംസ്ഥാനത്തെ സ്കൂളുകളിൽ നിന്നും നിരവധി ആദിവാസി വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) എങ്കിൽ ആദിവാസി വിദ്യാർത്ഥികൾ പഠനം ഉപേക്ഷിച്ചു പോകാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## സ്കൂൾ കുട്ടികൾക്കുള്ള ദേശീയ സമ്പാദ്യ പദ്ധതി

3359 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികൾക്കുള്ള ദേശീയ സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ മേൽനോട്ടത്തിനായി ഒരോ സ്കൂളിലും ഒരു ടീച്ചർക്ക് ചുമതല നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അദ്ധ്യാപകരുടെ സമിതിയെ നിയോഗിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുമെങ്കിൽ പ്രസ്തുത ഇനത്തിൽ ലഭിക്കുന്ന തുക സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നിർമ്മിത ബുദ്ധി പരിശീലനം

3360 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ഹൈസ്കൂൾ, ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കാണ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കൈറ്റ് വഴി നിർമ്മിത ബുദ്ധി സംബന്ധിച്ച പരിശീലനം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ

3361 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കാനും തൊഴിൽ ശാക്തീകരണം ഉറപ്പുവരുത്താനുമായി നടപ്പിലാക്കുന്ന നൂതന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ?

## പുതിയ പ്ലസ് ടു ബാച്ച് അനുവദിക്കുവാൻ നടപടി

3362 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ ഹയർസെക്കൻഡറി സ്കൂളുകളിൽ എവിടെയെങ്കിലും പുതിയ പ്ലസ് ടു ബാച്ച് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## പൊതുവിദ്യാലയങ്ങളിലെ ലൈബ്രറി സംവിധാനം

3363 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ആവശ്യമായ രീതിയിൽ ലൈബ്രറി സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ലൈബ്രറികൾ പ്രവർത്തിപ്പിക്കുന്നതിന് പൊതുവിദ്യാലയങ്ങളിൽ ലൈബ്രേറിയൻ തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് വകുപ്പ് കൈക്കൊണ്ട തീരുമാനം വ്യക്തമാക്കുമോ;

(സി) കേരള വിദ്യാഭ്യാസ ചട്ട പ്രകാരം പൊതുവിദ്യാലയങ്ങളിൽ ലൈബ്രറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

## ഉച്ചഭക്ഷണ പദ്ധതി

3364 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായുള്ള തുകയിൽ എന്തെങ്കിലും വെട്ടിക്കുറയ്ക്കൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രൈമറിതലത്തിൽ ഉച്ചഭക്ഷണത്തിനുള്ള തുകയിൽ രണ്ടു രൂപ വെട്ടിക്കുറച്ചത് പ്രധാന അധ്യാപകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തീരുമാനം പിൻവലിച്ചുകൊണ്ട് തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ അനുബന്ധ ചെലവുകൾക്കുള്ള തുക മുൻകൂട്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പഠന സൗകര്യങ്ങൾ

3365 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ റൈറ്റ്സ് ഓഫ് പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ആകെ നിലവിൽ എത്ര ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുണ്ടെന്ന കണക്ക് ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) നിലവിലെ സ്കൂൾ വിന്യാസ പ്രകാരം പ്രസ്തുത ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൂർണതോതിൽ അധ്യയനം ലഭ്യമാക്കുന്നതിന് ആവശ്യമായ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ എണ്ണം എത്രയാണെന്ന ഇനം തിരിച്ചുള്ള കണക്ക് അറിയിക്കുമോ;

(സി) ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ നിലവിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ആകെ എണ്ണം എത്രയാണെന്ന കണക്ക് ഭിന്നശേഷി വിഭാഗങ്ങൾ തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഇത്രയും പ്രാധാന്യമർഹിക്കുന്ന ചുമതലകൾ നിർവഹിക്കേണ്ട സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ ആവശ്യമായതിന്റെ മൂന്നിലൊന്ന് എണ്ണം മാത്രമേ ഉള്ളൂവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നിലവിലെ ചട്ടങ്ങൾ പ്രകാരം സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ചുമതലകൾ എന്തെല്ലാമാണ്; ക്ലാസ് റൂമിലെ അധ്യയനത്തിന് പുറമേ മറ്റെന്തെല്ലാം ചുമതലകളാണ് ഇവരിൽ നിക്ഷിപ്തമായിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എഫ്) ഭിന്നശേഷി വിദ്യാർത്ഥികളുടെ അധ്യയനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് ഭിന്നശേഷി കുട്ടികളുടെ മാതാപിതാക്കളുടെ കൂട്ടായ്മയായ നവജീവൻ ബാലാവകാശ കമ്മീഷന് പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ വിഷയങ്ങളാണ് പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്; ഈ പരാതികൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

## സ്കൂളുകളിൽ വായനശീലം വളർത്തുന്നതിനായുള്ള നടപടി

3366 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ വായനാശീലം വളർത്തുന്നതിനായി പ്രൈമറി, അപ്പർ പ്രൈമറി തലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് എന്തെല്ലാം കാര്യങ്ങളാണ് വിദ്യാലയങ്ങളിൽ നടത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ആലോചിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ വായനാശീലം പ്രോത്സാഹിപ്പിക്കുവാൻ വിദ്യാഭ്യാസ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

## വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം

3367 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം സംബന്ധിച്ച് സർക്കാർ അധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ചർച്ചയിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് അറിയിക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) വിദ്യാഭ്യാസ കലണ്ടർ പരിഷ്കരണം സംബന്ധിച്ച് അധ്യാപക സംഘടനകൾ പ്രതിഷേധം ഉയർത്തിയിരിക്കുന്ന സാഹചര്യത്തിൽ എന്തെങ്കിലും പുനർവിചിന്തനത്തിന് ആലോചിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

**<u>കുറിച്ചി ടെക്നിക്കൽ സ്കൂളിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി</u>**

3368 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ കുറിച്ചി ടെക്നിക്കൽ സ്കൂളിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

**<u>സ്കൂൾ പി.റ്റി.എ.യുടെ കർത്തവ്യങ്ങളും ചുമതലകളും</u>**

3369 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പി.റ്റി.എ.യുടെ ഘടന വിശദമാക്കാമോ;

(ബി) സ്കൂൾ പി.റ്റി.എ.യുടെ കർത്തവ്യങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏറ്റവുമൊടുവിൽ പരിഷ്കരിച്ച് പുറത്തിറക്കിയ ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>ബാലുശ്ശേരി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം</u>**

3370 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ അവിടനല്ലൂർ ജി.എച്ച്.എസ്.എസ്-ന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി തുക അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**<u>പത്തനംതിട്ട ജില്ലയിൽ പാർട്ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികയിൽ നിയമനം</u>**

3371 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ പാർട്ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ തസ്തികയിൽ അഡ്വൈസ് ലഭിച്ചിട്ടും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളതെന്നും എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വിശദമാക്കാമോ;

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേക്ക് അഡ്വൈസ് ചെയ്തിട്ടും നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

**ഹൈസ്കൂൾ ടീച്ചർ (ഗണിതം) തസ്തികയിലെ ഒഴിവുകൾ**

3372 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഹൈസ്കൂൾ ടീച്ചർ (ഗണിതം) തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ജില്ലയിലെ ഹൈസ്കൂൾ ടീച്ചർ (ഗണിതം) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ റാങ്ക് ലിസ്റ്റിൽ നിന്ന് നികത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകളുടെ വിശദാംശം**

3373 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ അനുവദനീയമായ ക്ലർക്ക്, ടൈപ്പിസ്റ്റ് തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കുമോ; കൊല്ലം ജില്ലയിൽ പ്രസ്തുത തസ്തികകളിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിൽ പ്രസ്തുത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിലോ, കരാർ അടിസ്ഥാനത്തിലോ, വർക്കിംഗ് അറേഞ്ച്മെന്റിലോ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**വി.എച്ച്.എസ്.ഇ വൊക്കേഷണൽ ഇൻസ്ട്രക്ടർ നിയമനം**

3374 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗത്തിൽ വൊക്കേഷനൽ ഇൻസ്ട്രക്ടറുടെ വിരമിച്ച ഒഴിവിലേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരെ നിയമിക്കാത്തത് മൂലം വിദ്യാർത്ഥികളുടെ സ്കിൽ പഠനത്തിൽ ഉണ്ടാകുന്ന പോരായ്മ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ബി) വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ യോഗ്യരായ വൊക്കേഷണൽ ഇൻസ്ട്രക്ടർമാർക്ക് സ്ഥാനക്കയറ്റം ലഭ്യമാക്കുന്നതിൽ നിലവിൽ തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

**നിയമന അംഗീകാരം ലഭിക്കാത്ത അധ്യാപകർ**

3375 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിയമനാംഗീകാരം ലഭിക്കാതെ അധ്യാപനം നടത്തുന്ന എത്ര അധ്യാപകരാണ് നിലവിലുള്ളതെന്ന് എൽ.പി., യു.പി., ഹൈസ്കൂൾ എന്നിങ്ങനെ തരംതിരിച്ച് എണ്ണം ലഭ്യമാക്കുമോ;

(ബി) ഏതു വർഷം മുതൽ ജോലി നോക്കുന്നവർക്കാണ് നിയമനാംഗീകാരം ലഭിക്കാനുള്ളത്; ഇപ്രകാരം ജോലി ചെയ്യുന്നതിൽ 10 വർഷത്തിലേറെയായി ആനുകൂല്യങ്ങൾ ഒന്നും ലഭിക്കാതെ ജോലി ചെയ്യുന്ന അധ്യാപകരും ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ എണ്ണം പരിഗണിക്കാതെ ഓരോ ക്ലാസിലും ഒരു അധ്യാപകൻ ഉണ്ടാകണമെന്ന് കെ.ഇ.ആർ. നിഷ്കർഷിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഒരു സ്കൂളിൽ അധ്യാപനവും അനധ്യാപക പ്രവർത്തനങ്ങളും തുടങ്ങി ഒരേ ചുമതലകൾ നിർവഹിക്കുന്ന അധ്യാപകരെ വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അംഗീകാരമുള്ളവരും അംഗീകാരം ഇല്ലാത്തവരും എന്നിങ്ങനെ രണ്ട് തട്ടുകളാക്കി നിർത്തുന്നത് ശാസ്ത്രീയമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഒരേ ജോലി ചെയ്യുമ്പോഴും മറ്റ് സഹപ്രവർത്തകരുടെ മുന്നിൽ രണ്ടാം തരക്കാരായി ജീവിക്കേണ്ടിവരുന്ന അർഹരായ അധ്യാപകർക്ക് നിയമന അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമനം

3376 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ആശ്രിത നിയമന വ്യവസ്ഥയിൽ ജോലി ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകരിൽ നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചവർ എത്രയെന്ന് വിശദമാക്കാമോ;

(സി) വർക്കല മണ്ഡലത്തിലെ പകൽകുറി ഗവ.എച്ച്.എസ്.എസ്.- ൽ ലാബ് അസിസ്റ്റന്റായി സേവനം അനുഷ്ഠിക്കവെ അന്തരിച്ച ശ്രീകുമാറിന്റെ മകൻ ശ്രീ. അലൻ. എസ്-ന് നിയമനം നൽകുവാൻ 28.09.2022-ലെ സ.ഉ. (കൈ) നം. 171/2022/ജി.ഇ.ഡി. പ്രകാരം ഉത്തരവ് ആയെങ്കിലും നിയമന ഉത്തരവ് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിനു കാരണം വ്യക്തമാക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പിലെ എച്ച്.എസ്.ടി ഇംഗ്ലീഷ് നിയമനം

3377 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹൈസ്കൂളുകളിൽ ഇംഗ്ലീഷിനെ ഭാഷയാക്കി പരിഗണിച്ചുകൊണ്ട് എല്ലാ സ്കൂളുകളിലും ഇംഗ്ലീഷ് അധ്യാപകരെ നിയമിക്കണമെന്ന കെ.ഇ.ആർ (കേരള എജ്യൂക്കേഷൻ റൂൾ) ഭേദഗതിക്കു ശേഷം എത്ര എച്ച്.എസ്.റ്റി.

ഇംഗ്ലീഷ് നിയമനം നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ; എച്ച്.എസ്.റ്റി. ഇംഗ്ലീഷ് നിയമനവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എച്ച്.എസ്.ടി ഇംഗ്ലീഷ് നിയമനവുമായി ബന്ധപ്പെട്ടുള്ള കോടതി അലക്ഷ്യ കേസിൽ (ഐ.എ.നം.1/2024 ഐ.എൻ. ഡബ്ല്യൂ.പി.(സി) നം.23159 ഓഫ് 2018(എസ്)) തസ്തിക സൃഷ്ടിക്കാൻ ഉത്തരവുണ്ടായിട്ടും പ്രസ്തുത തസ്തിക സൃഷ്ടിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ</u>

3378 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം വെട്ടിക്കുറച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആറ് വർഷമായി വേതന വർദ്ധനവ് ഇല്ലാത്ത സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ വേതനം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ സ്ഥിരമായി നിയമിക്കണമെന്ന സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എല്ലാ പൊതുവിദ്യാലയങ്ങളിലും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ മുഴുവൻ സമയ സേവനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ഭാഷാ അധ്യാപകർ സോഷ്യൽ സയൻസ് പഠിപ്പിക്കുന്ന സാഹചര്യം</u>

3379 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അധ്യാപക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ സോഷ്യൽ സയൻസ് വിഷയം ഭാഷാധ്യാപകർ പഠിപ്പിച്ചുകൊണ്ടിരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എതെല്ലാം റ്റി.റ്റി.ഐ.കളിലാണ് ഇത്തരം അധ്യാപകർ പഠിപ്പിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ യോഗ്യതയില്ലാത്ത അധ്യാപകർ അധ്യാപക വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതുമൂലം വിദ്യഭ്യാസത്തിന്റെ ഗുണനിലവാരം കുറയുവാൻ ഇടയായതായി പറയപ്പെടുന്ന സാഹചര്യം വ്യക്തമാക്കുമോ;

(സി) ഇത്തരം നിയമനങ്ങൾ നടത്തിയ നിയമനാധികാരികൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം പ്രവണതകൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ഭാഷ അദ്ധ്യാപകരെ നിയമിച്ചുകൊണ്ട് സർക്കാർ ഖജനാവിൽ നിന്നും നിയമപരമല്ലാതെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വര്ഷങ്ങളോളം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന തിനെതിരായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഇത്തരത്തിൽ സോഷ്യൽ സയൻസ് പഠിപ്പിക്കാൻ യോഗ്യതയില്ലാത്ത മറ്റ് അദ്ധ്യാപകരെ നിയമിച്ചതുമൂലം എച്ച്.എസ്.എ. (സോഷ്യൽ സയൻസ്) തസ്തികയുടെ മുൻ റാങ്ക് ലിസ്റ്റിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലിക്കുള്ള അവസരം നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## <u>എച്ച്.എസ്.റ്റി, എച്ച്.എസ്.എസ്.റ്റി തസ്തികകളിലേക്ക് പ്രൊമോഷൻ</u>

3380 **ശ്രീ. ജോബ് മൈക്കിൾ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.റ്റി, എച്ച്.എസ്.എസ്.റ്റി തസ്തികകളിലേക്ക്(വിവിധ വിഷയങ്ങൾ), കോട്ടയം ജില്ലയിലെ സർക്കാർ സ്കൂളുകളിലെ എത്ര പ്രൈമറി അദ്ധ്യാപകർക്ക് ഈ വർഷം സ്ഥാനക്കയറ്റം ലഭിക്കുമെന്നും ഇതിൽ എത്ര യു.പി.എസ്.റ്റി. അദ്ധ്യാപകർ ഉണ്ടെന്നും അറിയിക്കാമോ; വിവിധ വിഷയങ്ങളിൽ നിലവിലുള്ള പ്രൊമോഷൻ ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കോട്ടയം ജില്ലയിലെ പി.ടി.എം. ജി.എച്ച്.എസ്. വെള്ളൂരിൽ നിന്നുള്ള യു.പി.എസ്.റ്റി. അദ്ധ്യാപകന്റെ അന്യത്ര സേവനം എന്ന് അവസാനിക്കുമെന്ന് വിശദമാക്കാമോ; ഈ ഒഴിവ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>എച്ച് .എസ്.റ്റി. നാച്വറൽ സയൻസ് തസ്തികയിലെ നിയമനം</u>

3381 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്. റ്റി. നാച്വറൽ സയൻസ് തസ്തികയിലേക്ക് നിയമനം നൽകുന്നതിന് ഏതെങ്കിലും തരത്തിലുള്ള അനുപാതം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മതിയായ നിയമനം ലഭിക്കുന്നില്ലെന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ അദ്ധ്യയന വർഷം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികയിൽ എത്ര പേർക്ക് നിയമന സാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>ഹൈസ്കൂളുകളിലെ ഇംഗ്ലീഷ് അധ്യാപക തസ്തിക</u>

3382 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ആവശ്യത്തിന് ഇംഗ്ലീഷ് അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇംഗ്ലീഷ് അധ്യാപകരുടെ താൽക്കാലിക തസ്തികകൾ സൃഷ്ടിച്ച് താൽക്കാലിക നിയമനങ്ങൾ നടത്തുന്ന നിയമവിരുദ്ധനടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ പുനപരിശോധിക്കുവാൻ തയ്യാറാകുമോ;

(സി) ഇംഗ്ലീഷ് ഭാഷ അധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## ഇംഗ്ലീഷ് അധ്യാപക തസ്തികകളിലെ നിയമനം

3383 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് ഇംഗ്ളീഷ് ബിരുദധാരികളെ പരിഗണിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് ഇംഗ്ളീഷ് ബിരുദധാരികളെ പരിഗണിച്ച് നിയമനം നടത്തണമെന്ന രീതിയിൽ കോടതി വിധി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇതിനെത്തുടർന്നു സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) ഹൈസ്കൂളുകളിൽ ഇംഗ്ലീഷ് അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച കോടതി നിർദ്ദേശം എന്തെന്നും ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കുമോ?

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്സ്

3384 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കെട്ടിടങ്ങൾ വെയ്ക്കുന്ന ഉടമകൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് സെസ്സ് അടയ്ക്കേണ്ടതുണ്ടോ;

(ബി) എങ്കിൽ സെസ്സ് നിർണ്ണയിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിട ഉടമകളിൽ നിന്നും സെസ്സ് പിരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സെസ്സ് പിരിക്കുന്നതിനായി ആരെയൊക്കെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് സെസ്സ് ഇനത്തിൽ ലഭ്യമായ തുക എത്രയാണെന്ന് അറിയിക്കാമോ;

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷം കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് തൊഴിലാളികൾക്ക് ലഭ്യമാക്കിയ തുക എത്രയാണെന്ന് അറിയിക്കാമോ?

## മിനിമം കൂലി നിശ്ചയിക്കൽ

3385 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അവസാനമായി മിനിമം കൂലി നിശ്ചയിച്ചത് ഏത് വർഷമാണെന്നും ഏതൊക്കെ മേഖലകളിൽ എത്ര തുക വീതമാണ് നിശ്ചയിച്ചിട്ടുള്ളതെന്നും ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) മിനിമം കൂലി നിശ്ചയിച്ച മേഖലകളിൽ ഈ കൂലി നൽകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇത് സംബന്ധിച്ച് പരാതികൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## സ്കൂൾ പാചക തൊഴിലാളികളുടെ ശമ്പളവും അലവൻസും

3386 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികൾക്ക് 2024 മാർച്ച് മാസത്തിൽ കിട്ടേണ്ട ശമ്പളവും 2024 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ ലഭിക്കേണ്ട അലവൻസും ഇതുവരെ നൽകുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാചക തൊഴിലാളികൾക്ക് പ്രസ്തുത തുകകൾ എപ്പോൾ നൽകുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

## ബോണക്കാട് ലയങ്ങളുടെ പുനരുദ്ധാരണം

3387 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോണക്കാട് ലയങ്ങളുടെ പുനരുദ്ധാരണം സംബന്ധിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഈ പുനരുദ്ധാരണ പ്രവൃത്തി എത്ര കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച തടസ്സങ്ങൾ നീക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## തൊഴിലില്ലായ്മ പരിഹരിക്കാൻ പദ്ധതികൾ

3388 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലില്ലായ്മ പരിഹരിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ വിശദമാക്കുമോ;

(സി) സ്ത്രീകളിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## തൊഴിൽ വകുപ്പ് ലഭ്യമാക്കുന്ന ഓൺലൈൻ അധിഷ്ഠിത സേവനങ്ങൾ

3389 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ അധിഷ്ഠിതമായ എന്തെല്ലാം സേവനങ്ങളാണ് തൊഴിൽ വകുപ്പ് ലഭ്യമാക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ തൊഴിലാളികൾക്കുണ്ടാകുന്ന ഗുണഫലങ്ങൾ വ്യക്തമാക്കുമോ;

(സി) സ്ത്രീ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കാൾ സെന്റർ സംവിധാനത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(ഡി) തൊഴിൽ മേഖലയിൽ കമ്പ്യൂട്ടർ അധിഷ്ഠിതമായ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദ വിവരം നൽകാമോ?

## പഠനത്തോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി

3390 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തോടൊപ്പം പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതിനുള്ള അവസരം വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി തൊഴിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സ്വകാര്യ മേഖലയെ ഈ പദ്ധതിയിൽ പങ്കാളിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൈലറ്റ് പ്രോഗ്രാം നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; എങ്കിൽ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

## പുനലൂർ മണ്ഡലത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾ

3391 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പുനലൂർ മണ്ഡലത്തിൽ തൊഴിൽ വകുപ്പ് മുഖേന അനുവദിച്ച് 2021 മാർച്ചിനു മുമ്പ് പൂർത്തിയാക്കാൻ കഴിയാതിരുന്ന വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; അനുവദിച്ച പ്രവൃത്തികളിൽ /പദ്ധതികളിൽ നിലവിലുള്ള പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന്റെ കീഴിൽ അനുവദിച്ച ഓരോ പ്രവൃത്തിയുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയാക്കിയവയുടെ വിശദാംശവും നടപ്പിലുള്ളവയുടെ നിലവിലെ സ്ഥിതിയും അവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത മണ്ഡലത്തിൽ വകുപ്പ് പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ / പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കാമോ?

**ബാല - കൗമാര തൊഴിലാളി (നിരോധനവും നിയന്ത്രണവും) നിയമം നടപ്പാക്കൽ**

3392 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാല - കൗമാര തൊഴിലാളി (നിരോധനവും നിയന്ത്രണവും) നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നടത്തിയ വിവിധ പ്രവർത്തനങ്ങളെയും പരിശോധനകളേയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

**ക്ഷേമനിധി ബോർഡ് അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സഹായങ്ങൾ**

3393 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലെ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ സഹായങ്ങളും ആനുകൂല്യങ്ങളും സംബന്ധിച്ച വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ക്ഷേമനിധി ബോർഡുകൾ തിരിച്ച് ലഭ്യമാക്കുമോ?

**കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ പെൻഷൻ**

3394 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി പെൻഷൻകാർക്ക് ലഭിക്കാനുള്ള പെൻഷൻ കുടിശികയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏത് മാസം വരെയുള്ള പെൻഷനാണ് ഇവർക്ക് വിതരണം ചെയ്തിട്ടുള്ളതെന്നും എത്ര മാസത്തെ പെൻഷൻ കുടിശികയാണ് ഇനി വിതരണം ചെയ്യാനുള്ളതെന്നും അറിയിക്കുമോ;

(സി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും എ.എൽ.പി. 23218 നമ്പർ പ്രകാരം പെൻഷൻ ലഭിക്കുന്ന ഹരിപ്പാട് മണ്ഡലത്തിലെ പരിമണം, മുട്ടം പി.ഒ., ആയിരംപ്പള്ളിൽ ബാബുവർഗ്ഗീസിന് ഏത് മാസം വരെയുള്ള പെൻഷൻ തുക വിതരണം ചെയ്തിട്ടുണ്ടെന്നും ശേഷിക്കുന്ന മാസങ്ങളിലേക്കുള്ള കുടിശിക എത്രയും വേഗം വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

**ഷോപ്സ് & എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി**

3395 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഷോപ്സ് & കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ മിനിമം കൂലി എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; പ്രസ്തുത തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകളോടൊപ്പം തൊഴിൽ സംരക്ഷണവും, പരിരക്ഷയും ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## ഗാർഹിക തൊഴിലാളികളുടെ ജോലി സുരക്ഷ

3396 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികളുടെ ജോലി സുരക്ഷയും വിവിധ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെണ് വിശദമാക്കാമോ;

(ബി) പ്രസ്തുത മേഖലയുമായി ബന്ധപ്പെട്ട പ്ലേസ്മെന്റ് ഏജൻസികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ചൂഷണം തടയുന്നതിമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## അംഗത്വവും പെൻഷനും പുനഃസ്ഥാപിച്ച് കിട്ടുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി

3397 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ, EM-48530 നമ്പർ അംഗമായിരുന്ന, വൈപ്പിൻ മണ്ഡലത്തിലെ എടവനക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 7, അറക്കത്തറ വീട്ടിൽ എ.സി. സുരേഷ്, ടിയാളുടെ അംഗത്വം പുനഃസ്ഥാപിച്ചു കിട്ടുന്നതിനും പെൻഷൻ ലഭിക്കുന്നതിനുമായി 08.08.2023 ന് എം.എൽ.എ. മുഖാന്തിരം സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച തൊഴിൽ വകുപ്പിലെ ജെ1/347/2023 നമ്പർ ഫയലിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) ടിയാൾക്ക് എന്നത്തേയ്ക്ക് അംഗത്വവും പെൻഷനും ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

## പ്രാദേശിക സംവരണം കാരണം തൊഴിൽ നഷ്ടപ്പെടുന്നതിന് പരിഹാരം

3398 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ചില സംസ്ഥാനങ്ങൾ തൊഴിൽ മേഖലയിൽ പ്രാദേശികർക്ക് സംവരണം ഏർപ്പെടുത്തുന്നത് പോലെയുള്ള നിലപാടുകൾ സ്വീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ ഈ സ്ഥലങ്ങളിൽ ജോലിചെയ്യുന്ന മലയാളികൾ തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്താനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ

കാര്യത്തിൽ തൊഴിൽ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പരിഹാര നടപടി വ്യക്തമാക്കാമോ?

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള പാർടൈം നിയമനങ്ങൾ

3399 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള പാർടൈം നിയമനങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത തടസ്സമാണോ എന്ന് വിശദമാക്കാമോ;

(ബി) ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെ പാർടൈം നിയമനങ്ങളിൽ പരിഗണിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഇ.കെ. നായനാർ സ്മാരക ഗവ.ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം

3400 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഇ.കെ. നായനാർ സ്മാരക ഗവണ്മെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പുതുക്കിയ ടെൻഡർ നടപടി വഴി തെരഞ്ഞെടുത്ത കരാറുകാരൻ പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## കുറുമാത്തൂർ ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ

3401 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ കുറുമാത്തൂർ ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഐ.ടി.ഐ.കളിൽ അനുവദിച്ച പുതിയ ട്രേഡുകളുടെ വിശദവിവരം നൽകാമോ?

## കായംകുളം ഗവണ്മെന്റ് ഐ.ടി.ഐ.യിലെ കോഴ്സുകൾ

3402 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഗവണ്മെന്റ് ഐ.ടി.ഐ.യിൽ നിലവിലുള്ള കോഴ്സുകൾ ഏതൊക്കെയെന്നും ഓരോ കോഴ്സിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യിൽ പുതുതായി കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## വർക്കല ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിട നിർമ്മാണം

3403 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ഗവൺമെന്റ് ഐ.ടി.ഐ. യ്ക്കായി നിർമ്മിച്ചുവരുന്ന പുതിയ കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## നരിപ്പറ്റ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

3404 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## നിലമ്പൂർ ഗവണ്മെന്റ് ഐ.ടി.ഐ.യിലെ ട്രേഡുകൾ

3405 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഗവണ്മെന്റ് ഐ.ടി.ഐ.യിൽ നിലവിലുള്ള ട്രേഡുകളും കോഴ്സുകളും ഓരോ കോഴ്സിന്റെയും സീറ്റുകളുടെ എണ്ണവും ആകെ വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും എണ്ണവും നിലവിലുള്ള കെട്ടിട സൗകര്യങ്ങളും എസ്.സി, എസ്.ടി. വിദ്യാർത്ഥികൾക്ക് എത്ര ശതമാനമാണ് സംവരണമുള്ളതെന്നും മലപ്പുറം ജില്ലയിൽ എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്ന ഏക ഐ.ടി.ഐ. ആണോ ഇതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.യിൽ നിലവിൽ ക്ലാസ് റൂമുകൾ ഒഴിഞ്ഞു കിടക്കുകയോ ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഐ.ടി.ഐ.യിലെ ഹോസ്റ്റലുകളുടേയും അനുബന്ധ സൗകര്യങ്ങളുടേയും വിശദാംശവും കോഴ്സുകൾക്ക് ആനുപാതികമായ പശ്ചാത്തല സൗകര്യങ്ങളുടെ കുറവുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കുമോ;

(സി) സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത തരത്തിൽ പ്രസ്തുത ഐ.ടി.ഐ.യിൽ ഏതെങ്കിലും ട്രേഡുകൾ പുതുതായി ആരംഭിക്കാൻ കഴിയുമോ; ഇതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) പ്രസ്തുത ഐ.ടി.ഐ.യിൽ ഏതെങ്കിലും സ്വകാര്യ കോഴ്സുകളോ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളോ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ഏത് ഏജൻസിക്കാണ് കോഴ്സ് നടത്തുന്നതിന് ചുമതലയുള്ളതെന്നും ഇതിനായുള്ള നടപടിക്രമങ്ങളും അറിയിക്കാമോ;

(ഇ) പ്രസ്തുത ഐ.ടി.ഐ.യിൽ ഇനിയും പുതിയ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങുന്നതിന് സാധിക്കുമോ; അറിയിക്കാമോ ?

## സി.എം.ഡി. മുഖേന നടത്തിയ നിയമനം

3406 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സി.എം.ഡി. മുഖേന നടത്തിയ എത്ര നിയമനങ്ങൾക്ക് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളുടെ റിസർവേഷൻ ക്രമത്തിന് അനുസൃതമായ സീനിയോരിറ്റി ലിസ്റ്റ് നൽകിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലെ നിയമനത്തിനാണ് ലിസ്റ്റ് നൽകിയിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കുമോ;

(ബി) യോഗ്യരായ ഉദ്യോഗാർത്ഥികളുടെ സീനിയോരിറ്റിയും റിസർവേഷൻ ക്രമവും മറികടന്ന് സി.എം.ഡി. മുഖേന കരാർ നിയമനം നടത്തുന്നത് തടയാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ രീതിയിലുള്ള ഏതെങ്കിലും നിയമനം റദ്ദാക്കുന്നതിന് വകുപ്പ് നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

3407 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈപുണ്യ സംരംഭങ്ങളെ നിരീക്ഷിക്കുകയും ഏകോപിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നതിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിലവിലുള്ളതും ഭാവിയിൽ വികസിക്കാൻ സാധ്യതയുള്ളതുമായ വ്യവസായ ആവശ്യങ്ങൾക്കായി നൈപുണ്യ വികസനം സാധ്യമാക്കുന്നതിന് കെ.എ.എസ്.ഇ. വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(സി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്തുന്നതിന് കെ.എ.എസ്.ഇ. നൽകുന്ന സംഭാവനകൾ വിശദമാക്കുമോ?

## കരിയർ ഗൈഡൻസ് പരിപാടി

3408 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കി വരുന്ന കരിയർ ഗൈഡൻസ് പരിപാടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) തളിപ്പറമ്പ് മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ടേണിംഗ് പോയിന്റ് എന്ന കരിയർ ഗൈഡൻസ് പരിപാടിയിൽ വകുപ്പിന്റെ കരിയർ ഗൈഡൻസ് വിഭാഗത്തിന് ഏതൊക്കെ വിധത്തിൽ സഹകരിക്കാനാകും; വിശദമാക്കുമോ?

## ട്രാവൻകൂർ റയോൺസിന്റെ ലിക്വിഡേഷൻ നടപടികൾ

3409 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിന്റെ ലിക്വിഡേഷൻ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ജോലിചെയ്തിരുന്ന തൊഴിലാളികൾക്ക് ആനുകൂല്യമായി കൊടുത്തുതീർക്കുവാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ലിക്വിഡേഷന്റെ ഭാഗമായി തൊഴിലാളികൾക്കും അവകാശികൾക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

3410 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ താഴ്ന്ന വിഭാഗം ജീവനക്കാരെ നിയമിക്കാനും ആവശ്യത്തിന് മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുന്നതിലെ പുരോഗതി

3411 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യക്തികളുടെ ഭൂമിയുടെ വിവരങ്ങൾ എല്ലാം ഒറ്റ തണ്ടപ്പേരിലാക്കുന്ന യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കുമെന്ന പ്രഖ്യാപനത്തിന്റെ പുരോഗതി അറിയിക്കാമോ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) യൂണിക് തണ്ടപ്പേർ സംവിധാനം എത്ര കാലയളവിനുള്ളിൽ പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) എതെല്ലാം ജില്ലയിലാണ് യൂണിക് തണ്ടപ്പേർ സംവിധാനം നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ച അപേക്ഷകൾ

3412 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പട്ടയത്തിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്നും ആയതിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തെന്നും വിശദമാക്കാമോ;

(ബി) മണ്ഡലത്തിലെ പട്ടയ അപേക്ഷകളുടെ നിലവിലെ സ്ഥിതി വില്ലേജ് തിരിച്ച് വിശദമാക്കാമോ?

## ഭൂമി തരം മാറ്റത്തിലെ ക്രമക്കേട്

3413 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് പുറത്ത് വിട്ട ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വഴിവിട്ട ഇടപാടുകൾ നടക്കുന്ന ആർ.ഡി.ഒ./വില്ലേജ് ഓഫീസുകളുടെ വിശദാംശം ലഭ്യമാക്കാമോ; അഴിമതി നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അപേക്ഷകളുടെ മുൻഗണനാ അവഗണിച്ച് ഓൺലൈൻ അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ അതിവേഗത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് വകുപ്പ് തല അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ;

(സി) ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും ഇത് സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതുമായ 25 സെന്റിൽ കുറവുള്ള ഭൂമികൾ തരംമാറ്റുന്നതിന് അപേക്ഷ നൽകുമ്പോൾ ബന്ധപ്പെട്ട കൃഷി ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെട്ട് റവന്യൂ വകുപ്പിന്റെ ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും കത്ത് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പ്രവണത കൂടുതൽ അഴിമതിക്ക് കളം ഒരുക്കുമെന്നതിനാൽ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തി ഉത്തരവ് നൽകുമോ?

## രാജമാണിക്യം റിപ്പോർട്ട്

3414 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട രാജമാണിക്യം റിപ്പോർട്ട് ഈ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) രാജമാണിക്യം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കാലങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ കരം സ്വീകരിക്കുവാൻ പാടില്ല എന്ന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) രാജമാണിക്യം റിപ്പോർട്ടുമായി ബന്ധപ്പെട്ട് കോടതിയിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) തോട്ടമുടമകളുടെ കൈവശമുള്ള പാട്ടകരാർ അവസാനിച്ച ഭൂമി ഏറ്റെടുക്കുവാൻ എന്തൊക്കെ നിയമനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഇ) തോട്ടമുടമകളുടെ കൈവശമുള്ള ഭൂമി കൃത്യമായി തിട്ടപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കൈവശമില്ലാത്ത മിച്ചഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഇങ്ങനെയുള്ള മിച്ചഭൂമി ഏറ്റെടുത്ത് സ്വന്തമായി സ്ഥലമില്ലാത്ത തോട്ടം തൊഴിലാളികൾക്ക് നൽകുവാൻ നിയമനടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

**<u>തോട്ടഭൂമി കയ്യേറ്റങ്ങൾ തടയുന്നതിന് നടപടി</u>**

3415 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടഭൂമി കയ്യേറ്റം ഉൾപ്പെടെയുള്ള കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരികെ പിടിക്കുന്നതിനുമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) നാളിതുവരെ എത്ര ഹെക്ടർ തോട്ടഭൂമി ഇത്തരത്തിൽ പിടിച്ചെടുത്തു; ഇനിയും എത്ര ഹെക്ടർ പിടിച്ചെടുക്കുവാനുണ്ട്; കണക്ക് ലഭ്യമാക്കുമോ;

(സി) കൈവശം വച്ചിരിക്കുന്ന തോട്ടഭൂമി പിടിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളിൽപ്പെട്ട് എത്ര കേസ്സുകൾ ഉണ്ടെന്നും ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാൻ വകുപ്പ് സ്വീകരിച്ചുവരുന്ന തുടർനടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

**<u>എളവള്ളി പഞ്ചായത്ത് ഏഴാം വാർഡ് കളിക്കളം ഭൂമി തരം മാറ്റം നടത്തുന്നതിന്</u>**

3416 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി പഞ്ചായത്ത് ഏഴാം വാർഡിൽ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കഴിഞ്ഞ ഇരുപത് വർഷമായി പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന കളിസ്ഥലം ശോച്യാവസ്ഥയിലായതിനെത്തുടർന്ന് പ്രസ്തുത കളിസ്ഥലം നവീകരിക്കുന്നതിനായി 2019-20 വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിച്ചെങ്കിലും പ്രസ്തുത ഭൂമി തരംമാറ്റം നടത്തിയിട്ടില്ലാത്തതിനാൽ കളിസ്ഥലം നവീകരിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം തരം മാറ്റുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം തരം മാറ്റുന്നതിനുള്ള സത്വര നടപടിക്ക് നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ നൽകാമോ?

**<u>ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ഫെയർവാല്യൂ കുറയ്ക്കുന്നതിന് നടപടി</u>**

3417 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇരമല്ലൂർ വില്ലേജിലെ ഭൂമിയുടെ ഉയർന്ന ഫെയർവാല്യുവുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഫെയൽവാല്യു കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദമാക്കുമോ?

**അനധികൃത കയ്യേറ്റം തടയാൻ നടപടി**

3418 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുഴയോരങ്ങളും പുഴ ഒഴുകിയിരുന്ന സ്ഥലങ്ങളും അനധികൃതമായി നികത്തപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വിവിധ ജില്ലകളിൽ ഇപ്രകാരമുള്ള സ്ഥലങ്ങൾ നികത്തി വൻകിട കയ്യേറ്റങ്ങൾ നടത്തുന്നത് തടഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**മൂവാറ്റുപുഴ ജില്ല രൂപീകരണവുമായി ബന്ധപ്പെട്ട് കമ്മീഷനെ നിയോഗിച്ചത്**

3419 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ ജില്ല രൂപീകരണവുമായി ബന്ധപ്പെട്ട് 2001 -2006 കാലയളവിൽ സർക്കാർ ഏതെങ്കിലും കമ്മീഷനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത കമ്മീഷൻ മൂവാറ്റുപുഴ ജില്ലാ രൂപീകരണവുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ മൂവാറ്റുപുഴ ജില്ലാ രൂപീകരണവുമായി ബന്ധപ്പെട്ട കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ഡി) മൂവാറ്റുപുഴ ജില്ല രൂപീകരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കാമോ?

**താലൂക്കുകളുടെയും വില്ലേജുകളുടെയും പുന:സംഘടന**

3420 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുത്ത് താലൂക്കുകളും വില്ലേജുകളും പുന: സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പഠന റിപ്പോർട്ട് തയ്യാറാക്കാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(സി) താലൂക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ കമ്മീഷണർ രൂപീകരിച്ച സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**ആത്മഹത്യ ചെയ്ത റവന്യൂ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ**

3421 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഔദ്യോഗിക കൃത്യനിർവഹണവുമായി ബന്ധപ്പെട്ട സമ്മർദ്ദങ്ങൾ മൂലം ആത്മഹത്യ ചെയ്ത എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ; ഇത്തരം ആത്മഹത്യകൾ വർദ്ധിച്ചവരുന്നത് സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഔദ്യോഗിക കൃത്യനിർവഹണത്തിലെ സമ്മർദ്ദങ്ങൾ അതിജീവിക്കുന്നതിനും വ്യക്തിജീവിതവും ഔദ്യോഗിക ജീവിതവും ഫലപ്രദമായി കോർത്തിണക്കുന്നതിനും ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്ന രീതിയിൽ പരിശീലന പരിപാടികളും കൗൺസിലിംഗുകളും സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ താലൂക്ക്, വില്ലേജ് ഓഫീസുകളുടെ നിർമ്മാണം</u>**

3422 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താലൂക്ക് ഓഫീസ് നിർമ്മാണത്തിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന്റെ തൽസ്ഥിതി വിശദമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് സ്വീകരിച്ച നടപടികളും നിലവിലെ സ്ഥിതി വിവരങ്ങളും വിശദമാക്കുമോ?

**<u>വൻകിട കയ്യേറ്റങ്ങൾ</u>**

3423 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൻകിട സർക്കാർ ഭൂമി കയ്യേറ്റങ്ങളുണ്ടെന്നും പ്രസ്തുത ഭൂമി കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ ഏതൊക്കെ കോടതികളിൽ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ; പ്രസ്തുത കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും ഈ കാലയളവിൽ കയ്യേറ്റ ഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട എത്ര കേസുകളിൽ സർക്കാർ പരാജയപ്പെട്ടുവെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സർക്കാർ ഭൂമി തിരികെ പിടിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും എത്ര ഹെക്ടർ ഭൂമി തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നതിന്റെയും വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**<u>കൈവശാവകാശം ഏറ്റെടുക്കാതെ ഉപയോഗശൂന്യമായി കിടക്കുന്ന പട്ടയസ്ഥലങ്ങൾ</u>**

3424 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങൾക്ക് മുമ്പ് ലാൻഡ് അസൈൻമെന്റ് ചട്ടങ്ങൾ പ്രകാരവും മറ്റു വിധത്തിലും പട്ടയം നൽകിയിട്ടുള്ളതിൽ പട്ടയം ലഭിച്ച ഗുണഭോക്താക്കൾ സ്ഥലത്തിന്റെ കൈവശാവകാശം ഏറ്റെടുക്കാതെ ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളുടെ കാര്യത്തിൽ എന്ത് നടപടികളാണ് സർക്കാർ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം പട്ടയ സ്ഥലങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്ന സംഗതികളിൽ മുൻപ് നൽകിയിട്ടുള്ള പട്ടയം റദ്ദാക്കുന്നതിന് നിയമ തടസ്സങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ;

(സി) നിയമ തടസ്സങ്ങൾ ഇല്ലെങ്കിൽ ഇപ്രകാരം ഉപയോഗശൂന്യമായി കിടക്കുന്ന പട്ടയ സ്ഥലങ്ങൾ കണ്ടെത്തി അർഹരായ മറ്റു ഗുണഭോക്താക്കൾക്ക് പതിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിക്കാമോ;

(ഡി) ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും ഇതിനായി എത്ര കാലതാമസം ഉണ്ടാകുമെന്നുമുള്ള വിവരങ്ങൾ നൽകാമോ?

## <u>ബാലുശ്ശേരി മണ്ഡലത്തിലെ പട്ടയം വിതരണം</u>

3425 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബാലുശ്ശേരി മണ്ഡലത്തിൽ കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലായി എത്ര പട്ടയം വിതരണം ചെയ്തിട്ടുണ്ട്; വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ നിലവിൽ എത്ര അപേക്ഷകളിൽ പട്ടയം നൽകാൻ ബാക്കിയുണ്ട്; കുടിശ്ശിക അപേക്ഷകൾ ഏതൊക്കെ വില്ലേജുകളിലാണുള്ളത്; വിശദാംശം അറിയിക്കാമോ?

## <u>ശാന്തി നഗർ കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടി</u>

3426 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ശാന്തി നഗർ കോളനിയിൽ അനുവദിച്ച വീടുകളിലെ ഗുണഭോക്താക്കൾക്ക് പട്ടയം ലഭ്യമായിട്ടുണ്ടോയെന്നറിയിക്കാമോ; ഇല്ലെങ്കിൽ ആയതിന് കാരണം വ്യക്തമാക്കുമോ;

(ബി) ശാന്തി നഗർ കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## <u>ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങളുടെ കണക്ക്</u>

3427 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം നാളിതുവരെ ഒറ്റപ്പാലം മണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങളുടെ കണക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

**കൊല്ലം വെസ്റ്റ് വില്ലേജിലെ മത്സ്യഗ്രാമങ്ങളിലെ പട്ടയ വിതരണം**

3428 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ ഉൾപ്പെടുന്ന പള്ളിത്തോട്ടം മൂതാക്കര മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത മേഖലയിൽ പട്ടയം അനുവദിക്കുന്നതിന് സർവ്വെ ഓഫ് ഇന്ത്യയുടെ അനുമതിയോടെ സർവ്വെ നടപടികൾ ആരംഭിക്കുന്നതിനാവശ്യമായ കാര്യങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**വള്ളിക്കുന്ന് മണ്ഡലത്തിലെ പട്ടയ വിതരണം**

3429 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വള്ളിക്കുന്ന് മണ്ഡലത്തിലെ പെരുവള്ളൂർ, വള്ളിക്കുന്ന്, തേഞ്ഞിപ്പലം, മൂന്നിയൂർ, പള്ളിക്കൽ, ചേലേമ്പ്ര എന്നീ വില്ലേജുകളിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കാമോ?

**പുതുക്കാട് മണ്ഡലത്തിൽ പട്ടയം നൽകാൻ നടപടികൾ**

3430 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിലെ തൊറവ് വില്ലേജിൽ സ്ഥിതിചെയ്യുന്ന പുതുക്കാട് പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ ചാക്കോച്ചിറ നിവാസികളായ പത്തോളം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ചാക്കോച്ചിറ എന്ന സ്ഥലപ്പേര് ചിറപുറമ്പോക്ക് എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള കാരണത്താൽ പ്രസ്തുത സ്ഥലത്ത് ഒരു നൂറ്റാണ്ടിലധികമായി താമസിച്ചുവരുന്ന കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവരുടെ അപേക്ഷകൾ പരിഗണിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**ഭൂരഹിതരായവർക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

3431 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായവർക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ കാസർഗോഡ് ജില്ലയിലെ ഭൂരഹിതരുടെ എണ്ണമെത്രയാണ്; ഇവർക്ക് പട്ടയം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

**വടക്കാഞ്ചേരി നഗരസഭയിലെ കുംബാര കോളനി നിവാസികളുടെ പട്ടയ അപേക്ഷ**

3432 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നഗരസഭയിലെ കുമാരനെല്ലൂർ വില്ലേജിലെ തെലുങ്കർ കോളനി നിവാസികളുടെയും മുണ്ടത്തിക്കോട് വില്ലേജിലെ കുംബാര കോളനി നിവാസികളുടെയും പട്ടയ അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ നിലവിലെ സ്ഥിതിയും വിശദാംശങ്ങളും വ്യക്തമാക്കാമോ?

**കുന്നംകുളം മണ്ഡലത്തിലെ പട്ടയ വിതരണം**

3433 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കല്പിച്ചിട്ടുള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) തീർപ്പ് കല്പിക്കുന്നതിനായി എത്ര അപേക്ഷകളാണ് ശേഷിക്കുന്നതെന്ന് മണ്ഡലത്തിലെ പഞ്ചായത്തുകൾ, കുന്നംകുളം നഗരസഭ എന്നിവ തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(സി) നടപടികൾ പൂർത്തിയാക്കി എന്നത്തേയ്ക്ക് പട്ടയം വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഡീ വെസ്റ്റ് ചെയ്യുന്നതിന് നടപടി**

3434 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ അസംബ്ലിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമി ഡീവെസ്റ്റ് ചെയ്യുന്ന നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പട്ടയം ലഭിക്കുന്നതിനായി പുതുതായി ലഭിച്ച അപേക്ഷകളിന്മേലുള്ള തുടർ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

**നിയോജക മണ്ഡലതല പട്ടയ അസംബ്ലി**

3435 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലതല പട്ടയ അസംബ്ലിക്ക് ശേഷം വടക്കാഞ്ചേരി മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പട്ടയത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളിലും പട്ടയ

അസംബ്ലിക്ക് മുമ്പ് സമർപ്പിക്കപ്പെട്ട അപേക്ഷകളിലും വനഭൂമി സ്പെഷ്യൽ ഓഫീസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വനഭൂമി പട്ടയത്തിനായി സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ എണ്ണവും, പേരും വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിൽ എത്ര ഫയലുകൾ പരിവേഷ് പോർട്ടലിൽ അപ് ലോഡ് ചെയ്തു എന്ന് വിശദമാക്കാമോ?

## പുതുക്കാട് മണ്ഡലത്തിൽ പട്ടയം ലഭിക്കുന്നതിനുള്ള നടപടി

3436 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മുകുന്ദപുരം താലൂക്കിൽ ആമ്പല്ലൂർ വില്ലേജിൽ വെണ്ടോർ ദേശത്ത് സർവ്വേ 496/2, 497/1 -എന്നിവയിൽപ്പെട്ട പുറമ്പോക്കു നിവാസികളായ 10 കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനായുള്ള അപേക്ഷകളിലെ നടപടികൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## പുല്ലൂരാംപാറ ദുരന്ത ബാധിതരുടെ പുനരധിവാസം

3437 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുല്ലൂരാംപാറയിൽ 2012-ൽ ഉണ്ടായ ഉരുൾ പൊട്ടലിനെ തുടർന്ന് താത്ക്കാലിക ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന 6 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് പണം അനുവദിക്കണമെന്നാവശ്യപ്പെട്ടുള്ള റവന്യൂ അധികൃതരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഏറനാട് മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

3438 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ചെയ്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഫണ്ടിൽ പുതിയതായി ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കാൻ നടപടി

3439 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനു വേണ്ടി നിലവിൽ എത്ര സ്ഥലമാണ് ഏറ്റെടുത്തു നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ റൺവെ വികസനം കാരണം അടഞ്ഞു പോകുന്ന എയർപോർട്ട് ക്രോസ് റോഡിന് പകരം പൊതുമരാമത്ത് വകുപ്പിന്റെ റോഡ് നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത സ്ഥലമേറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എയർപോർട്ടിന്റെ ഭാവി വികസനത്തിന് പുതുതായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാകുമോ;

(ഡി) എയർപോർട്ടിന് സ്ഥലം ഏറ്റെടുക്കുമ്പോൾ പരിസരപ്രദേശത്ത് ശേഷിക്കുന്ന വീടുകളിലേക്ക് വഴി നഷ്ടപ്പെടുത്തരുതെന്ന് വിദഗ്ധസംഘം തയ്യാറാക്കിയ റിപ്പോർട്ട് നിലനിൽക്കെ എയർപോർട്ട് അതോറിറ്റിക്ക് പതിച്ചു നൽകിയ സ്ഥലം മതിൽകെട്ടിയടച്ചതിനെ തുടർന്ന് കരിപ്പൂർ പാലക്ക പറമ്പ് ഭാഗത്ത് താമസിക്കുന്ന കളത്തിൽ സോമസുന്ദരൻ, കോട്ടപ്പറമ്പിൽ അബ്ദുറസാഖ് എന്നിവർക്ക് സ്വന്തം വീട്ടിലേക്ക് പ്രവേശിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയം അടിയന്തരമായി പരിഹാരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സ്ഥലം ഏറ്റെടുക്കുന്നതിന് 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പ് പ്രസ്തുത സ്ഥലമുടമകൾക്ക് വീട്, കെട്ടിടം എന്നിവ നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഭാവിയിൽ വികസനം വരും എന്ന കാരണത്താൽ എയർപോർട്ട് അതോറിറ്റിയുടെ എൻ.ഒ.സി. ഇല്ലാതെ പ്രദേശത്തു വീട് നിർമ്മിക്കുന്നതിന് പെർമിഷൻ നൽകരുതെന്ന് പ്രസ്തുത നോട്ടിഫിക്കേഷൻ വരുന്നതിനുമുമ്പ് തദ്ദേശസ്ഥാപനങ്ങളോട് റവന്യൂ വകുപ്പ് എതെങ്കിലും തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾക്കായി ഭൂമി ഏറ്റെടുക്കൽ

3440 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കുന്ന ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭൂമി ഏറ്റെടുക്കാനുള്ളതെന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും അവ എപ്പോൾ പൂർത്തിയാകുമെന്നും വിശദമാക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്ത നടപടി

3441 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായി മുല്ലൂർ അംബുജ വിലാസത്തിൽ എ. തങ്കത്തിന്റെ 28 സ്ക്വയർ മീറ്റർ സ്ഥലം (വിഴിഞ്ഞം വില്ലേജിൽ ബ്ലോക്ക് 14 ൽ സർവേ നമ്പർ 647/9) ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് അവർ നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമിക്ക് എത്ര രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്; ഈ തുക ലഭിക്കുന്നതിനായി എ. തങ്കം നവകേരള സദസ്സിൽ നൽകിയ ടി.വി.എം. 1320765 നമ്പർ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്തിന്റെ വില എന്നത്തേക്ക് അവർക്ക് കൈമാറാൻ സാധിക്കുമെന്ന് അറിയിക്കുമോ?

**<u>ദേശീയപാതകൾക്കായി ഭൂമി ഏറ്റെടുക്കൽ</u>**

3442 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കുമോ; വിവിധ ദേശീയപാതകൾക്കായി ഓരോ റീച്ചിലും എത്ര ഭൂമി ഏറ്റെടുക്കാൻ ഉണ്ടെന്നുള്ള വിശദാംശം നൽകാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി നിയോഗിച്ചിട്ടുള്ള റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ വിശദാംശങ്ങളും മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഇവർക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ഈ കാലയളവിൽ ഏറ്റെടുത്ത ഭൂമിയുടെ വിശദാംശങ്ങളും ഇനം തിരിച്ച് വ്യക്തമാക്കുമോ?

**<u>പാവങ്ങാട്-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡിനായി ഭൂമി ഏറ്റെടുക്കൽ</u>**

3443 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡ് നവീകരിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്നാണ് കരുതുന്നത്; വിശദമാക്കാമോ?

**<u>മണിക്കിണർ പാലം അപ്രോച്ച് റോഡ്</u>**

3444 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പല്ലാരിമംഗലം പഞ്ചായത്തിലെ മണിക്കിണർ പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദമാക്കുമോ?

## ഭൂമി തരം മാറ്റിക്കിട്ടുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി

3445 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടവരുടെയടക്കം കൈവശ ഭൂമിയുടെ തരം മാറ്റിക്കിട്ടുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ തീർപ്പാക്കാത്ത അപേക്ഷകളുടെ എണ്ണം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ ഭൂമിയുടെ തരംമാറ്റൽ നടപടിക്രമം ലളിതവും വേഗത്തിലുമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; എത്ര നാളുകൾക്കുള്ളിൽ പ്രസ്തുത നടപടികൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## ഭൂമി തരം മാറ്റുന്നതിന് ഫീസിളവ് നൽകിയ ശേഷം സംസ്ഥാനത്ത് തരം മാറ്റിയ ഭൂമി

3446 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി നിയമപ്രകാരം 25 സെന്റിന് താഴെ ഭൂമി തരം മാറ്റുന്നതിന് ഫീസിളവ് നൽകിയ ശേഷം എത്ര ഹെക്ടർ ഭൂമി തരം മാറ്റി കൊടുത്തിട്ടുണ്ട്;

(ബി) ഈ നിയമഭേദഗതി പ്രകാരം ഭൂമി തരം മാറ്റലിന് വേണ്ടി ഓരോ ജില്ലയിലും എത്ര ഉദ്യോഗസ്ഥരെയും ജീവനക്കാരെയും അധികമായി നിയമിച്ചിട്ടുണ്ട്;

(സി) ഒരു മഴ പെയ്താൽ പോലും വെള്ളം കയറി ജനജീവിതം ദുസ്സഹമാകുന്ന സാഹചര്യത്തിൽ അശാസ്ത്രീയ ഭൂമി തരംമാറ്റൽ നടപടിയിൽ പുനർവിചിന്തനത്തിന് തയ്യാറാകുമോ; വിശദമാക്കാമോ?

## തിരുവനന്തപുരം ജില്ലയിൽ ഭൂമി തരംമാറ്റുന്നതിനുള്ള നടപടി

3447 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഭൂമി തരം മാറ്റുന്നതിനായി ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാതെ നിലവിലുണ്ടെന്ന് വിശദമാക്കാമോ; ഇത്തരം അപേക്ഷകളിന്മേൽ അടിയന്തരമായി തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

## മവേലിക്കര രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് ഭൂമി കൈമാറുന്നതിന് നടപടി

3448 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പ്രവർത്തിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ സ്ഥലം പാട്ടത്തിനു നൽകാൻ സ.ഉ.(കൈ) നം. 145/2023/ആർ.ഡി. പ്രകാരം ഉത്തരവായെങ്കിലും ഭൂമി കൈമാറ്റം നാളിതുവരെ നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭൂമി കൈമാറുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## നിലമ്പൂർ ലാന്റ് ബോർഡ് മുമ്പാകെയുള്ള മിച്ചഭൂമി കേസ്

3449 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ലാന്റ് ബോർഡ് മുമ്പാകെയുള്ള മൂത്തേടം വില്ലേജിലെ എസ്.ആർ. 156/97 നമ്പർ മിച്ചഭൂമി കേസിന്റെ 2001 ലെയും 2024 ലെയും സിറ്റിംഗുകളിൽ എത്ര കുടുംബങ്ങളെയാണ് രേഖകൾ പരിശോധിച്ച് കേസിൽ നിന്ന് ഒഴിവാക്കിയത്; ഇവരുടെ പേര്, വിലാസം, ഒഴിവാക്കിയ ഭൂമിയുടെ സർവ്വെ നമ്പർ, അളവ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് 2001 ലും 2024 ലും രേഖകൾ പരിശോധിച്ച് കേസിൽ നിന്ന് ഒഴിവാക്കിയ ലാന്റ് ബോർഡ് ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കേസിൽ എസ്.ഡി.ടി. റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളുടെ പേര്, വിലാസം, സർവ്വേ നമ്പർ, ഭൂമിയുടെ അളവ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കേസിൽ എസ്.ഡി.ടി. റിപ്പോർട്ട് തയ്യാറാക്കുന്ന മൂന്ന് വർഷത്തിനിടയിൽ 85(8) പ്രകാരം പുതിയതായി അപേക്ഷ സമർപ്പിച്ചവരുടെ പേര്, വിലാസം, സർവ്വെ നമ്പർ, ഒഴിവാക്കിയ ഭൂമിയുടെ അളവ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ?

## തിരൂരങ്ങാടി മണ്ഡലത്തിലെ ദേശീയപാത

3450 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കോഴിച്ചെന പ്രദേശത്ത് തെന്നല വില്ലേജിൽപ്പെട്ട ദേശീയപാതയോരത്തുള്ള സർക്കാർ ഭൂമിയുടെ ഉടമസ്ഥാവകാശം സംസ്ഥാന പൊതുമരാമത്ത് വകുപ്പിനാണോ കേന്ദ്ര പൊതുമരാമത്ത് വകുപ്പിനാണോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഭൂമിയുടെ സർവ്വേ നമ്പറും അളവും എഫ്.എം.ബി. യുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ ദേശീയപാതയുടെ എന്തെങ്കിലും പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലുകൾ എന്തെല്ലാമാണെന്നും എത്ര അളവ് ഭൂമിയിലാണ് ഇവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ തെന്നല വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) പ്രസ്തുത ഭൂമിയിൽ ടൂറിസം പ്രോജക്ടിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഇ) ഈ ഭൂമിയിൽ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുന്നതിനായി മോട്ടോർ വാഹന വകുപ്പ് സമർപ്പിച്ച പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**കെ.എസ്.എഫ്.ഡി.സി. യ്ക്ക് റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്ന നടപടി**

3451 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ ഫണ്ട് വകയിരുത്തിയ ചേറ്റുവ രാമു കാര്യാട്ട് സിനിമ തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഡി.സി. മാനേജിംഗ് ഡയറക്ടർക്ക് റവന്യൂ ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കെ.എസ്.എഫ്.ഡി.സി. യ്ക്ക് റവന്യൂഭൂമി എന്നത്തേക്ക് പാട്ടത്തിന് നല്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**തിരുമാറാടി വെട്ടിമൂട് - നാമോളിമറ്റം - മണ്ണത്തൂർ- ഇലഞ്ഞനാക്കുഴി റോഡിന്റെ പ്രവൃത്തി**

3452 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവത്തെ തിരുമാറാടി ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ വെട്ടിമൂട് - നാമോളിമറ്റം - മണ്ണത്തൂർ- ഇലഞ്ഞനാക്കുഴി റോഡിന്റെ നവീകരണ പ്രവൃത്തിക്കായി ഫ്ലഡ്ഫണ്ടിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 2010-2011 കാലയളവിൽ പ്രസ്തുത റോഡിന്റെ പുനരുദ്ധാരണത്തിനായി അനുവദിച്ച തുകയും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(സി) നിലവിൽ പ്രസ്തുത റോഡിന്റെ ഉടമസ്ഥാവകാശം റവന്യൂ രേഖകൾ പ്രകാരം ആർക്കാണെന്ന് വ്യക്തമാക്കാമോ?

**കൊല്ലം മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ നവീകരണം**

3453 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി നവീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്; അവയുടെ നിർവഹണ പുരോഗതി അറിയിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

**കോങ്ങാട് മണ്ഡലത്തിലെ കരിമ്പ-2 വില്ലേജ് ഓഫീസ് നിർമ്മാണം**

3454 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കരിമ്പ-2 വില്ലേജ് ഓഫീസ് നിർമ്മാണത്തിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; നിർമ്മാണവുമായി ബന്ധപ്പെട്ട

നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ജനകീയമാക്കാൻ നടപടി**

3455 **ശ്രീ വി ജോയി**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ എം നൗഷാദ്**
**ശ്രീ വി കെ പ്രശാന്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂസംരക്ഷണത്തിലും ക്ഷേമപ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വില്ലേജുതല ജനകീയ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സമിതികളുടെ പ്രവർത്തനത്തിലെ കുറവുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

**തരൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ**

3456 **ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട് വില്ലേജ് ഓഫീസാക്കി മാറ്റുന്നതിന് തുക അനുവദിക്കപ്പെട്ട ഏതെല്ലാം വില്ലേജ് ഓഫീസുകളിലാണ് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**പെരിങ്ങത്തൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

3457 **ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങത്തൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചെങ്കിലും നിർമ്മാണ പ്രവൃത്തി തുടങ്ങാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 12.5 സെന്റ് സ്ഥലത്ത് പുതിയ വില്ലേജ് ഓഫീസിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) അത്യാധുനിക സംവിധാനത്തോടെ നിർമ്മിക്കുന്ന പ്രസ്തുത സ്മാർട്ട് വില്ലേജ് ഓഫീസിന് പാർക്കിംഗ് സൗകര്യം ഉൾപ്പെടെ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**വീരണകാവ് സ്മാർട്ട് വില്ലേജ് ഓഫീസ്**

3458 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിലെ വീരണകാവ് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**മണലൂർ മണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസ്**

3459 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ടെന്നും അതിൽ എത്ര വില്ലേജ് ഓഫീസുകൾ ഇതിനോടകം സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ബാക്കിയുള്ള വില്ലേജ് ഓഫീസുകൾ എന്നത്തേക്ക് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി ഉയർത്താനാകും എന്നറിയിക്കാമോ?

**മലപ്പുറം റവന്യൂ ടവർ നിർമ്മാണ നടപടികൾ**

3460 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കളക്ടേറ്റിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി റവന്യൂ, സർവേ വകുപ്പുകളിലെ ഓഫീസുകൾക്കുവേണ്ടി പുതിയ റവന്യൂടവർ നിർമ്മിക്കുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) റീ ബിൽഡ് കേരള ഇനീഷ്യറ്റീവിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അനുമതി നൽകുമോ; വിശദാംശം അറിയിക്കുമോ?

**റവന്യൂ വകുപ്പിലെ ഗസറ്റഡ് തസ്തികകളിലെ എസ്.സി., എസ്.ടി. പ്രാധിനിത്യം**

3461 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ആകെ എത്ര ഗസറ്റഡ് തസ്തികകളുണ്ടെന്ന് തസ്തിക തിരിച്ച് എണ്ണം ലഭ്യമാക്കാമോ;

(ബി) ഗസറ്റഡ് തസ്തികകളിലെ എസ്.സി./എസ്.ടി. പ്രാതിനിധ്യം അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണത്തിലാണ് നിശ്ചയിക്കേണ്ടതെന്ന സുപ്രീംകോടതി ഉത്തരവ് മറികടന്ന്, നിലവിലുള്ള എണ്ണം അടിസ്ഥാനമാക്കിയും വേക്കൻസി കുറച്ചു കാണിച്ചും വകപ്പിൽ സംവരണത്തോത് കുറയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) റവന്യൂ വകുപ്പ് 2020-ന് ശേഷം പ്രാതിനിധ്യ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ 2021, 2022, 2023, 2024 എന്നീ വർഷങ്ങളിലെ എസ്.സി./ എസ്.ടി. പ്രാധിനിത്യ

റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) റവന്യൂ വകുപ്പിൽ നിലവിൽ എസ്.സി./എസ്.ടി. പ്രാതിനിധ്യം പത്ത് ശതമാനത്തിൽ താഴെയാണോ; ആണെങ്കിൽ അത് നികത്തുന്നതിന് നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) അനുവദിക്കപ്പെട്ട തസ്തികകളുടെ 10 % സംവരണം അനുവദിക്കണമെന്നിരിക്കെ പ്രാതിനിധ്യ റിപ്പോർട്ടുകളിൽ തസ്തികകൾ വെട്ടിക്കുറച്ച് കൃത്രിമത്വം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

## റവന്യൂ വകുപ്പിൽ അന്തർ വകുപ്പ് മാറ്റം വഴി നിയമനം കിട്ടിയവരുടെ സീനിയോറിറ്റി

3462 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി. യുടെ അഡ്വൈസ് പ്രകാരം എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ നിയമനം കിട്ടുന്നവർക്ക് അന്തർ വകുപ്പ് മാറ്റം വഴി റവന്യൂ വകുപ്പിൽ നിയമനം അനുവദിക്കുമ്പോൾ പ്രസ്തുത ജീവനക്കാർക്ക് ആദ്യ നിയമനം കിട്ടിയ വകുപ്പിലെ അഡ്വൈസ് സീനിയോറിറ്റി നൽകാമെന്ന സർക്കാർ ഉത്തരവ് നിലവിലുള്ളത് പരിഗണിക്കാതെ കെ.എസ്. & എസ്.എസ്.ആർ. ഭേദഗതിയിലൂടെ മാത്രമേ സീനിയോറിറ്റി അനുവദിക്കൂ എന്ന് റവന്യൂ വകുപ്പ് നിലപാട് സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇത് സംബന്ധിച്ച ഫയൽ നടപടികളിൽ ഗുരുതരമായ കാലതാമസം റവന്യൂ വകുപ്പ് വരുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ നാളിതുവരെ എന്തു നടപടികളാണ് റവന്യൂ വകുപ്പ്/ ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ?

## കൊല്ലം ജില്ലയിലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് ഒഴിവുകൾ

3463 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിൽ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയിൽ അനുവദനീയമായ എണ്ണം എത്രയെന്നും നിലവിൽ എത്ര ഒഴിവുകളാണ് ഈ തസ്തികയിൽ കൊല്ലം ജില്ലയിൽ ഉള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിലോ, കരാർ അടിസ്ഥാനത്തിലോ, വർക്കിംങ് അറേഞ്ച്മെന്റിലോ ആരെങ്കിലും ജോലി നോക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## മാവൂർ തെങ്ങിലക്കടവിലെ ഭൂമി കാൻസർ കെയർ സൊസൈറ്റിക്ക് കൈമാറുന്നതിന് നടപടി

3464 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവിൽ പതിമൂന്ന് വർഷം മുമ്പ് സർക്കാരിന് സൗജന്യമായി വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ജില്ലാ പഞ്ചായത്തിന്റെ കാൻസർ കെയർ സൊസൈറ്റിക്ക് കൈമാറുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കാഞ്ഞൂർ പഞ്ചായത്തിൽ റോഡിന്റെ അതിർത്തി നിശ്ചയിച്ചു നൽകുന്നതിന് നടപടി</u>**

3465 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ ഖരമാലിന്യ ശേഖരണ കേന്ദ്രത്തിലേക്കുള്ള പഞ്ചായത്ത് റോഡിന്റെ അതിർത്തി നിശ്ചയിച്ചു നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്തിന്റെ അപേക്ഷ ആലുവ തഹസിൽദാർക്ക് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പഞ്ചായത്തിന്റെ അപേക്ഷയിൽ റവന്യൂ അധികൃതർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ അതിർത്തി നിശ്ചയിച്ചു നൽകുന്നതിനുള്ള നടപടി എത്രയും വേഗം പൂർത്തിയാക്കുമോ; വ്യക്തമാക്കാമോ?

**<u>വയക്കര വില്ലേജ് വിഭജനം</u>**

3466 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ടതും ഏറ്റവും വലിയ വില്ലേജുമായ വയക്കര വില്ലേജ് വിഭജിച്ച്, പെരിങ്ങോം, വയക്കര എന്നീ വില്ലേജുകളുടെ അതിർത്തികൾ പുനഃക്രമീകരിച്ച് സർക്കാരിന് അധിക സാമ്പത്തിക ബാധ്യത വരാത്ത രീതിയിൽ പാടിയോട്ടുചാൽ കേന്ദ്രീകരിച്ച് പുതിയ വില്ലേജ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെടുന്ന എത്ര വില്ലേജുകൾ സംസ്ഥാനത്തുണ്ടെന്ന് അറിയിക്കാമോ?

**<u>അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം</u>**

3467 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് എത്ര രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്നും എത്ര രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) ഇതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള ഫയൽ എന്നാണ് ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസിൽ നിന്നും റവന്യൂ വകുപ്പിൽ എത്തിയത്; ഈ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

**<u>മങ്കട പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് റവന്യൂ ഭൂമി</u>**

3468 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തിയ സ്ഥലം പോലീസ് വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം പുറമ്പോക്കിലേക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് റെക്കോർഡുകളിൽ ആവശ്യമായ മാറ്റം വരുത്തിയിട്ടുണ്ടോയെന്നും സ്ഥലം കൈമാറുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്നും വിശദമാക്കുമോ?

**<u>ഭൂമിയുടെ തരം മാറ്റത്തിന് കാസർകോട് ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകൾ</u>**

3469 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തരം മാറ്റത്തിന് കാസർകോട് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ എപ്പോഴാണ് ലഭിച്ചതെന്നും തീർപ്പ് കൽപ്പിച്ചതെപ്പോഴാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പു കൽപ്പിച്ചത് വഴി സർക്കാരിന് ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ; ;

(ഡി) തീർപ്പ് കൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകൾ എത്രയാണെന്ന് റവന്യൂ ഡിവിഷണൽ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത അപേക്ഷകൾ ലഭിച്ചതെപ്പോഴാണെന്നും തീർപ്പ് കൽപ്പിക്കാൻ വൈകുന്നതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(എഫ്) ഭൂമി തരംമാറ്റ ഉത്തരവ് നൽകുന്നതല്ലാതെ തരംമാറ്റി അംഗീകാരം നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ജി) 2022- ൽ അപേക്ഷിച്ച് ആർ.ഡി.ഒ. തരംമാറ്റ ഉത്തരവ് നൽകി സർവ്വെയർമാർ വീണ്ടും സർവ്വെ നടത്തി റിപ്പോർട്ട് നൽകിയ എത്ര അപേക്ഷകൾ താലൂക്ക് ഓഫീസുകളിൽ കെട്ടികിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ അവസ്ഥയ്ക്ക് കാരണമെന്താണെന്നും ഭൂമിയുടെ തരംമാറ്റൽ ത്വരിതപ്പെടുത്താൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

**<u>കൊണ്ടോട്ടി മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ</u>**

3470 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ റവന്യൂ വകുപ്പിന്റെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവൃത്തിയിൽ ഉൾപ്പെടുത്തി ഏതെല്ലാം

റോഡുകൾക്ക് തുക അനുവദിച്ചിരുന്നുവെന്ന് പ്രവൃത്തി, തുക, ഉത്തരവിന്റെ നമ്പർ എന്നിവ സഹിതം വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടെയും പുരോഗതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) ഇതിൽ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് കഴിഞ്ഞിട്ടില്ലെങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ പേര്, ഭരണാനുമതി നൽകാത്തതിന്റെ കാരണം എന്നിവ സഹിതം വ്യക്തമാക്കാമോ;

(ഡി) പുളിക്കൽ പഞ്ചായത്തിലെ ചുങ്കപ്പാറ - ഹൈസ്കൂൾ ജംഗ്ഷൻ, പി.എച്ച്.സി.- ഹൈസ്കൂൾ ജംഗ്ഷൻ റോഡ് പുനരുദ്ധാരണത്തിന് ഭരണാനുമതി എന്നാണ് നൽകിയതെന്നും പ്രസ്തുത പ്രവൃത്തിക്ക് മറ്റ് അനുമതികൾ നൽകുന്നതിന് കാലതാമസം വന്നതിന്റെ കാരണം, ഭരണാനുമതി പുതുക്കി നൽകുന്നതിന് നിലവിലുള്ള തടസ്സം, ഇത് പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ എന്നിവ പ്രത്യേകമായി വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കി നിശ്ചിതകാലയളവിൽ പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ; അറിയിക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾക്ക് സ്ഥലമെടുക്കൽ

3471 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിലെ കടുത്തുരുത്തി, കുറുപ്പന്തറ, കോതനല്ലൂർ റെയിൽവേ മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് നടപടികളുടെ ഇതുവരെയുള്ള പുരോഗതി വിശദീകരിക്കാമോ;

(ബി) കടുത്തുരുത്തി ആർ.ഒ.ബി. യുടെ സോഷ്യൽ ഇമ്പാക്ട് അസ്സെസ്സ്മെന്റ് സ്റ്റഡി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; ഇതുസംബന്ധിച്ച് വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തി അവരുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മേൽപ്പാലത്തിന്റെ 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; ഈ റെയിൽവേ മേൽപ്പാലത്തിന്റെ സ്ഥലമെടുപ്പിനുണ്ടായ പ്രധാന തടസ്സങ്ങൾ വിശദീകരിക്കാമോ;

(ഡി) കോതനല്ലൂർ ആർ.ഒ.ബി.യുടെ വാല്യൂവേഷൻ നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ; ആയത് അംഗീകരിച്ചിട്ടുണ്ടോ?

## പള്ളിപ്പുറം കച്ചേരി മൈതാനത്ത് സ്റ്റേജ് നിർമ്മിക്കുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനുമുള്ള അനുമതി

3472 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽ 1 കോടി 15 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച് ടെണ്ടർ കഴിഞ്ഞിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കുഴുപ്പിള്ളി വില്ലേജിൽ സ്ഥിതി ചെയ്യുന്ന പള്ളിപ്പുറം കച്ചേരി മൈതാനത്ത് സ്റ്റേജ് നിർമ്മിക്കുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനുമുള്ള അനുമതി

ലഭിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സമർപ്പിക്കുന്നതിലേയ്ക്കായി എറണാകുളം ജില്ലാ കളക്ടർ 02.05.2024 ന് സമർപ്പിച്ച റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച എൽ.ആർ/1572/2024/എൽ.ആർ(ജെ7) നമ്പർ ഫയലിൽ എന്നത്തേക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## റീ സർവെ നടത്തുന്നതിന് നടപടി

3473 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ മലബാർ മേഖലയിൽ ഭൂമിയുടെ തരംമാറ്റൽ പ്രശ്നങ്ങൾ, നികുതി കെട്ടാത്ത ഭൂമി പ്രശ്നങ്ങൾ, അതിർത്തി പ്രശ്നങ്ങൾ എന്നിവ കൂടുതലായി കണ്ടുവരുന്നതിനാൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി റീസർവ്വെ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ;

(ബി) കൈപ്പമംഗലം മണ്ഡലത്തിൽ നികുതി കെട്ടാത്ത ഭൂമി തരം മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

## ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിനായുള്ള സ്ഥലം

3474 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിനായി ഇരിങ്ങപ്പുറം വില്ലേജിലെ 0.0590 ഹെക്ടർ സ്ഥലം വകുപ്പിന് കൈമാറുന്നതിനുള്ള അപേക്ഷ എന്നാണ് റവന്യൂ വകുപ്പിന് ലഭിച്ചതെന്ന് വിശദമാക്കാമോ;

(ബി) അപേക്ഷ ലഭിച്ച് 6 വർഷത്തോളമായിട്ടും ഇക്കാര്യത്തിൽ നടപടി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം എന്താണെന്ന വിശദമാക്കാമോ;

(സി) എക്സൈസ് റേഞ്ച് ഓഫീസിനായി ഭൂമി എന്നത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകാനാകുമെന്ന് വിശദമാക്കാമോ?

## വില്ലേജ് ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ

3475 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ എതൊക്കേയാണെന്നും, ഓരോന്നിനും അപേക്ഷകർ സമർപ്പിക്കേണ്ട രേഖകൾ ഏതൊക്കെയാണെന്നും, ഈടാക്കുന്ന ഫീസുകൾ എത്രയാണെന്നും, ആയത് ലഭിക്കുന്നതിനുള്ള സമയപരിധി എത്രയാണെന്നുമുള്ള വിശദാംശം നൽകാമോ;

(ബി) മേൽപ്പറഞ്ഞവയെല്ലാം റവന്യൂ ഇ-സർവ്വീസ് മുഖേന അപേക്ഷിക്കാൻ കഴിയുന്നതാണോ; അല്ലെങ്കിൽ ഏതൊക്കെ അപേക്ഷകളാണ് റവന്യൂ ഇ-സർവ്വീസ് വഴിയല്ലാതെ നൽകേണ്ടതെന്നും, ഏതൊക്കെ അപേക്ഷകളാണ് അക്ഷയ വഴിമാത്രം നൽകേണ്ടതെന്നും അറിയിക്കാമോ?

## നദികളിൽ നിന്നുള്ള മണൽ വാരൽ

3476 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ നിന്നും മണൽ വാരുന്നതിലൂടെ 200 കോടി സമാഹിക്കരിക്കുമെന്ന് പ്രഖ്യാപിക്കപ്പെട്ടിരുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം കോരി മാറ്റാൻ കഴിയുന്ന എത്ര അളവ് മണൽ ഉണ്ടെന്നത് സംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങൾ എന്തെങ്കിലും നടത്തുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ജലാശയങ്ങളിൽ നിന്ന് ആകെ എത്ര അളവ് മണൽ വാരാൻ കഴിയും എന്നാണ് കണക്കാക്കിയിട്ടുള്ളത്; ഓരോ ജലാശയത്തിലും ഉള്ളതായി കണ്ടെത്തിയിട്ടുള്ള മണലിന്റെ അളവ് അറിയിക്കുമോ;

(ഡി) ഇപ്രകാരം മണൽ നീക്കം ചെയ്യുന്നതിന് ഏതൊക്കെ വകുപ്പുകളുടെ എന്തൊക്കെ അനുമതികളാണ് ആവശ്യമായി വരുന്നതെന്നും ഇതിൽ ഏതൊക്കെ അനുമതികളാണ് ഇതിനോടകം നേടിയിട്ടുള്ളതെന്നും അറിയിക്കാമോ;

(ഇ) മണൽ വാരുന്നത് സംസ്ഥാനത്തെ പരിസ്ഥിതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തും എന്നത് സംബന്ധിച്ച് പഠനങ്ങൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ എന്ന് വ്യക്താക്കാമോ?

## ഒറ്റപ്പാലം മണ്ണാർക്കാട് റോഡിലെ ഡ്രെയിനേജ് നിർമ്മാണം

3477 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം - മണ്ണാർക്കാട് റോഡിൽ ശ്രീകൃഷ്ണപുരം ഷെഡ്ഡുംകുന്ന് ബാപ്പുജി പാർക്ക് മുതൽ കരിമ്പുഴ പാലം വരെയുള്ള ഭാഗത്ത് ഡ്രെയിനേജും ഫുട്ട്പാത്തും ഒരുക്കുന്നതിന് അതിര് നിർണ്ണയിച്ച് കിട്ടുന്നതിനായി പൊതു മരാമത്ത് വകുപ്പിൽ നിന്നും ഒറ്റപ്പാലം ഭൂരേഖ തഹസിൽദാർക്ക് 08.02.2024, 29.04.2024, 10.06.2024 എന്നീ തീയതികളിലുള്ള കത്തുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് അതിന്മേൽ സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിലെ ഡിജിറ്റൽ സർവേ

3478 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളെ ഡിജിറ്റൽ സർവ്വേക്ക് തെരഞ്ഞെടുത്തിട്ടുണ്ടെന്നും അതിൽ പ്രസ്തുത സർവ്വേ പൂർത്തിയായ വില്ലേജുകൾ ഏതൊക്കെയാണെന്നും അറിയിക്കാമോ;

(ബി) വനാതിർത്തിയോട് ചേർന്ന കിടക്കുന്ന വില്ലേജുകളിൽ അടിയന്തിരമായി ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് മാനാഞ്ചിറ വെള്ളിമാട്കുന്ന് റോഡിന് ഭൂമി ഏറ്റെടുക്കൽ

3479 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കാൻ ബാക്കിയുള്ളതെന്ന് അറിയിക്കാമോ;

(ബി) ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായി വിതരണം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട്; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കൽ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

## ചാവക്കാട് ബീച്ച് വികസനവുമായി ബന്ധപ്പെട്ട സർവേ

3480 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ബീച്ച് വികസനവുമായി ബന്ധപ്പെട്ട് ബീച്ചിൽ കടൽ ഉൾവലിഞ്ഞ സ്ഥലവും കടൽ പുറമ്പോക്കും സർവേ ചെയ്യുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമികളിലെ അനധികൃത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ

3481 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഭൂമി തരം മാറ്റുന്നതിന് എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; അതിൽ തീർപ്പാക്കിയ അപേക്ഷകൾ എത്രയാണ്; വില്ലേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച പരിഹാര നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ ഡിജിറ്റൽ സർവേ

3482 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ ഡിജിറ്റൽ സർവേയ്ക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അനുമതി ലഭിച്ച വില്ലേജുകളിൽ സർവേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം വില്ലേജിൽ ഡിജിറ്റൽ സർവേയ്ക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ സർവേ നടപടികൾ ഇതിനകം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## തളിപ്പറമ്പ് മണ്ഡലത്തിലെ സർവേ നടപടികൾ

3483 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ റോഡ്, പാലം എന്നിവയുടെ സർവേ നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പൊറുക്കള-ബാവുപ്പറമ്പ എയർപോർട്ട് ലിങ്ക് റോഡിന്റെ സർവേ നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) മണ്ഡലത്തിലെ കൊടിലേരി പാലത്തിന്റെ സർവേ നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ഡി) സർവേ നടപടികളിൽ ഉണ്ടാകുന്ന കാലതാമസം കാരണം വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കാമോ?

## ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

3484 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസിൽ തീർപ്പാക്കാനുള്ള ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

## തൃശ്ശൂർ ജില്ലയിലെ റീസർവേ നടപടികൾ

3485 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഡിജിറ്റൽ റീസർവേ പ്രവർത്തനങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടികൾ ഇതുവരെ പൂർത്തീകരിച്ചു;

(സി) തൃശ്ശൂർ ജില്ലയിൽ റീസർവേ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ;

(ഡി) മണലൂർ മണ്ഡലത്തിലെ റീസർവേ നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

## അരൂർ മണ്ഡലത്തിലെ റീ സർവേ

3486 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീ സർവേ നടപടി പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) റീസർവേ നടപടി പൂർത്തീകരിച്ച വില്ലേജുകളിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) പെരുമ്പളം പഞ്ചായത്തിൽ റീ സർവേയുമായി ബന്ധപ്പെട്ട് ശ്രീ.ഷൈജു, പുളിക്കിച്ചിറ, പെരുമ്പളം സമർപ്പിച്ച പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**കണ്ണൂർ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജീവനകാര്യം**

3487 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ റീസർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ മുഹമ്മദ് കുഞ്ഞി അപകടത്തിൽപ്പെട്ട് ശരീരം തളർന്ന് കിടപ്പിലായതിനാൽ ആർ.പി.ഡബ്ല്യു.ഡി.ആക്ട് 2016-ലെ സെക്ഷൻ 20(4) അനുസരിച്ച് അനുയോജ്യമായ നിയമനം ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അംഗപരിമിതരായ സഹോദരിമാർ ഉൾപ്പെടുന്ന കുടുംബത്തിലുള്ള ബധിരനും മൂകനും ആയ പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഭൂമി തരംമാറ്റാനുള്ള അപേക്ഷയിന്മേലുള്ള തുടർനടപടി**

3488 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് ശ്രീമതി ജയശ്രീ കെ, ശ്രീലയം ഹൗസ്, വടകര താലൂക്ക്, കോഴിക്കോട് ജില്ല സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ തീർപ്പു കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കായംകുളം മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ**

3489 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം നാളിതുവരെ റവന്യൂ വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾക്കായി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ?

**ഭവന നിർമ്മാണ ബോർഡിലെ ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തിക**

3490 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ ആസ്ഥാന ഓഫീസ് ഉൾപ്പെടെ വിവിധ ഓഫീസുകളിലായി ടൈപ്പിസ്റ്റ് ഗ്രേഡ് -2 തസ്തികയിൽ എത്ര അംഗീകൃത തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ ഓഫീസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് ഓരോ ഓഫീസുകളും എണ്ണവും തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ബോർഡ് യോഗ തീരുമാനങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഈ തസ്തികയിലെ ഒഴിവുകൾ അവസാനമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്നും എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തതെന്നും അറിയിക്കുമോ;

(ഇ) ഈ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

## ഹൗസിംഗ് ബോർഡിൽ ടൈപ്പിസ്റ്റ് തസ്തികകളുടെ ഒഴിവുകൾ

3491 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹൗസിംഗ് ബോർഡിൽ ടൈപ്പിസ്റ്റിന്റെ എത്ര അംഗീകൃത തസ്തികകളാണ് ഉള്ളതെന്ന് അറിയിക്കാമോ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര പേരാണ് ദിവസവേതനം, അന്യത്ര സേവനം, കരാർ നിയമനം എന്നിവ പ്രകാരം ജോലി ചെയ്യുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

## കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ആശ്വാസ് വാടക വീട് പദ്ധതി

3492 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും മിതമായ നിരക്കിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

## തന്റെയിടം പദ്ധതി

3493 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തന്റെയിടം പദ്ധതിയുടെ വിശദാംശം നൽകാമോ; പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും 2022-23, 2023-24 എന്നീ കാലയളവുകളിൽ എത്ര ഭവനങ്ങൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) പോക്സോ കേസുകളിലെ അതിജീവിതർക്ക് പ്രസ്തുത പദ്ധതിയിൽ മുൻഗണന നൽകുമെന്ന് അറിയിച്ചതിൻ പ്രകാരം ഇതിന്റെ ഗുണങ്ങൾ ലഭിച്ചവരുടെ വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

## കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതിയും അധിക നികുതിയും

3494 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടങ്ങളുടെ ഒറ്റത്തവണ നികുതി ഈടാക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഒറ്റത്തവണ നികുതി ഈടാക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ വിശദവിവരം ലഭ്യമാക്കാമോ;

(സി) എത്ര ചതുരശ്ര അടിക്ക് മുകളിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കാണ് അധിക നികുതി ഏർപ്പെടുത്തുന്നതെന്ന വിവരം ലഭ്യമാക്കാമോ;

(ഡി) കെട്ടിടങ്ങളിൽ നിന്ന് അധിക നികുതി ഈടാക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ഇ) അധിക നികുതി സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കാമോ?

## രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാൻ നടപടി

3495 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി കാർഷിക ഗ്രാമ വികസന ബാങ്ക് വായ്പ നൽകി ബോട്ട് ഇൻ ലാൻഡ് ആയി മാറിയ ഭൂമി റീ രജിസ്ട്രേഷൻ നടത്തുന്നതിന് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുവാനായി കാക്കാടംപൊയിൽ ശ്രീ. കെ. വി. ജോൺ എന്നയാളുടെ അപേക്ഷ ലഭ്യമായിട്ടുണ്ടോ; എങ്കിൽ അപേക്ഷയുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി

3496 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## സ്റ്റാമ്പ് ഡ്യൂട്ടി - രജിസ്ട്രേഷൻ ഇനങ്ങളിലെ വരുമാന വർദ്ധനവ്

3497 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ന്യായവില വർദ്ധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ എന്തു വരുമാനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ പ്രസ്തുത ഇനങ്ങളിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരുന്ന തുക എത്രയാണെന്നു വ്യക്തമാക്കുമോ;

(സി) ഭൂമിയുടെ ന്യായവില ഇരുപതു ശതമാനം വർദ്ധിപ്പിച്ചതിന് ആനുപാതികമായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?

## 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ടിന്റെ ഭേദഗതി

3498 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1932-ലെ ഇന്ത്യൻ പാർട്ട്ണർഷിപ്പ് ആക്ടിലെ വകുപ്പ് 58 (3) ൽ പ്രതിപാദിച്ചിട്ടുള്ള കിംഗ്, ക്യൂൻ, റോയൽ തുടങ്ങിയ നാമങ്ങൾ ഒരു പാർട്ട്ണർഷിപ്പ് ഫേമിന്റെ പേരിന്റെ ഭാഗമാക്കുകയാണെങ്കിൽ അത്തരം സ്ഥാപനങ്ങളുടെ പാർട്ട്ണർഷിപ്പ് രജിസ്ട്രേഷൻ നടത്തുവാൻ നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത ആക്ടിലെ വകുപ്പ് കാലാനുസൃതമായ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## രജിസ്ട്രേഷൻ നടപടികളിലെ സുതാര്യത

3499 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വസ്തുവിന്റെ എല്ലുക, തേട്ടക്രമം, പണത്തിന്റെ സ്രോതസ്സ് തുടങ്ങിയവ രേഖപ്പെടുത്തേണ്ടതില്ലാത്ത ഫോറം സമ്പ്രദായം (ടെംപ്ലേറ്റ്), ആധാരമെഴുത്തിൽ വരുന്ന തിരുത്തലുകൾ രേഖപ്പെടുത്തുന്ന ഫയലിംഗ് ഷീറ്റ് ഒഴിവാക്കൽ എന്നിവ പുതിയ രജിസ്ട്രേഷൻ സംവിധാനത്തിൽ ക്രമക്കേടിന് വഴിവെക്കുമെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടിക്രമങ്ങളിൽ സുതാര്യതയും ആധാരമെഴുത്ത് മേഖലയിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനുമായി പരമ്പരാഗത രീതി തുടരുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## രജിസ്ട്രേഷൻ നടപടികളുടെ ലളിതവൽക്കരണം

3500 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ പ്രക്രിയ കൂടുതൽ ലളിതമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം

3501 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിലെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) 1908-ലെ രജിസ്ട്രേഷൻ ആക്റ്റ് ഭേദഗതി ചെയ്യുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതു കൊണ്ട് എന്തെല്ലാം മാറ്റങ്ങളാണ് രജിസ്ട്രേഷൻ നടപടിക്രമങ്ങളിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ്

3502 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം മുഴുവൻ സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് നടപ്പാക്കുമെന്ന പ്രഖ്യാപനപ്രകാരം നിലവിൽ ഒരു ലക്ഷം രൂപയിൽ താഴെയുള്ള ഇ-സ്റ്റാമ്പ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) രജിസ്ട്രേഷൻ ആവശ്യത്തിനല്ലാതെ ഒരു ലക്ഷത്തിന് മുകളിലുള്ള സ്റ്റാമ്പ് ഡ്യൂട്ടി നിലവിൽ ഇ-സ്റ്റാമ്പ് മുഖേന മാത്രമേ ഒടുക്കാൻ വ്യവസ്ഥയുള്ളുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഒരു തവണ ഡൗൺലോഡ് ചെയ്ത ഇ-സ്റ്റാമ്പിന്റെ എത്ര പ്രിന്റ് വേണമെങ്കിലും എടുക്കാൻ കഴിയുമെന്നതിനാൽ അത് ദുരുപയോഗം ചെയ്യാനുള്ള സാധ്യത നിലവിലുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കുമോ;

(ഡി) കോടതിയിൽ നിന്നുള്ള വിൽപ്പന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഇ-സ്റ്റാമ്പ് എടുക്കാൻ ഇതുമൂലം ബുദ്ധിമുട്ടുണ്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## ആധാരങ്ങൾ വ്യക്തികൾ സ്വയം തയ്യാറാക്കാൻ അനുമതി

3503 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ വ്യക്തികൾക്ക് സ്വയം തയ്യാറാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) പ്രസ്തുത സംവിധാനം പൊതുജനങ്ങൾ ഉപയോഗിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇതു ആർക്കെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ;

എങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ഡി) പ്രസ്തുത സംവിധാനം സംബന്ധിച്ച് വ്യാപക പ്രചരണം നൽകുവാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കാമോ?

**തിരുവള്ളൂർ, വില്യാപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകളുടെ പുതിയ കെട്ടിടം**

3504 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ തിരുവള്ളൂർ, വില്യാപ്പള്ളി സബ് രജിസ്ട്രാർ ഓഫീസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് നിർമ്മാണം**

3505 **ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്ത് വകുപ്പിൽ നിന്നും ഭൂമി അനുവദിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രോപ്പസൽ അനുവദിക്കുന്നതിന് നിലവിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിടം നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കാനും ഫണ്ട് അനുവദിക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ?

**പേരാമ്പ്ര സബ് രജിസ്ട്രാർ ആഫീസിന്റെ പഴയ കെട്ടിടം**

3506 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിലെ സബ് രജിസ്ട്രാർ ആഫീസിന്റെ പഴയ കെട്ടിടം താൽക്കാലികമായി പേരാമ്പ്ര കോടതിയ്ക്ക് ലഭ്യമാക്കണമെന്ന അപേക്ഷ കോടതിയിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

**കൊല്ലം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിലെ ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തിക**

3507 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിൽ അനുവദനീയമായ എത്ര ക്ലാർക്ക്-ടൈപ്പിസ്റ്റ് തസ്തികയാണുള്ളതെന്നും നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഈ തസ്തികയിൽ ദിവസ വേതനം, കരാർ, വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## രജിസ്ട്രേഷൻ വകുപ്പിലെ പൊതു സ്ഥലംമാറ്റം

3508 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡം എന്തെന്ന് വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിൽ മാനുവൽ സ്ഥലമാറ്റ അപേക്ഷ നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(സി) ഈ വർഷം ജനറൽ ട്രാൻസ്ഫർ അപേക്ഷ പ്രകാരം സ്ഥലമാറ്റം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയത്തിൽ മൂന്ന് വർഷത്തിൽ കൂടുതലായി സേവനം അനുഷ്ഠിക്കുന്നവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) സർക്കാർ സർക്കുലറുകൾക്ക് വിരുദ്ധമായി ജീവനക്കാരെ 3 മുതൽ 20 വർഷം വരെയുള്ള കാലയളവ് ഒരു ഓഫീസിൽ തന്നെ നിലനിറുത്തുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

## രജിസ്ട്രേഷൻ വകുപ്പിനെക്കുറിച്ചുള്ള പഠന റിപ്പോർട്ട്

3509 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര(എ.ആർ.3) വകുപ്പ് 2023ൽ രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ പഠന റിപ്പോർട്ടിന്മേലുള്ള ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) 01.06.2024 ൽ രജിസ്ട്രേഷൻ ഐ.ജി.യുടെ ഓഫീസിൽ ഒരു മാസത്തിലധികമായി തീർപ്പാക്കാതെ കിടപ്പുള്ള കുടിശ്ശിക ഫയലുകളുടെ എണ്ണവും തൽസ്ഥിതി വിവര കണക്കും ലഭ്യമാക്കാമോ?

## രജിസ്ട്രേഷൻ ഓഫീസുകളിലെ അപേക്ഷകൾ

3510 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഓഫീസുകളിൽ ഏതൊക്കെ അപേക്ഷകളാണ് ഓൺലൈനായും മാനുവലായും നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ അപേക്ഷകൾക്കുമൊപ്പം നൽകേണ്ട രേഖകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഓരോ അപേക്ഷകളും തീർപ്പുകൽപ്പിക്കുന്നതിന് സമയപരിധി ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## തിരൂർ ഹജൂർ കച്ചേരിയുടെ നവീകരണം

3511 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ ഹജ്ജൂർ കച്ചേരിയുടെ രണ്ടാം ഘട്ട നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) ഒന്നാം ഘട്ടം നവീകരണത്തിനു ശേഷം സന്ദർശകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തി**

3512 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിൽ നടന്നുവരുന്ന സംരക്ഷണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) മ്യൂസിയം പ്രവർത്തനം പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**കാട്ടാക്കട മണ്ഡലത്തിലെ അരുവിക്കര ശ്രീ ധർമ്മശാസ്താ ക്ഷേത്രസംരക്ഷണം**

3513 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കര ശ്രീ ധർമ്മശാസ്താ ക്ഷേത്രം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

**പിറവം മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ പദ്ധതികൾ**

3514 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സ്മാരകങ്ങളെ സംബന്ധിച്ചുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ പുരാവസ്തു വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് ഈ സർക്കാർ വന്ന ശേഷം ഫണ്ട് അനുവദിച്ചു നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) തൃപ്പൂണിത്തുറ ഹിൽപാലസിന്റെ നവീകരണത്തിനായി ഈ സർക്കാർ വന്നശേഷം എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

**ശക്തൻ തമ്പുരാന്റെ ജന്മഗൃഹം**

3515 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ കിഴക്കുംഭാഗം വില്ലേജിൽ സ്ഥിതി ചെയ്യുന്ന ശക്തൻ തമ്പുരാന്റെ ജന്മഗൃഹം സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംരക്ഷിത സ്മാരകം നശിപ്പിക്കുന്നതിന് ഈയിടെ ഉണ്ടായ ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വലിയ തമ്പുരാൻ കോവിലകം സംരക്ഷിത സ്മാരകമായി ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ എന്നും വ്യക്തമാക്കാമോ?

<u>**കോഴിക്കോട് കോർപ്പറേഷനിലെ പൈതൃക പദ്ധതി**</u>

3516 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷന്റെ പഴയകെട്ടിടം പൈതൃക പദ്ധതിയിൽ ഉൾപ്പെടുത്തി ബലപ്പെടുത്തുന്നതിനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടം മ്യൂസിയം ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
19-06-2024

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].